KNANAYADEEPAM

# ക്നാനായ ദീപം

SINCE 1989

Vol: 28 / Issue: 4 FEBRUARY 2018 ₹ :10/-



# 1st Death Anniversary

20–02–2018



## റവ. ഫാ. എൻ. സി. മാത്യൂസ്

### കൊന്നയ്ക്കൽ, തുരുത്തിക്കാട്

**ആചാര്യേശ മ്ശിഹ കൂദാശകളർപ്പിച്ചോ**
**രീയാചാര്യനേകുകപുണ്യംനാഥാസ്തോത്രം**

**Inserted by St. Peters Knanaya Church, Kuwait**

Advt - O

# ക്നാനായദീപം

SINCE 1989

2018 ഫെബ്രുവരി പുസ്തകം 29 ലക്കം 2

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം



**Chief Patron**
**H.E. Mor Severios Kuriakose**
Chief Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**

**Chief Editor**
**V. Rev. Roy Mathew Mulamoottil**

**Managing Editor**
**Fr. John Mathew Moolamkulam**

**Members**
Abraham Kallissery
Abraham K. Mathew Kdaithara
K. T. Abraham Kariyil
Jose A.T. Amakkattu
Jinto K. Abraham Minerva

**Press Manager**
**Rev. Fr. Jiby Joseph**

**Press Managing Committee**
Arun T. C., Thakidiyil
Juby K. Jacob Kollamparambil
Thomaskutty A. Kurian Aphisil
Manish Joy Ozhukuthara
Jacob Kuruvilla Anakkattu
Mathew Kuruvilla Puthiyaparambil

**Ex-officio Members**
Commander T. O. Elias
(Lay Trustee)
Prof. Abraham Punnoose
(Samudaya Secretary)

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com



**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
Phone: 0481-2430176
Mob. 7034400176
E-mail:
**kna.deepam@gmail.com**


**Visit www.knanayadeepam.com**

## ഉള്ളടക്കം


**എഡിറ്റോറിയൽ** 04

**വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം** 05

**ബൈബിൾ : ഒരു ആമുഖ പഠനം** 06
ഫാ. ജിനു കുരുവിള

**മലങ്കരസഭ** 08
പ്രൊഫ. പി. കെ. സ്കറിയ

**മാതാക്കളെ നിങ്ങൾ കരഞ്ഞിടുവിൻ** 10
ജയ്നമ്മ മർക്കോസ്

**സൺഡേസ്കൂൾ അദ്ധ്യാപനം-ഒരു Thankless Job...?** 15
ഏബ്രഹാം കല്ലിശ്ശേരി

**നോമ്പാചരണവും വ്രതാനുഷ്ഠാനവും** 16
ടോമി കുറിച്ചി

**മരിച്ചവർക്കുവേണ്ടി സ്നാനം** 17
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

**വിദ്യാധനം സർവ്വധനാൽ പ്രധാനം** 18
പ്രൊഫ. ടോണി മാത്യു

**ഇ-ലോകത്ത് മനുഷ്യൻ നേരിടുന്ന വെല്ലുവിളികൾ** 20
അനൂബ് ജോൺ

**ആരുടേതെങ്കിലുമാകട്ടെ വാക്കുകൾ** 21
റ്റി. കെ. തോമസ്

**കാല്പാടുകൾ** 22
എബി

**വചനാമൃതം** 23
ഫാ. റോയി മാത്യു കോർ എപ്പിസ്ക്കോപ്പാ

**കർത്താവിന്റെ മലർവാടി** 26

**കുടുംബചിന്തകൾ** 35
ഫാ. എ. പി. ജേക്കബ് ആഞ്ഞിലിമൂട്ടിൽ


**ക്നാനായദീപം വരിസംഖ്യ കുടിശിഖയുള്ളവർ ക്നാനായ ദീപം ഓഫീസിൽ എത്തിക്കണം**

**മാസികയിൽ പ്രസിദ്ധീകരിക്കുവാനുള്ളവ തലേമാസം 25 ന് മുമ്പായി ക്നാനായദീപം ഓഫീസിൽ എത്തിക്കണം.**

# editorial

എഡിറ്റോറിയൽ

# "ആണ്ടുകൾ കഴിയും മുമ്പെ"

കാലത്തിന്റെ ചുവരെഴുത്തുകൾ നിത്യതയുടെ വെളിച്ചത്തിൽ വായിക്കുന്നതിനു പ്രാപ്തരായിരുന്നു പ്രവാചകന്മാർ. ബത്ശസ്സറിന്റെ വിരുന്നു ശാലയുടെ ചുവരിൽ തെളിഞ്ഞ എഴുത്തു വ്യാഖ്യാനിച്ച ദാനിയേൽ മാത്രമല്ല. യിസ്രായേൽ ജനത്തിന്റെ ജീവിതത്തിൽ തെളിഞ്ഞ എഴുത്തു വ്യാഖ്യാനിച്ച ഹബക്കൂക്ക് പ്രവാചകന്റെ ഹൃദയം വിങ്ങിപ്പൊട്ടിയപ്പോൾ ഉരുവിട്ട ഒരു പ്രാർത്ഥനയിൽനിന്ന് എടുത്തതാണ് ഈ ശീർഷകത്തിൽ ഉദ്ധരിച്ചിരിക്കുന്ന വാക്കുകൾ.

ഈ യുഗം തീരുന്നതിന്റെ വ്യക്തമായ ലക്ഷണങ്ങൾ കണ്ടു തുടങ്ങിയിരിക്കുന്നു. യഹൂദൻ, ജാതി, സഭ എന്ന മൂന്നു ജന വിഭാഗങ്ങളിലും അത് പ്രതിഫലിച്ചുകൊണ്ടിരിക്കുന്നു. ഒരിക്കൽ ദൈവ പ്രമാണം നേടി അന്നത്തെ ദൈവ സഭയായി തെരെഞ്ഞെടുക്കപ്പെട്ട യഹൂദ ജാതി ഇന്ന് വെറും ഒരു രാഷ്ട്ര ശക്തിയായി- ഒരു മാതിരി മതമായി അവശേഷിക്കുന്നു. യഹൂദനെക്കുറിച്ചുള്ള പ്രവചന നിവർത്തികളെല്ലാം വ്യക്തമായി സംഭവിച്ചുകൊണ്ടിരിക്കുന്നു.

ജാതി ജാതിയോട് എതിർക്കുന്നു. വിഗ്രഹാരാധന നിമിഷം പ്രതിപെരുകുന്നു. ജാതികൾ കലഹിക്കുന്നു. ലോക സംഭവങ്ങളുടെ മുമ്പിൽ അവർ പരിഭ്രമിക്കുന്നു. സത്യത്തിലേക്കു വരാൻ മനസ്സില്ലാതെ തങ്ങളുടെ വ്യർത്ഥബുദ്ധി അനുസരിച്ച് നടക്കുന്നു. സത്യത്തിൽ നിന്നു വ്യതി ചലിച്ചുള്ള വിഗ്രഹാരാധനയും ആരാധനാ സമ്പ്രദായങ്ങളും സാത്താന് മഹത്വം കൊടുക്കുന്ന ഒരനുഭവമാണ്. അങ്ങനെ ജാതികളിലും പ്രവചന നിവൃത്തി വെളിപ്പെട്ടു നിൽക്കുന്നു.

മേൽ പറഞ്ഞ രണ്ട് അടയാളങ്ങളേക്കാളും വേദനാജനകവും ഗണനീയവുമായ മറ്റൊന്നാണ് വിശ്വാസികളുടെ ഇടയിലെ വിശ്വാസ ത്യാഗം. ദൈവമുണ്ട് എന്ന ദൃഢവിശ്വാസവും ദൈവാശ്രയം എന്ന വിശ്വാസവും സഭയിൽനിന്നും കുറഞ്ഞുവരുന്നതായി കാണുന്നു. ഇന്ന് ക്രിസ്തീയ ഗോളത്തിന് പറ്റിയിരിക്കുന്ന കേട് ചില്ലറയല്ല. സത്യവചനം പ്രസംഗിക്കുന്ന പഴയ ഉപദേശിമാരുടെ സ്ഥാനത്ത് ഭാഷകളും ശാസ്ത്രങ്ങളും പഠിച്ച പണ്ഡിതന്മാരാണ് ഇന്ന് നിലകൊള്ളുന്നത്. പലതിനും ദൈവവിശ്വാസമില്ല. കുരിശും മാലയും മസ്നപ്സയും ഒക്കെ അണിയുമ്പോൾ തന്നെ അതു ബഹുമതിക്കായിട്ടെന്നല്ലാതെ ക്രൂശിന്റെ കഷ്ടാനുഭവം പേറാനുള്ള താല്പര്യം കൊണ്ടല്ല. ദൈവ ഭക്തന്മാർ പറയുന്നത് കേൾക്കുന്നതിനേക്കാളും പണ്ഡിതന്മാർ അഭിപ്രായങ്ങൾ പറയുന്നതാണ് സ്വീകാര്യം. പാപത്തെ കാണുവാൻപോലും ഇഷ്ടമില്ലാത്ത ദൈവത്തിന്റെ നാമത്തിൽ ശമ്പളം പറ്റിക്കൊണ്ട് അനീതിയെ ന്യായീകരിക്കുകയും കലഹങ്ങൾ ഉണ്ടാക്കുകയും കക്ഷികൾ ക്രമീകരിക്കുകയും ഗർഭഛിദ്രം, സ്വയഭോഗം, സ്വവർഗ്ഗഭോഗം, ബഹുഭാര്യത്തം, പുനർവിവാഹം തുടങ്ങിയവ പാപമല്ല മനുഷ്യന്റെ ആവശ്യമാണ് എന്ന് ലജ്ജകൂടാതെ പറഞ്ഞ് അവയെ കൂദാശകളാക്കി മാറ്റി പണം സമ്പാദിക്കുന്ന ചിന്താഗതി എക്യുമനിക്കൽ വൃത്തത്തിനുള്ളിൽ വർദ്ധിച്ചു വരികയാണ്. യാഗവും പാപവും ഒന്നിച്ച് സമാഗമന കൂടാരത്തിൽ സമന്വയിപ്പിക്കുന്ന ഈ ഏലി പുത്രന്മാരെ ദൈവം സന്ദർശിക്കുന്ന കാലം അധികം അകലെയല്ല.

ക്രിസ്തുവിൽ പത്രങ്ങളായി ദൈവത്തിനു സൗരഭ്യ വാസനയായി ലോകത്തിൽ ജ്യോതിസുകളെപ്പോലെ പ്രകാശിപ്പാനായി വിളിച്ചു വേർതിരിക്കപ്പെട്ട മണവാട്ടി സഭയുടെ പിന്തുടർച്ചക്കാരായ നമ്മുടെ ജീവിത നിലവാരം ഹബക്കൂക്ക് ദർശിച്ചതിന് ഏതാണ്ട് തുല്യമായിരിക്കുന്നു. ആചാരക്രമങ്ങൾക്കും, ആരാധനാരീതികൾക്കും സ്ഥലങ്ങൾക്കും വ്യത്യാസമുണ്ട്. ജീവിത നിലവാരത്തിൽ ശ്രദ്ധേയമായ വ്യത്യാസം പ്രകടമാകുന്നില്ല. പെരുമാറ്റം കൊണ്ടല്ല പേരുകൊണ്ട് വ്യത്യാസം മനസ്സിലാക്കേണ്ട സ്ഥിതിയാണിപ്പോൾ. യേശുവിനെ കർത്താവ് എന്ന് വായ്കൊണ്ട് സാക്ഷിക്കുന്നുണ്ട്. ജീവിതത്തിൽ തന്റെ കർത്തൃത്വം സാക്ഷാത്കരിക്കപ്പെടുന്നില്ല. ആരാധനയിൽ യേശുവിന്റെ സ്വഭാവത്തോട് അനുരൂപപ്പെടുന്നില്ല. ദൈവത്തിനുവേണ്ടി വളരെ പ്രവർത്തിക്കുന്നുണ്ട്. ദൈവം കൂടെ പ്രവർത്തിക്കുന്നുണ്ടോ എന്നുള്ള സംശയം ബാക്കിനിൽക്കുന്നു. **ഒരൊറ്റ വ്യക്തിപോലും രക്ഷയുടെ സങ്കേത പട്ടണത്തിൽ പ്രവേശിക്കാതെ എത്രയെത്ര കൺവൻഷനുകൾ സമാപിക്കുന്നു.** നമ്മുടെ പ്രവർത്തികളുടെ ദോഷം നിമിത്തം എത്രയോ ആളുകൾ സഭയിൽനിന്നു വിട്ടു പോകുന്നു. "യഹോവേ ആണ്ടുകൾ കഴിയും മുമ്പേ നിന്റെ പ്രവർത്തിയെ ജീവിപ്പിക്കണമെ അതിനെ വെളിപ്പെടുത്തണമേ" എന്ന് നമുക്ക് പ്രാർത്ഥിക്കാം. അങ്ങനെ പ്രാർത്ഥിക്കുന്ന വ്യക്തിക്ക് ഹബക്കുക്ക് പ്രത്യാശയോടെ ദൂത് പങ്കിടുന്നു. പൊതു സഭയെ എളുപ്പത്തിൽ ഉണർത്തുവാൻ കഴിഞ്ഞെന്നു വരികയില്ല. സാഹചര്യങ്ങൾ ക്ഷണത്തിൽ വ്യത്യാസപ്പെടുകയില്ലായിരിക്കും എന്നാൽ പ്രിയ വായനക്കാരാ നിങ്ങൾക്ക് ഇത് നിഷ്പ്രയാസം സാദ്ധ്യമാണ്. വ്യക്തിപരമായ ഉണർവ്വ്." നമ്മുടെ അവസ്ഥകൾക്ക് മാറ്റം വരും ഈ സന്ദേശത്തിലൂടെ ദൈവം നിങ്ങളുടെ ഹൃദയത്തോട് വ്യക്തിപരമായി ഇടപെട്ടു എങ്കിൽ വചനം വിശ്വാസമായി പരിണമിക്കുവാൻ, അനുസരണത്തിൽ പ്രകടമാക്കുവാൻ സമയം എടുക്കുക. ഈ പുതുവർഷത്തിൽ ഉന്നതികളിന്മേൽ നടകൊള്ളുവാൻ ദൈവം നമ്മേ സഹായിക്കട്ടെ.

എന്ന് സ്നേഹപൂർവ്വം

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# വലിയ മെത്രാപ്പോലീത്തായുടെ സന്ദേശം

നടപ്പുവർഷം ഫെബ്രുവരി 12 ന് വലിയ നോ മ്പാരംഭിച്ചു. അതിനു മുന്നോടിയായി ജനുവരി 22 മുതൽ മൂന്നു നോമ്പും, മൂന്നു നോമ്പിനു ശേഷമുള്ള രണ്ടു ഞായറാഴ്ചകളിൽ ആദ്യ ഞായർ സഭയിലെ വാങ്ങിപ്പോയ സകല മേല്പട്ടക്കാരെയും പട്ടക്കാരെയും, രണ്ടാം ഞായർ നാം ദൈവത്തിന്റെ മക്കളായി തീരുവാൻ നമ്മെ പഠിപ്പിച്ച് നമ്മിൽ നിന്നു വാങ്ങിപ്പോയ മാതാപിതാക്കളെയും സഹോദരീ സഹോദരങ്ങളെയും അനുസ്മരിച്ചു പ്രാർത്ഥിച്ചു ധൂപാർപ്പണം നടത്തുകയും ചെയ്തു. ഇതിൽ മൂന്നു നോമ്പാകട്ടെ ഇത്തരുണത്തിൽ നമ്മുടെ ചിന്താവിഷയം.

നമ്മുടെ കർത്താവിൽനിന്നും ഒരടയാളം ആവശ്യപ്പെടുന്ന ശാസ്ത്രിമാരോടും പരീശന്മാരോടും കർത്താവ് പറയുന്നത് "കോട്ടവും വ്യഭിചാരവുമുള്ള തലമുറയാണ് അടയാളം അന്വേഷിക്കുന്നത്. യോനാ പ്രവാചകന്റെ അടയാളമില്ലാതെ അതിനു മറ്റൊരു അടയാളം ലഭിക്കുകയില്ല. യോനാ കടലാനയുടെ വയറ്റിൽമൂന്നു രാവും മൂന്നു പകലും ഇരുന്നതുപോലെ മനുഷ്യപുത്രൻ മൂന്നു രാവും മൂന്നു പകലും ഭൂമിയുടെ ഉള്ളിൽ ഇരിക്കും എന്നത്രേ. (മത്താ.12:38-40) ദൈവത്തിന്റെ പുത്രനായ മശിഹ തമ്പുരാൻ അംഗീകരിക്കുന്ന സത്യമാണിത്.

മത്സ്യത്തിന്റെ വയറ്റിലായ യോന പ്രവാചകനെ ഗോഗുൽത്തായുടെ ഉയരങ്ങളിൽ,ബലിയായിത്തീർന്ന്, മരിച്ചു അടക്കപ്പെട്ടു, പാതാളത്തിലേക്കിറങ്ങി, മരിച്ചവരോടു സുവിശേഷം അറിയിച്ച് മൂന്നാം ദിവസം ഉയിർത്തെഴുന്നേറ്റ തന്നോടു തന്നെയാണു ഉപമിച്ചിരിക്കുന്നത്. (1 പത്രോ.4:6) മരിച്ചവർ മൗനതയിലല്ലാ; പിന്നയോ ദൈവശബ്ദം കേട്ടു പ്രതികരിക്കാൻ പ്രാപ്തരാണ്. മരിച്ച് മൗനതയിലിരിക്കുന്നവരെയും കർത്തൃ ശരീരം ഭക്ഷിച്ച് നിത്യജീവന് ഓഹരിക്കാരായിത്തീർന്ന നമ്മെയും വ്യത്യസ്ഥ നിലയിലാണ് രാജാവും പുരോഹിതനും പ്രവാചകനുമായ ദാവീദ് പ്രതിഷ്ഠിച്ചിരിക്കുന്നത്. (സങ്കി.115:17-18).

ദൈവ നിർദ്ദേശമനുസരിച്ച് നിനവയ്ക്കു പോകേണ്ടവൻ മറ്റൊരു ദിശയിലുള്ള തർശ്ശിലേക്കു പോകാൻ കപ്പലിലേക്കും അതിന്റെ അടിത്തട്ടിലേക്കും, അവിടെനിന്നു കടലിലേക്കും, മത്സ്യത്തിന്റെ വയറ്റിലേക്കുമുള്ള പ്രവാചകന്റെ പ്രയാണം നിരാശാ ജനകമാണ്. മത്സ്യത്തിന്റെ വയറ്റിലകപ്പെട്ടവൻ ദൈവത്തെ മുറുകെപ്പിടിക്കുന്നു. തന്റെ കഷ്ടത നിമിത്തം ദൈവത്തോടു പ്രാർത്ഥിക്കുന്നു. ആ നിലവിളി ദൈവം കേട്ടു എന്നവൻ ഉറപ്പു വരുത്തുന്നു. (യോന.2:2) യോനായെ രക്ഷിപ്പാൻ ദൈവം മത്സ്യത്തിന്റെ വയറ്റിൽ പ്രവർത്തിച്ച അത്ഭുതങ്ങൾ ചിന്തനീയമാണ്. ഒരു ജീവിയുടെ വയറ്റിലകപ്പെടുന്ന മറ്റൊരു ജീവി, വിഴുങ്ങിയ ജീവിയുടെ അഗ്നേയ ഗ്രന്ഥിയിൽനിന്നു പുറപ്പെടുന്ന ദഹന രസത്തിൽ ദഹിച്ചു പോകണം. മൂന്നു രാവും മൂന്നു പകലും കടലാനയുടെ വയറ്റിൽ കഴിഞ്ഞ യോനാ ദഹിച്ചു പോകാതെ രക്ഷപെട്ടു എങ്കിൽ തന്നെ വിളിച്ചപേക്ഷിക്കുന്നവരെ കർത്താവ് ഉപേക്ഷിക്കില്ല എന്ന് ഇതിൽനിന്ന് വ്യക്തമാണല്ലോ. പ്രാണവായു (oxygen) കൂടാതെ മനുഷ്യന് അധിക സമയം ജീവിപ്പാൻ സാധിക്കയില്ല എന്നിരിക്കെ മൂന്നു രാവും മൂന്നു പകലും യോനാ മത്സ്യത്തിന്റെ വയറ്റിൽ കഴിഞ്ഞത് അത്ഭുതം തന്നെ. "കടൽപുല്ല്" എന്റെ തലപ്പാവയിരുന്നു എന്നത്രേ യോനാ തന്റെ പ്രാർത്ഥനയിൽ പരാമർശിക്കുന്നത്. (യോനാ 2:5) മത്സ്യം യോനായെ വിഴുങ്ങുമ്പോൾ ധാരാളം കടൽപുല്ലും യോനായോടൊപ്പം മത്സ്യത്തിന്റെ വയറ്റിൽ പ്രവേശിച്ചിരിക്കണം.



ദൈവ നിർദ്ദേശപ്രകാരം നിനവേ നിവാസികളോടു പട്ടണത്തിന്റെ നാശത്തേക്കുറിച്ച് യോന പ്രസംഗിച്ചു. വ്യക്തികളെയും സമൂഹത്തെയും രൂപാന്തരപ്പെടുത്തുവാൻ അവന്റെ പ്രസംഗത്തിനു സാധിച്ചു. നിനവേക്കാർ ദുർമാർഗ്ഗം വിട്ടു തിരിഞ്ഞു. ഈ സത്യം നിനവേ നിവാസികളുടെ ജീവിത ശൈലിയിൽനിന്നും വ്യക്തമായി. നാല്പതു ദിവസത്തിനു ശേഷമുണ്ടാകുമായിരുന്ന നിനവേയുടെ നാശത്തിൽനിന്നും അവർ രക്ഷിതരായി. ദൈവം തന്റെ പുത്രനെ ലോകത്തിലേക്കയച്ചത് ലോകത്തെ വിധിപ്പാനല്ല; ലോകം അവനാൽ രക്ഷിക്കപ്പെടുവാനത്രേ (യോഹ. 3:17).

കടൽക്ഷോഭത്തിലകപ്പെട്ട കപ്പൽ യാത്രികർ ദൈവത്തിങ്കലേക്കു തിരിഞ്ഞു. ദൈവത്താൽ പിടിക്കപ്പെട്ട യോനാ സർവ്വ ശക്തങ്കലേക്കു തിരിഞ്ഞു. യോനയിലൂടെ മുന്നറിയിപ്പു ലഭിച്ച നിനവേ നിവാസികൾ സർവ്വത്തിനും അധിപതിയായവനിലേക്കു തിരിഞ്ഞു. മരണത്തിൽനിന്നും നാശത്തിൽനിന്നും അവർ രക്ഷ പ്രാപിച്ചു. ഇനിയും നാം എന്തിനമാന്തിക്കണം. ഈ നോമ്പുകാലങ്ങളിൽ നാമും ദൈവത്തിലേക്ക് തിരിഞ്ഞ് ദൈവകോപത്തിൽ നിന്നും രക്ഷ പ്രാപിക്കണമെന്ന സന്ദേശമത്രേ നോമ്പുകളുടെ പുസ്തകമായ യോനായുടെ പുസ്തകം നമുക്ക് നല്കുന്ന സന്ദേശം.

കർത്തൃശുശ്രൂഷയിൽ നിങ്ങളുടെ

**ആർച്ച്ബിഷപ് സേവേറിയോസ് കുര്യാക്കോസ്**

**വലിയ മെത്രാപ്പോലീത്താ**




# ബൈബിൾ: ഒരു ആമുഖ പഠനം

ഫാ. ജിനു കുരുവിള, കിഴക്കേമുട്ടത്തിൽ

**രണ്ടാം ഏശായാ:**

ഏശായാ പ്രവാചകന്റെ പുസ്തകം 40 മുതൽ 55 വരെയുള്ള അദ്ധ്യായങ്ങൾ രണ്ടാം ഏശായാ എന്നാണറിയപ്പെടുന്നത്. യെരുശലേം ദൈവാലയം നശിച്ചു കഴിഞ്ഞ ചരിത്രപശ്ചാത്തലമാണ് രണ്ടാം ഭാഗത്തിൽ വിവരിക്കുന്നത്. ഇതിന്റെ കാലഘട്ടം B C 6-ാം നൂറ്റാണ്ടാണ്. ആറാം നൂറ്റാണ്ടിൽ ബാബിലോൺ കീഴടക്കിയ പേർഷ്യൻ രാജാവായ കോരശിന്റെ (cyrus) പേരെടുത്ത് പ്രവാചകൻ സംസാരിക്കുന്നുണ്ട് (45:1-7, 13, 44:28, 41:2). ബാബിലോണിൽ പ്രവാസികളായി കഴിയുന്ന ജനത്തിന് പ്രത്യാശയുടെ സന്ദേശവുമായിട്ട് യെശയ്യാ ദ്വിതീയൻ കടന്നു വരുന്നത്.

**വേദശാസ്ത്ര ചിന്തകൾ**

സർവ്വ ശക്തനായ യഹോവ ദൈവം വിശുദ്ധനാകുന്നു. ദൈവം സൃഷ്ടിതാവും നിത്യനും ചരിത്രത്തിൽ പ്രവർത്തനനിരതനും ആകുന്നു. സൃഷ്ടി കർമ്മത്തിലും പുറപ്പാട് സംഭവത്തിലും സർവ്വ ശക്തി വെളിപ്പെടുത്തിയ ദൈവത്തിനു പ്രവാസത്തിൽ കഴിയുന്ന തന്റെ ജനത്തെ വിടുവിക്കാൻ കഴിയുമെന്ന് പ്രവാചകൻ ഉദ്ഘോഷിക്കുന്നു.

പ്രവാസം കർത്താവിന്റെ പരാജയമല്ല: മറിച്ച് ജനം ദൈവപ്രമാണങ്ങൾ അവഗണിച്ചതിന്റെ ശിക്ഷയായിരുന്നു. (42:24) യിസ്രായേൽ കർത്താവിനെ ഏകദൈവമായി തിരിച്ചറിയാൻ വേണ്ടിയാണ് ദൈവം അവരെ തന്റെ ദാസരായി തിരഞ്ഞെടുത്തത് (43:10-13). കഴിഞ്ഞ കാലത്ത് യിസ്രായൽ ദൈവത്തിന്റെ പ്രമാണങ്ങൾ പാലിച്ചില്ല. അതിനാൽ ദൈവം യിസ്രായേലിന്റെ ഉണങ്ങിയ ദേശത്ത് ജലം തളിച്ചുകൊണ്ടും യിസ്രായേൽ മക്കളിൽ തന്റെ ആത്മാവിനെ നിവേശിപ്പിച്ചുകൊണ്ടും അവരെ പുതുതായി ജനിപ്പിക്കും (44:1-4). തത്ഫലമായി ദൈവത്തിന്റെ ദാസന്റെ അടയാളമുള്ള ഒരു സമൂഹം ജന്മമെടുക്കും. അവർ ഏക ദൈവത്തിന്റെ മഹത്വം പ്രഖ്യാപിക്കും (43:21, 44:5).

യിസ്രായേലിനെ പുനർ ജനിപ്പിക്കുവാൻ ഒരു പിതാവിനെയും മാതാവിനെയുംപോലെ പരിശ്രമിച്ചുകൊണ്ടിരിക്കുന്ന കർത്താവ് തന്റെ നവീകരണത്തിന്റെ ഈ സന്ദേശം ശ്രവിക്കുവാൻ വിസമ്മതിക്കുന്നവരെ കുറ്റപ്പെടുത്തുന്നു. (45:9-10). സീയോൻ ഭാവി ലോകത്തിന്റെ കേന്ദ്രമാകും. രാജ്യങ്ങളെല്ലാം രാജാധിരാജനായ കർത്താവിനെ അവിടെ സന്ദർശിക്കും (45:14-15). താൻ ഏക ദൈവമാണ് എന്ന് സ്ഥാപിക്കുവാൻവേണ്ടി യിസ്രായേലിനെ പുനസ്ഥാപിക്കും. (48 അദ്ധ്യായം). ഈ പുനസ്ഥാപനത്തിന്റെ വിശ്വാസ്യത ഉറപ്പിച്ചു പറയുവാൻവേണ്ടി അമ്മ മറന്നാലും കുഞ്ഞിനെ മറക്കാത്ത ദൈവത്തിന്റെ സ്നേഹത്തെക്കുറിച്ച് പ്രവാചകൻ ഉദ്ഘോഷിക്കുന്നു.

**കർത്താവിന്റെ സഹന ദാസൻ**

കർത്താവിന്റെ കഷ്ടപ്പെടുന്ന ദാസനെക്കുറിച്ചുള്ള നൂതനവും ആശയ സംപുഷ്ടവുമായ ദർശനം യിസ്രായേലിനു നൽകിയത് രണ്ടാം ഏശായ ആയിരുന്നു. നാലു ഭാഗങ്ങളിലായി (42:1-4), 49:1-6, 50:4-9, 52:13-53:12) ഈ ആശയം ചേർത്തിട്ടുണ്ട്.

**42:1-4-** ദൈവദൃഷ്ടിയിൽ മുൻ നിയമിക്കപ്പെട്ടവനായിരുന്നു ദാസൻ. സനാതന സത്യധർമ്മം പാലിക്കുക എന്നതായിരുന്നു സഹന ദാസന്റെ ഉത്തരവാദിത്വം.

**49:1-6-** രാജ്യത്തിന്റെ ഐക്യവും സമൃദ്ധിയും പരിരക്ഷിക്കുക എന്നാണ് ദാസ പദവിലേക്ക് ആനയിക്കുന്ന യിസ്രായേലിന്റെ ദൗത്യം. വിമോചന അനുഭവം പങ്കിടുന്ന ദാസൻ ലോകത്തിൽ പ്രകാശ ത്തിലേക്ക് വരികയും വേണം. തുടർന്ന് ആ പ്രകാശ ധാര ലോകത്തിന്റെ അറുതിവരെ ഒഴുകണം.

**50:4-9** പരിഹാസത്തിന്റേയും നിന്ദയുടേയും മുൻപിൽ സഹനദാസൻ അചഞ്ചലനായി ഉറച്ചു നിൽക്കുന്നു. പുതിയ നിയമത്തിൽ യേശുക്രിസ്തുവിന്റെ കഷ്ടാനുഭവത്തിലേക്കും ക്രൂശുമരണത്തിലേക്കും ഇത് വിരൽ ചൂണ്ടുന്നു.

**52:13-53:12-** ദാസർ ആരാലും അംഗീകാരം ലഭിക്കാതെ അറിയപ്പെടാത്തവനായി താഴ്മയിൽ വളർന്നു. അതുപോലെ അപമാനിതനായി തീർന്നു. അവൻ നമ്മുടെ അകൃത്യങ്ങൾ മൂലം കഷ്ടം അനുഭവിച്ചു കൊല്ലപ്പെടുകയും മത്സരികളോടുകൂടി അകപ്പെടുകയും ചെയ്തു. കഷ്ടത അനുഭവിച്ചു ജീവൻ മറ്റുള്ളവർക്കുവേണ്ടി അർപ്പണം ചെയ്തതിനാൽ ദൈവം അവനെ ശ്രേഷ്ഠനായി കരുതി. ദാസന്റെ ഈ പ്രവർത്തനം അനേകരെ രക്ഷിക്കുകയും സത്യത്തിന്റെ പാതയിലേക്ക് തിരിക്കയും ചെയ്തു.

**പുതിയ നിയമവും രണ്ടാം ഏശായയും**

പുതിയ നിയമത്തിൽ ഏറ്റവുമധികം സ്വാധീനം ചെലുത്തിയതു രണ്ടാം ഏശയ്യയാണ്. മറ്റേതൊരു ഗ്രന്ഥത്തിൽനിന്ന് ഉള്ളതിനേക്കാളും രണ്ടാം ഏശായിൽ നിന്നാണ് പുതിയ നിയമത്തിലെ ഉദ്ധരണികൾ.

നാലു സുവിശേഷങ്ങളുടേയും ആരംഭത്തിൽ സ്നാപക യോഹന്നാനെ അവതരിപ്പിക്കുന്നത് ഏശായാ 40:3-5 ഉദ്ധരിച്ചുകൊണ്ടാണ്. (മത്താ. 3:3, മർക്കോ.1:3, ലൂക്കോ.3:4-6, യോഹ.1:23) മത്താ 11:10 ൽ യോഹന്നാന്റെ ദൗത്യം വിശദീകരിക്കുമ്പോഴും ഏശായിൽനിന്നുള്ള ഈ ഭാഗം ഉദ്ധരിക്കുന്നുണ്ട്. സമാന്തര സുവിശേഷങ്ങളായ മത്തായി, മർക്കോസ്, ലൂക്കോസ് എന്നീ സുവിശേഷങ്ങളിൽ (മത്താ. 3:17, മർക്കോ. 1:11, ലൂക്കോ 3:22) കർത്താവ് സ്നാനം സ്വീകരിക്കുന്ന അവസരത്തിലും കർത്താവിന്റെ തേജസ്കരണ വേളയിലും

ഏശാ. 42:1 ഉദ്ധരിക്കുന്നുണ്ട്. വി.മത്താ.12:18–21 ൽ ഏശാ 42:1–4 വരെയുള്ള ഭാഗം പൂർണ്ണമായും ഉദ്ധരിക്കുന്നുണ്ട്.

ഏശായായുടെ വചനങ്ങൾ പുതിയ നിയമ ഗ്രന്ഥകാരന്മാർ നല്ലവണ്ണം മനസിലാക്കിയിരുന്നു. ആദിമ സഭയെ സംബന്ധി ച്ചിടത്തോളം കർത്താവിന്റെ സഹന മരണങ്ങൾ മനസിലാ ക്കുവാൻ സഹന ദാസനെക്കുറിച്ചുള്ള രണ്ടാം ഏശായുടെ വചനങ്ങൾ വലിയ സഹായകരമായിരുന്നു. ആദിമ സഭയുടെ വിശ്വാസമനുസരിച്ച് ക്രിസ്തു ദൈവത്തിന്റെ തിരഞ്ഞെടു ക്കപ്പെട്ട ദാസനും(മർക്കോ.1:11, മത്താ. 12:18–21, ദൈവാത്മാവ് വസിക്കുന്നവനും (മർക്കോ.1:10, ഏശാ 42:1) മാതാവിന്റെ ഉദ രത്തിൽനിന്ന് തിരഞ്ഞെടുക്കപ്പെട്ടവനും (ഏശാ 49:1 5, ലൂക്കോ.1:26–35) രാജ്യങ്ങൾക്ക് വെളിച്ചമായി നൽകപ്പെട്ട വനും (ഏശാ 49:6, മത്താ. 4:16, ലൂക്കോ.2:32,യോഹ 1:4) സഹിച്ച് മരിച്ചവനും (ഏശാ 50:6, 53:3,8) തന്റെ സഹനത്തി ലൂടെയും മരണത്തിലൂടെയും പാപികളെ നീതികരിച്ചവനും (ഏശാ 53:4–6,10, മത്താ.26:28, റോമ. 3:25, 1 യോഹ1:7) ആയി രുന്നു. അതുകൊണ്ട് തന്നെ ആദിമ സഭ കർത്താവിനെ ഏശാ യായുടെ സഹന ദാസനായാണ് കണ്ടത്.

**52. മൂന്നാം ഏശയ്യാ**

സീയോന്റെ പുനരുദ്ധാരണത്തെക്കുറിച്ചുള്ള രണ്ടാം ഏശാ യുടെ പ്രവചനങ്ങളുടെ വിശ്വാസ്യത എടുത്തുകാട്ടിക്കൊണ്ട് ദൈവമഹത്വം ഇനിയും ജനതകൾക്ക് വെളിവാകാനിരിക്കു ന്നതേ ഉള്ളുവെന്നു പ്രഘോഷിച്ച രണ്ടാം ഏശായുടെ ശിഷ്യ നായിരിക്കണം മൂന്നാം ഏശയ്യ.

രാജ്യങ്ങൾ തന്നെ അംഗീകരിക്കുന്നതിനുവേണ്ടി ദൈവം ആകാശം തുറന്ന് ഇറങ്ങിവരുമെന്നദ്ദേഹം പറഞ്ഞു. ജറു സലേം ഉടനെ പുനരുദ്ധരിക്കപ്പെടുമെന്നും ദൈവ മഹത്വം ഉടൻ വെളിവാകുവെന്നും പ്രഖ്യാപിക്കാൻ തിരഞ്ഞെടുക്ക പ്പെട്ട പ്രവാചകനാണു തനെന്ന് അദ്ദേഹം തന്റെ ദൗത്യത്തെ ക്കുറിച്ച് പറയുന്നുണ്ട് (61:1–9). മൂന്നാം ഏശായായും ഹഗ്ഗാ യിയും സഖറിയായും സമകാലികരായിരുന്നിരിക്കണം.

**സന്ദേശം**

ദൈവത്തിന്റെ വിശുദ്ധ ജനമായി യൂദായിലെ അധികാര വർഗ്ഗമായ ഭൂരിപക്ഷം സ്വയം കണക്കാക്കുകയും അവർ ദേവാലയവും മതത്തിന്റെയും രാഷ്ട്രത്തിന്റെയും അധികാ രവും കൈയാളുകയും ചെയ്തപ്പോൾ അവർക്കെതിരെ ശബ്ദമുയർത്തുന്ന ആളാണു മൂന്നാം ഏശയ്യ. മറ്റുള്ളവരെ അവഗണിക്കുകയും ഇസ്രായേലെന്നാൽ തങ്ങൾ മാത്രമാ ണെന്നു ചിന്തിക്കുകയും ചെയ്യുന്ന (നിയ. 23:2–9, 23:31: എസ്ര. 9–10) ഇടുങ്ങിയ മനസ്ഥിതിയ്ക്കെതിരെയാണു മൂന്നാം ഏശയ്യായുടെ വചനങ്ങൾ. ആരാണു തിരഞ്ഞെടുക്കപ്പെട്ട ദൈവജനമാണെന്നു കുറച്ചുകൂടി തുറന്ന മനഃസ്ഥിതിയോടെ ചിന്തിക്കുന്ന പ്രവാചകഗണമാണു മൂന്നാം ഏശയ്യാ (56:1–8). “കർത്താവ് അരുളിച്ചെയ്യുന്നു. എന്റെ സാബത്ത് ആചരിക്കു കയും എന്റെ ഹിതം അനുവർത്തിക്കുകയും എന്റെ ഉടമ്പടി യോടു വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന ഷണ്ഡന്മാർക്ക് ഞാൻ എന്റെ ആലയത്തിൽ, മതിലു കൾക്കുള്ളിൽ, പുത്രീപുത്രന്മാരെക്കാൾ ശ്രേഷ്ഠമായ ഒരു സ്മാരകവും നാമവും നൽകും. ഒരിക്കലും തുടച്ചുമാറ്റപ്പെ ടാത്ത ശാശ്വത നാമമായിരിക്കും അത്. എന്നെ സേവിക്കാനും എന്റെ നാമം സ്നേഹിക്കുവാനും എന്റെ ദാസരായിരി ക്കാനും എന്നോടു ചേർന്നു നിൽക്കുകയും സാബ ത്ത് അശുദ്ധമാക്കാതെ ആചരിക്കുകയും എന്റെ ഉടമ്പടിയോടു വിശ്വസ്തത പുലർത്തുകയും ചെയ്യുന്ന പരദേശികളെയും ഞാൻ എന്റെ വിശുദ്ധഗിരിയിലേക്കു കൊണ്ടുപോകും. എന്റെ പ്രാർത്ഥനാലയത്തിൽ അവർക്കു സന്തോഷം നൽകും. അവരുടെ ദഹനബലികളും മറ്റു ബലികളും എന്റെ ബലി പീഠത്തിൽ സ്വീകാര്യമായിരിക്കും. എന്റെ ആലയം എല്ലാ ജനതകൾക്കുമുള്ള പ്രാർത്ഥനലയമെന്ന് അറിയപ്പെടും” (56:4–7).

ജനനമോ പാരമ്പര്യമോ ദൈവത്തിന്റെ തിരഞ്ഞെടുക്ക പ്പെട്ടവനാക്കുന്നില്ല. മറിച്ച്, ഉടമ്പടിയുടെ അനുസരണവും സ ബത്താചരണവുമാണ് അങ്ങനെയാക്കുന്നത്. അങ്ങനെയു ള്ളവരെല്ലാം ദൈവഭവനത്തിൽ പ്രവേശിക്കാൻ യോഗ്യരാണ്; അവർ ദൈവത്തിനു സ്വീകാര്യരാണ് എന്നു പ്രവാചകൻ പറ ഞ്ഞു.

*(തുടരും)*

## ഉന്നതവിജയം കരസ്ഥമാക്കി



M.G. University യിൽ നിന്നും M.Com പരീക്ഷയിൽ 3-ാം റാങ്ക് കരസ്ഥമാക്കിയ **ചിഞ്ചു മോൾ തങ്കച്ചൻ.** ഈര സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ വെളിയത്ത് വി.പി. തങ്കച്ചന്റെയും മിനി തങ്കച്ചന്റെയും മകളാണ്.





**OET Online Coaching**

**Please Contact**
**Mob: 9526562025**
**9567057878**

# മലങ്കരസഭ

പ്രൊഫ. പി.കെ. സ്കറിയാ, കുന്നത്തിൽ

## മാർ ദീവന്നാസ്യോസ് നാലാമൻ
## (ചേപ്പാട്ട്) (1825 – 1855)

ദിവന്നാസ്യോസ് മൂന്നാമന്റെ പിൻഗാമിയെ തെരഞ്ഞെടുക്കുന്നതിനായി കോട്ടയം ചെറിയപള്ളിയിൽ സമുദായത്തിന്റെ പൊതുയോഗം കൂടി. തങ്ങളുടെ പരിപാടികളോട് കൂടുതൽ ആനുകൂല്യം ഉള്ള ആളെ തെരഞ്ഞെടുക്കണമെന്ന് മിഷനറിമാർ നിർബന്ധിച്ചു. എന്നാൽ തെക്കൻ ഇടവകക്കാരും വടക്കൻ ഇടവകക്കാരും വേറെ ഓരോരുത്തരെ നിർദ്ദേശിച്ചതു മൂലം മൂന്നു സ്ഥാനാർത്ഥികൾ ഉണ്ടായി. കുറി ഇട്ടതിൽ തെക്കൻ ഇടവകക്കാരുടെ പ്രതിനിധിയായ ചേപ്പാട്ട് പീലിപ്പോസ് മല്പാൻ തെരഞ്ഞെടുക്കപ്പെടുകയും അദ്ദേഹം 1825 ചിങ്ങം 15-ാം തീയതി മാർ ദിവന്നാസ്യോസ് നാലാമൻ എന്ന പേരിൽ തൊഴിയൂരിലെ മാർ പീലക്സീനോസ് രണ്ടാമനാൽ അഭിഷേകം ചെയ്യപ്പെടുകയും ചെയ്തു.

എന്നാൽ ഏതാണ്ട് മൂന്നുമാസങ്ങൾക്കുശേഷം, ദിവന്നാസ്യോസ് മൂന്നാമൻ നേരത്തെ അപേക്ഷിച്ചതനുസരിച്ച് അന്ത്യോഖ്യാ പാത്രിയർക്കീസിനാൽ അയക്കപ്പെട്ട മാർ അത്താനാസ്യോസ് എന്ന വിദേശമെത്രാൻ ഒരു റമ്പാനോടൊപ്പം മലങ്കരയിൽ എത്തി. മാർ ദിയസ്കോറോസ് നാലാമനും തൊഴിയൂരിലെ മാർ പീലക്സിനോസ് രണ്ടാമനും അവരെ ഹാർദ്ദവമായി സ്വീകരിക്കയും കോട്ടയം ചെറിയപള്ളിയിൽ വച്ച് 1825 ധനു 13-ാം തീയതി ആഗതനായ അത്താനാസ്യോസിന്റെ അധികാരപത്രം (സ്താത്തിക്കോൻ) വായിക്കയും അദ്ദേഹത്തിന്റെ സ്ഥാനാരോഹണം നടത്തുകയും ചെയ്തു.

പാത്രിയർക്കീസിനാൽ അയക്കപ്പെട്ട ഒരു മെത്രാനും ഇവിടുത്തെ മെത്രാന്മാരും സഹകരിച്ചു പ്രവർത്തിച്ചാൽ മലങ്കര സുറിയാനി സഭയിൽ തങ്ങളുടെ ഉദ്ദേശ സാദ്ധ്യത തടസ്സപ്പെടുമെന്നു മനസ്സിലാക്കിയ ഇംഗ്ലീഷ് മിഷനറിമാർ വിദേശത്തുനിന്നു വന്ന മെത്രാനെ ഒഴിവാക്കുന്നതിനുള്ള സമയവും സന്ദർഭവും കാത്തിരുന്നു. താമസിയാതെ അവർക്കതിനുള്ള അവസരം ലഭിച്ചു.

അത്താനാസ്യോസിനൊപ്പം ശീമയിൽ നിന്നും വന്ന റമ്പാൻ സെമിനാരി ലൈബ്രറിയിൽ ഉണ്ടായിരുന്ന അറബി ഭാഷയിലുള്ള ഒരു കൈ എഴുത്തു ഗ്രന്ഥം കാണുവാൻ ഇടയായി. അതിൽ നേരത്തെ ശീമയിൽ നിന്ന് ഇവിടെ വന്നിരുന്ന മാർ ഗ്രീഗോറിയോസ് 1772 വൃശ്ചികം 17-ാം തീയതി തന്റെ ശുശ്രൂഷകനായിരുന്ന കാട്ടുമങ്ങാട്ട് ഗീവർഗീസ് റമ്പാന് അനധികൃതമായി മാർ കൂറിലോസ് എന്ന പേരിൽ സ്ഥാനാഭിഷേകം ചെയ്ത കാര്യവും പിന്നീട് മാർ കൂറിലോസ് തൊഴിയൂരുപോയി ഒരു സ്വതന്ത്ര്യ ഇടവക സ്ഥാപിച്ചതും പ്രസ്തുത കൂറിലോസിന്റെ (തൊഴിയൂർ) സ്ഥാനാഭിഷേകം സാധുവല്ലെന്നുള്ള സംശയവും മറ്റും അന്ന് മാർ ഗ്രീഗോറിയോസിനൊപ്പം ശീമയിൽ നിന്നും വന്നിരുന്ന മാർ ഈവാനിയോസ് എഴുതിയിരുന്നത്.

ഇക്കാര്യം മാർ അത്താനാസ്യോസ് ബാവായുടെ (അന്ത്യോഖ്യാപ്രതിനിധി) ശ്രദ്ധയിൽപ്പെട്ടപ്പോൾ അദ്ദേഹം മാർ പീലക്സിനോസ് രണ്ടാമനെയും (തൊഴിയൂർ) മാർ ദിവന്നാസ്യോസ് നാലാമനെയും വരുത്തി സത്യം തെളിയിക്കാൻ ആവശ്യപ്പെട്ടു. തൃപ്തികരമായ ഒരു രേഖയും കാണിക്കാൻ മാർ പീലക്സിനോസിനു കഴിയാതെ വന്നപ്പോൾ അദ്ദേഹവും അദ്ദേഹം സ്ഥാനം നൽകിയ മാർ ദിവന്നാസ്യോസ് നാലാമനും കാര്യങ്ങൾ പാത്രിയർക്കീസ് ബാവായെ അറിയിച്ച് ആവശ്യമെങ്കിൽ അവരെ വീണ്ടും സ്ഥാനാഭിഷേകം നടത്തുന്നതിനുള്ള കല്പന വരുത്തുന്നതുവരെ മെത്രാൻ സ്ഥാനോചിത കർമ്മങ്ങൾ നടത്തരുതെന്ന് മാർ അത്താനോസ്യോസ് ബാവാ സ്നേഹപൂർവ്വം ആവശ്യപ്പെടുകയും അവർ സമ്മതിക്കയും ചെയ്തു.

എന്നാൽ പിന്നീട് മിഷനറിമാരുടെ പ്രേരണമൂലം മെത്രാൻ റസിഡന്റിനു പരാതി നൽകുകയും മാർ അത്താനാസ്യോസിനെയും റമ്പാനെയും നാടു കടത്തുന്നതിനും അവരോട് ആനുകൂല്യം പ്രകടിപ്പിച്ച ഇടവഴിക്കൽ പീലിപ്പോസ് കശ്ശീശാ, തെക്കെ തലയ്ക്കൽ ഗീവർഗീസ് കശീശ്ശാ, കോനാട്ട് മല്പാൻ മുതലായവരെ തടവിൽ ഇടുന്നതിനും തിരുവിതാംകൂർ ദിവാൻ ഉത്തരവിട്ടു.

അത്താനാസ്യോസ് ബാവായും റമ്പാനും 1827 മീനം 11-ാം തീയതി കൊച്ചിയിൽ നിന്ന് കപ്പൽ മാർഗ്ഗം തിരിച്ചുപോയി.

കൈയ്വയ്പ് സംബന്ധമായ കുറവുകൾ പരിഹരിക്കാൻ അന്ത്യോഖ്യായിൽ നിന്ന് അയക്കപ്പെട്ട മാർ അത്താനാസ്യോസ് തികച്ചും ന്യായയുക്തമായാണ് പെരുമാറിയത്. ധീരമായ ഒരു നിലപാട് എടുക്കുവാൻ സ്ഥാനം ഏറ്റ ഉടനെ മാർ ദിവന്നാസ്യോസ് നാലാമനു കഴിഞ്ഞില്ല. എന്നാൽ പിന്നീട് പരി. അന്ത്യോഖ്യാ സിംഹാസനത്തിന്റെയും സത്യവിശ്വാസത്തിന്റെയും കാവൽഭടനായാണ് അദ്ദേഹത്തെ നാം കാണുന്നത്. മാർ അത്താനാസ്യോസിന്റെ സാന്നിദ്ധ്യം സുറിയാനി സഭയെ നവീകരിക്കുന്നതിനുള്ള തങ്ങളുടെ ലക്ഷ്യത്തിന് തടസ്സം ആകുമെന്ന് മനസ്സിലാക്കിയ സി.എം.എസ്. മിഷനറിമാരും തന്റെ അധികാരത്തിനും വിഘ്നം വരുമെന്ന് ഭയന്ന തൊഴിയൂർ പീലക്സീനോസും ഒന്നിച്ചു പ്രവർത്തിച്ചപ്പോൾ സഭാഭരണത്തിൽ നവാഗതനായ മാർ ദിവന്നാസ്യോസ് നാലാമൻ നിസ്സഹായനും അശക്തനുമായി എന്നു മാത്രം.

മാർ അത്താനാസ്യോസിന്റെ നാടുകടത്തൽ ഇംഗ്ലീഷ് മിഷനറിമാരെ കൂടുതൽ ശക്തരാക്കി. സുറിയാനിസഭയെ പൂർണ്ണമായി ആംഗ്ലിക്കനാക്കുവാനുള്ള സന്ദർഭമായി എന്നവർ കരുതി. ഈ സമയത്ത് തൊഴിയൂർ മാർ പീലക്സിനോസ് രണ്ടാമൻ പരലോകം പൂകി. മാർ ദിവന്നാസ്യോസ് നാലാമൻ മനോബലം ഇല്ലാത്ത മേൽപട്ടക്കാരൻ ആയിരുന്നു. യുവാവായ റവ. ജോസഫ് പിറ്റ് സായിപ്പ് സെമിനാരി ഭരണം കയ്യടക്കി. മിഷണറിമാർ സെമിനാരിയിലും ഇടവക പള്ളികളിലും സുറിയാനി സഭയുടെ വിശ്വാസാചാരങ്ങളെ അപലപിച്ച് പ്രസംഗിച്ചു തുടങ്ങി. കൽക്കട്ട ബിഷപ്പായിരുന്ന ഡാനിയൽ വിൽസന്റെ 1835 ലെ കോട്ടയം സന്ദർശനത്തോടുകൂടി അവരുടെ ശ്രമങ്ങൾ ഉച്ചകോടിയിലെത്തി. കോട്ടയത്തും കണ്ടനാട്ടും ഉള്ള പള്ളികളിൽ നടത്തിയ പ്രസംഗങ്ങളിൽ അദ്ദേഹം സഭയിൽ വരുത്താൻ ഉദ്ദേശിക്കുന്ന പരിഷ്ക്കാരങ്ങളെപ്പറ്റി പരാമർശി

ച്ചു. മരിച്ചുപോയവർക്കുവേണ്ടിയുള്ള പ്രാർത്ഥനകളും കർമ്മങ്ങളും നിറുത്തണമെന്നും കുർബ്ബാന തക്സായിൽ നിന്ന് ആംഗ്ലിക്കൽ സഭയ്ക്ക് സ്വീകാര്യമല്ലാത്ത ഭാഗങ്ങൾ നീക്കണമെന്നും നിർദ്ദേശിക്കയും ആയതിനു വേണ്ടതു ചെയ്യണമെന്ന് മാർ ദിവന്നാസ്യോസ് നാലാമനോട് ആവശ്യപ്പെടുകയും ചെയ്തു. സമുദായത്തോട് ആലോചിച്ചശേഷം പറയാമെന്നായിരുന്നു അദ്ദേഹത്തിന്റെ മറുപടി.

### മാവേലിക്കര പടിയോല

മാർ ദിവന്നാസ്യോസ് നാലാമൻ 1836 മകരം 5-ാം തീയതി സുറിയാനി സമുദായത്തിന്റെ ഒരു യോഗം വിളിച്ചുകൂട്ടി. മാർ ദിവന്നാസ്യോസിനെ കൂടാതെ തൊഴിയൂരിലെ പുതിയ മെത്രാൻ മാർ കൂറിലോസ് മൂന്നാമനും മിക്ക പള്ളികളിലെയും പ്രതി പുരുഷന്മാരും ഒരുമിഷനറിയും സന്നിഹിതരായിരുന്നു. മാവേലിക്കര യോഗത്തിന്റെ ഐകകണ്ഠ്യേനയുള്ള തീരുമാനങ്ങൾ മാവേലിക്കര പടിയോല എന്ന പേരിൽ അറിയപ്പെടുന്നു.

*തീരുമാനങ്ങൾ ചുരുക്കത്തിൽ*

(1) അന്ത്യോഖ്യൻ പിതാക്കന്മാരിൽനിന്ന് സ്ഥാനം ലഭിക്കാത്ത മെത്രാപ്പോലീത്ത അന്ത്യോഖ്യയാണ് മേലധികാരി എന്ന് ഏറ്റു പറയുന്നു.

(2) പരി. പാത്രോസിന്റെ സിംഹാസനത്തിൽ വാണരുളുന്ന പാത്രിയർക്കീസിനാൽ നിയോഗിക്കപ്പെട്ട പിതാക്കന്മാരിൽ നിന്നു ലഭിച്ച ആരാധനാക്രമങ്ങൾ അനുസരിച്ചാണ് മലങ്കര സുറിയാനി സഭ നടന്നുവരുന്നത്.

(3) പരി.പാത്രിയർക്കീസിനാൽ അയക്കപ്പെട്ട പിതാക്കന്മാരുടെ സഹായത്തോടെ പണിയിക്കപ്പെട്ടതാണ് ഇവിടുത്തെ പള്ളികൾ മിക്കവയും.

(4) പാത്രിയർക്കീസിന്റെ അനുവാദം ഇല്ലാതെ മറ്റുവിശ്വാസക്കാരുമായി കൂട്ടുകൂടുകയോ യാക്കോബായ സിറിയൻ വിശ്വാസമല്ലാതെ മറ്റൊന്നും അവസാനശ്വാസത്തോളം സ്വീകരിക്കയോ ചെയ്യില്ല.

(5) പരി. മാതാവിന്റെയും വിശുദ്ധന്മാരുടെയും മദ്ധ്യസ്ഥ പ്രാർത്ഥനകളിൽ എന്നും ആശ്രയം വയ്ക്കും.

മാവേലിക്കര യോഗ നിശ്ചയങ്ങൾ മിഷനറിമാരെ വിഷമിപ്പിക്കയും പ്രകോപിപ്പിക്കയും ചെയ്തു. സെമിനാരിയിൽ അവർക്കുണ്ടായിരുന്ന സ്വാതന്ത്ര്യം ദുർവിനിയോഗം ചെയ്തു. സുറിയാനി സഭാവിശ്വാസങ്ങൾക്ക് വിപരീതമായ കാര്യങ്ങളും ആംഗ്ലിക്കൻ സഭാപ്രാർത്ഥനാരീതികളും സെമിനാരി കുട്ടികളെ പഠിപ്പിച്ചു. കോപിച്ച മെത്രാൻ ശെമ്മാശന്മാർ സെമിനാരിയിൽ പോകുന്നതു നിരോധിച്ചു.

മെത്രാപ്പോലീത്താ സെമിനാരിയിൽ നിന്ന് അല്പസമയത്തേയ്ക്ക് മാറിയപ്പോൾ റവ.ജോസഫ് പിറ്റ് സായിപ്പ് കൊല്ലനെയും കൊണ്ട് മുറിയിൽ കടന്ന് പൊതുപൂട്ടിൽ ഇരുന്ന ആധാരങ്ങൾ, റിക്കാർഡുകൾ, മറ്റുവിലയേറിയ സാധനങ്ങൾ എല്ലാം അയാളുടെ വീട്ടിലേക്കു കൊണ്ടുപോയി മെത്രാൻ പരാതി പറഞ്ഞാൽ, വെള്ളക്കാരുടെ ഇഷ്ടത്തിനു എതിരു നിൽക്കാൻ ധൈര്യമില്ലാത്ത ഉദ്യോഗസ്ഥർ നിസ്സഹായരായിരുന്നു.

അവസാന കാലത്ത് മാർ ദിവന്നാസ്യോസ് നാലാമൻ മിഷനറിമാരുടെ കഠിന പീഡനത്തിന് ഇരയായി. പിറവംപള്ളി സംബന്ധമായ കേസിൽ, ഒരിക്കലും പതിവില്ലാത്ത രീതിയിൽ, അദ്ദേഹത്തെ ബന്ധനസ്ഥനാക്കി വിസ്തരിച്ചു. സി. എം.എസ് യാക്കോബായ സഭകളുടെ പൊതുകൈവശത്തിലിരുന്നിരുന്ന സ്വത്തുക്കളെ സംബന്ധിച്ച് തർക്കമായി. തർക്കങ്ങൾ മദ്ധ്യസ്ഥതയ്ക്കുവിട്ടു. വട്ടിപ്പണം,സെമിനാരി മുതലായ യാക്കോബായ സഭയ്ക്കു ലഭിച്ചു. മിഷനറിമാർക്ക് സെമിനാരി നഷ്ടപ്പെട്ടപ്പോൾ അവർ ഇപ്പോൾ സി.എം.എസ് കോളജ് ഇരിക്കുന്ന സ്ഥലത്ത് ഒരു പുതിയ സെമിനാരി തുടങ്ങി. അതു പുത്തൻ സെമിനാരി ആയി. അന്നുമുതൽ ആദ്യത്തേത് പഴയസെമിനാരി എന്ന് അറിയപ്പെട്ടുതുടങ്ങി.

മിഷനറിമാരെ ഉള്ളഭയം നിമിത്തം; അവസാന കാലത്ത് മാർ ദിവന്നാസ്യോസ് നാലാമൻ ഭരണം നടത്താൻ നിവർത്തി ഇല്ലാതെ ഏകനായി കഴിഞ്ഞുകൂടി. സെമിനാരി പ്രവർത്തനങ്ങൾക്കു പണം ഇല്ലായ്കയാൽ നിന്നുപോയി. 1855 കന്നി 27-ാം തീയതി അദ്ദേഹം കാലം ചെയ്ത് ചേപ്പാട്ടുപള്ളിയിൽ കബറടക്കപ്പെട്ടു.

ആദ്യകാലത്ത്, വളരെ ഗുണങ്ങൾ പ്രതീക്ഷിച്ച് മിഷനറിമാരുമായി ഉണ്ടാക്കിയ ബന്ധം അവസാനം വലിയ നഷ്ടത്തോടുകൂടി വിട്ടൊഴിയേണ്ടിവന്നു..

മനക്കരുത്ത് കുറവായിരുന്നെങ്കിലും മാർ ദിവന്നാസ്യോസ് നാലാമൻ ഭക്തനും കപടം ഇല്ലാത്തവനും സഭയുടെ വിശ്വാസാചാരണങ്ങൾ മുറുകെപിടിക്കുന്നവനും ആയിരുന്നു. മിഷനറിമാരുടെ വിരോധം സമ്പാദിച്ചതുമൂലം അദ്ദേഹത്തെപ്പറ്റി ധാരാളം പരാതികൾ പ്രചരിപ്പിക്കപ്പെട്ടു എന്നു മാത്രമല്ല പാത്രിയർക്കീസ് ബാവായ്ക്കുപോലും പരാതികൾ പോയി.

(തുടരും)

## പഠനോത്സവം നടത്തി



*ചിങ്ങവനം: സെന്റ് മേരീസ് ശാലേംപള്ളി സൺഡേസ്കൂളിന്റെ ആഭിമുഖ്യത്തിൽ ജനുവരി 7 ഞായറാഴ്ച സൺഡേസ്കൂൾ കുട്ടികൾക്ക് സ്വീകരണവും പാഠപുസ്തക വിതരണവും നടത്തി. ബഹു. വികാരി ജേക്കബ് ഫിലിപ്പ് നടയിൽ അച്ചന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡിസ്ട്രിക്ട് ഇൻസ്പെക്ടർ ബിനോ പാറക്കുളം, ഡിസ്ട്രിക്ട് സെക്രട്ടറി സജി തെക്കേകരോട്ട്, ഹെഡ്മാസ്റ്റർ എം.എം. ഏലിയാസ് മടുക്കംമൂട്ടിൽ, സെക്രട്ടറി ജിബു മറ്റത്തിൽ, മനോജ് ചാങ്ങാടത്തിൽ, കെ.കെ. കുരുവിള കേളച്ചന്ദ്ര എന്നിവർ പ്രസംഗിച്ചു.*

കവിത

# മാതാക്കളെ നിങ്ങൾ കരഞ്ഞിടുവീൻ

ജയ്നമ്മ മർക്കോസ്,
നടുവിലെപറമ്പിൽ,കുഴിമറ്റം



ലൗകിക ജീവിതം ആസ്വദിച്ച്
ലോകയിമ്പത്തിൽ മുഴുകുന്നോരേ
തെല്ലു നേരം ഒന്നു കേട്ടിടുവീൻ
ഉള്ളിലെ ഈശന്റെ രോദനത്തെ.
ദുഷ്ടന്റെ കയ്യിലെ പന്തായ നിങ്ങളെ
ലോകയിമ്പത്തിൽ താരാട്ടിക്കൊണ്ട്
അഗ്നിയിലേയ്ക്കു തള്ളിടുവാൻ
ദുഷ്ടൻവേഷം കെട്ടിക്കുന്നു
'ലഹരിയാൽ 'വല' വീശിക്കൊണ്ട്
കൗമാരക്കാരെ കൈക്കാലാക്കാൻ
സ്ക്കൂളിന്റെ ചാരത്തും ഓരത്തുമായി
ദുഷ്ടൻ കറങ്ങി നടന്നിടുന്നു. (2)
അമ്മിഞ്ഞപ്പാൽ കുടിക്കാത്ത മക്കൾ
അമ്മ തൻ സ്നേഹം കിട്ടാത്ത മക്കൾ
അന്യന്റെ കീശയിലായിക്കൊണ്ട്
ജഢീക പാപത്തിനടിമയാകും
ജീവന് തെല്ലും വിലയില്ലാതെ
സ്വന്തബന്ധങ്ങളെ ഓർത്തിടാതെ
പിഞ്ചു കുഞ്ഞിന്റെ കഴുത്തു ഞെരിച്ചു
ദുഷ്ടൻ ആടി തിമിർത്തിടുന്നു. (2)
ലൈംഗിക പാപം കൂടിയപ്പോൾ
നോഹയിൻകാലവും ലോത്തിന്റെ കാലവും
നമ്മളെയൊക്കെ ഓർപ്പിക്കുന്നു
മക്കളെ ഓർത്തു കരഞ്ഞിടുവാൻ (2)
ഭാവിയ്ക്കപകടമായി കൊണ്ടു
ഉല്ലാസ പ്രിയൻ വിലസിടുന്നു
മടിയൻ മുടിയന്റെ തോഴനായി
അലസമായി ജീവിതം തള്ളിടുന്നു
മാതാക്കളെ നിങ്ങൾ മക്കൾക്കായി
കല്ല്യാണ മണ്ഡപം തീർക്കുംമുമ്പേ
നല്ലൊരു തലമുറയെ ലഭ്യമാക്കാൻ
ഈശന്റെ മുമ്പിൽ ഉപവസിക്കൂ.
ഏതൊരു കാര്യം തുടങ്ങുംമുമ്പേ
കർത്തനെ കാര്യം അറിയിക്കുക
കർത്തന്റെ ചങ്ങാത്തം നേടിക്കൊണ്ടു
കാര്യങ്ങളൊക്കെ ശോഭനമാക്കൂ.
കാൽവറിമേട്ടിലെ യാത്രയിങ്കൽ
കാൽവറിനാഥൻ ഓതിയപോൽ
അമ്മമാരെ നിങ്ങൾ കരഞ്ഞിടുവിൻ
മക്കളെ ഓർത്തു കരഞ്ഞീടുവിൻ
ചൊല്ലും ചോറും കൊടുത്തിടുക
മാന്യമാം വേഷം ധരിപ്പിക്കുക
കർത്തന്റെ പാദത്തിൽ ചേർത്തിരുത്തി
ഹാല്ലേലൂയ്യാ, സ്തുതി പാടിടുക (2)
ശക്തനാം ദൈവത്തിൻ താലോലമേറ്റു
ധീരയായി മക്കൾ വളർന്നിടുവാൻ
ഭാവിയെ ഓർത്തു പുഞ്ചിരിക്കാൻ
മക്കളെ ഓർത്തു കരഞ്ഞിടുക.

## വിവാഹ ഒരുക്ക സെമിനാർ

2018 മാർച്ച് മാസത്തിലെ വിവാഹ ഒരുക്ക സെമിനാർ 8, 9, 10 തീയതികളിൽ ക്ലീമീസ് സെന്ററിൽ വച്ചു നടത്തുന്നതാണ്. 21 വയസ്സിനു മുകളിൽ പ്രായമുള്ള യുവാക്കളും 18 വയസ്സിനു മുകളിൽ പ്രായമുള്ള യുവതികളും വിവാഹമുറപ്പിക്കുന്നതിനു മുമ്പുതന്നെ ഈ സെമിനാറിൽ സംബന്ധിക്കേണ്ടതാണ്. അടിയന്തിര സാഹചര്യങ്ങളിൽ വിവാഹത്തിനു മുമ്പ് സെമിനാറിൽ സംബന്ധിക്കുവാൻ സാധിക്കാത്തവർ ഫാമിലിഡയറക്ടറേറ്റുമായി ബന്ധപ്പെടുക. സെമിനാറിൽ സംബന്ധിക്കുന്നവർ മുൻകൂട്ടി അറിയിക്കണം.

**Fr. Thomas Abraham, Malayasseril**
(Director)
Ph: 0469-2608155, 9447411554

**Fr. Shaji Jacob, Puthenpurackal**
(Secretary)
Ph: 9446986780



## വിവാഹിതരായി

ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ പള്ളി ഇടവകയിൽ കോമർത്തും പറമ്പിൽ ഏബ്രഹാം മാത്യുവിന്റെയും ജാൻസിയുടെയും മകൻ **പ്രിജിൻ ഏബ്രഹാമും** ചിങ്ങവനം സെന്റ് ജോൺസ് ദയറാ പള്ളി ഇടവകയിൽ കൊച്ചുപറമ്പിൽ തോമസ് അന്ത്രയോസിന്റെയും ലീജയുടെയും മകൾ **ചാച്ചുവും** തമ്മിലുള്ള വിവാഹം അഭിവന്ദ്യ കുറിയാക്കോസ് മാർ ഇവാനിയോസ് തിരുമനസ്സിന്റെ പ്രധാന കാർമ്മികത്വത്തിൽ 2018 ജനുവരി 11–ാം തീയതി ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ പള്ളിയിൽ വച്ചു നടത്തപ്പെട്ടു.

Advt - O

## ഡോക്ടറേറ്റ് നേടി



വേർജീനിയായിലെ Shenandoah University-യിൽ നിന്നും ഫാർമസിയിൽ Doctorate ലഭിച്ച **Dr. Remya Mathews.** 12 വർഷമായി U.S.A.യിൽ Reg. Pharmacist ആയി ജോലി ചെയ്യുന്നു.

*Husband:*
Shony Mathews,
Thevarvelil (U.S.A)

*Kids:*
Nathaniyah, Jezriyah

ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ വള്ളിയിൽ വി. സി. രാജുവിന്റെയും തങ്കമ്മ രാജുവിന്റെയും മകളാണ്.

Advt - R

## 25th Wedding Anniversary

07–02–2018



**Joji Kuriakose & Saramma Joji**

**Thythara Family, Chingavanam, Kottayam**

**Psalm 106:1 "Praise the Lord. Give thanks to the Lord, for he is good; for his steadfast love endures forever**

*With Love and Prayers*
***Jerin & Jesin***

Advt - R




വെച്ചുച്ചിറ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ കിഴക്കേപറമ്പിൽ ബാബു. കെ. ജേക്കബിന്റെയും മേഴ്സി ബാബുവിന്റെയും മകൻ **Dalbin. K. Babu** ഉം റാന്നി ഐത്തല സെന്റ് കുര്യാക്കോസ് ക്നാനായ പള്ളി ഇടവകയിൽ കിഴക്കേടത്ത് ജയിംസ്. കെ. ഏബ്രഹാമിന്റെയും ജോളി ജയിംസിന്റെയും മകൾ **Jane Elizabeth James** ഉം തമ്മിലുള്ള വിവാഹം 2018 ജനുവരി 11 ന് അഭി: അയൂബ് മോർ സിൽവാനോസ് മെത്രാപ്പോലിത്തായുടെയും, അഭി: മിലിത്തിയോസ് മെത്രാപ്പൊലിത്തായുടെയും മുഖ്യ കാർമ്മികത്വത്തിൽ വെച്ചുച്ചിറ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ വച്ചു നടത്തപ്പെട്ടു.

Advt - O




ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളി ഇടവകയിൽ ചെറുതറയിൽ രാജൻ അലക്സിന്റെയും ഏലിക്കുട്ടി അലക്സിന്റെയും മകൻ **കെവിനും** റാന്നി സെന്റ് കുറിയാക്കോസ് ക്നാനായ പള്ളി ഇടവകയിൽ ചെറുകുളഞ്ഞി കൂടത്തിൽ കെ. പി. കുര്യന്റെയും ലൗലി കുര്യന്റെയും മകൾ **റിങ്കിളും** തമ്മിലുള്ള വിവാഹം 2017 നവംബർ 11 ന് ഇരവിപേരൂർ സെന്റ് മേരീസ് ക്നാനായ പള്ളിയിൽ അഭിവന്ദ്യ കുര്യാക്കോസ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - O

# വിവാഹിതരായി



ചിങ്ങവനം ദയറാപള്ളി ഇടവകയിൽ പാലക്കുടിയിൽ തോപ്പിൽ പി. സി. പുന്നൂസിന്റെയും വത്സമ്മ പുന്നൂസിന്റെയും മകൻ **ഡോണായും** കറ്റോട് സെന്റ് മേരീസ് പള്ളി ഇടവകയിൽ പച്ചങ്കുളത്ത് ബാബു ഏബ്രഹാമിന്റെയും ജിജി ബാബുവിന്റെയും മകൾ **ബിത്തുവും** തമ്മിലുള്ള വിവാഹം 2017 ഡിസംബർ 30–ന് ശനിയാഴ്ച ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ അഭി. ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ നടത്തപ്പെട്ടു.

Advt - O

## 72–ാം വിവാഹവാർഷികം

**14–04–2018**



## കെ. ഒ. ഏബ്രഹാം (പാപ്പച്ചൻ) & തങ്കമ്മ ഏബ്രഹാം

കിടങ്ങേറ്റിപ്പറമ്പിൽ, കറ്റോട്, തിരുവല്ല

ആശംസകളോടെ

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ, ചെറുമക്കൾ*

"ഇത്രത്തോളം യഹോവ സഹായിച്ചു.
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി"

Advt - O



## Happiest 50th Wedding Anniversary to Our dearest Daddy & Mummy

**C. T. Abraham & Annamma Abraham**

Chettiyakulath,
Pavukkara, Mannar
Houseton, Texas, USA

With best wishes
Makkal, Marumakkal,
Kochumakkal

Advt - O



## 1st Wedding Anniversary

25-02-2018

**Philip Thomas CPA & Merlyn Philip MD**

With Love & Prayers
Thomaskutty & Roshini
Mundakapadam, Houston, Texas

Advt - O

# സൺഡേസ്ക്കൂൾ അദ്ധ്യാപനം-ഒരു Thankless Job...?

ഏബ്രഹാം കല്ലിശ്ശേരി

നമ്മുടെ സമുദായത്തിൽ സൺഡേസ്ക്കൂൾ അദ്ധ്യാപകർക്കുള്ള സ്ഥാനം പിൻ ബെഞ്ചിലാണെന്നു പറഞ്ഞാൽ അതിൽ അതിശയോക്തിയുണ്ടെന്ന് തോന്നുന്നില്ല. യാതൊരു പ്രതിഫലവും പ്രതിഫലേച്ഛയും കൂടാതെ സേവനമനുഷ്ഠിക്കുന്ന ഒരേയൊരു വിഭാഗമാണ് സൺഡേസ്ക്കൂൾ അദ്ധ്യാപകർ. ചില പ്രസംഗങ്ങളിൽ ചിലരൊക്കെ അവരെ പ്രകീർത്തിക്കാറുണ്ട്. ചിലപ്പോൾ മുപ്പതോ നാല്പതോ വർഷത്തെ അദ്ധ്യാപനത്തിനുശേഷം ഒരു മെമന്റോ കിട്ടിയെങ്കിലായി. പിന്നീടവർ കറിവേപ്പിലയാണ്.

ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്കുക എന്നാണ് വേദവാക്യം. അത് അക്ഷരാർത്ഥത്തിൽ തന്നെ ശരിക്കും നിറവേറ്റുന്നവരാണ് സൺഡേസ്ക്കൂൾ അദ്ധ്യാപകർ. ഒരു നല്ല ക്രിസ്തീ യ ജീവിതത്തിന് അടിത്തറപാകി ബാല്യകൗമാരങ്ങളെ നേരായ പാതയിലൂടെ സഞ്ചരിക്കാൻ അവർ പ്രേരിപ്പിക്കുന്നു. കുട്ടികളെ വേദപുസ്തക പഠനത്തിൽ തല്പരരാക്കി സഭയുടെ വിശ്വാസാചാരങ്ങൾ പഠിപ്പിച്ച് സഭയുമായുള്ള ബന്ധത്തിൽ വളരുന്നതിന് പ്രാപ്തരാക്കുകയും ചെയ്യുന്നു. ഇതിനൊക്കെ കിട്ടുന്ന പ്രതിഫലമോ പഴിയും പരിഹാസവും. നീണ്ടയൊരു കാലത്തെ പ്രവാസത്തിനുശേഷം ഇടവകയിൽ തിരിച്ചെത്തി സൺഡേസ്ക്കൂൾ അദ്ധ്യാപനം തുടങ്ങിയപ്പോൾ എനിക്ക് നല്ലയൊരു കമന്റ് കിട്ടി:- സാറിനിനി എല്ലാ ഞായറാഴ്ചയും പിള്ളേരുടെകൂടെ പരിപ്പുവടയും പഴവും തിന്നാമല്ലോ. എല്ലാ ഞായറാഴ്ചയും കർത്താവിന്റെ തിരുശരീര രക്തങ്ങൾ അനുഭവിക്കുകയും നീട്ടി പ്രാർത്ഥിക്കയും ചെയ്യുന്ന ഒരു സത്യവിശ്വാസിയാണതു പറഞ്ഞത്. ഇങ്ങനെയുള്ളവരുടെ ഇടുങ്ങിയ മനസ്സ് കാണുമ്പോൾ യഥാർത്ഥത്തിൽ ദു:ഖം തോന്നാറുണ്ട്. ചരിത്രം മനസിലാക്കാത്ത അല്ലെങ്കിൽ അറിയാത്ത ഒരു സമൂഹമാണ് സൺഡേസ്ക്കൂളിനെ നിസാരവൽക്കരിച്ചു കാണുന്നത്.

ഇന്നു നാമെല്ലാം കൊണ്ടു നടക്കുന്ന ബൈബിൾ കാണുമ്പോൾ അതിന്റെ പിന്നിൽ പ്രവർത്തിച്ചിരുന്നത് ഒരു സൺഡേസ്ക്കൂൾ കുട്ടിയുടെ അദമ്യമായ ആഗ്രഹമാണെന്ന് എത്രപേർക്കറിയാം. രണ്ടു നൂറ്റാണ്ടുകൾക്കുമുമ്പാണ് സംഭവം. അന്ന് വെയിൽസിൽ ജീവിച്ചിരുന്ന ഒരു പെൺകുട്ടിയായിരുന്നു മേരി ജോൺസ്. ബൈബിളിനെക്കുറിച്ച് അമ്മയിൽനിന്നും കേട്ടറിഞ്ഞ അറിവുമായി ഒൻപതാം വയസിൽ അവൾ രണ്ടു മൈൽ ദൂരം നടന്ന് റവ. തോമസ് ചാൾസിന്റെ സൺഡേസ്ക്കൂളിൽ പഠിക്കാൻ പോയി. അവിടെ പഠിച്ചുകൊണ്ടിരിക്കുമ്പോൾതന്നെ സ്വന്തമായി ഒരു ബൈബിൾ വാങ്ങണമെന്ന് ആ ബാലിക ആഗ്രഹിച്ചു. അതിനായി ചെറിയ ജോലികൾ ചെയ്തു. പുത്തനുടുപ്പുകളും കളിപ്പാട്ടങ്ങളും മറ്റും വേണ്ടായെന്നു വച്ചു. ഒരു ബൈബിളിനുള്ള പണം തികഞ്ഞപ്പോൾ മാതാപിതാക്കളുടെ അനുഗ്രഹത്തോടെ അവൾ നാല്പതു മൈൽ നടന്ന് ബൈബിൾ വാങ്ങി.

മേരി ജോൺസിന്റെ അനുഭവം റവ.ചാൾസിനെ ഇരുത്തിചിന്തിപ്പിച്ചു. ലോകഭാഷകളിൽ ബൈബിൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ 1804 ൽ ബ്രിട്ടീഷ് ആൻഡ് ഫോറിൻ ബൈബിൾ സൊസൈറ്റിക്ക് രൂപം കൊടുത്തു. അങ്ങനെ ലോകമെമ്പാടും എല്ലാ ഭാഷകളിലും ബൈബിൾ ലഭ്യമാക്കുന്ന ബൈബിൾ സൊസൈറ്റിയുടെ രൂപീകരണത്തിന് ഒരു സൺഡേസ്ക്കൂൾ വിദ്യാർത്ഥിനിയാണ് കാരണമായത്.

സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിന് തുടക്കമിട്ടത് റോബർട്ട് റെയ്ക്കസ് എന്ന ബ്രിട്ടീഷ് ജേർണലിസ്റ്റാണ്. പാവപ്പെട്ടവരും അനാഥരുമായ കുട്ടികളെ പഠിപ്പിക്കാനായി അദ്ദേഹം 1780 ൽ ഒഴിവു ദിനമായ ഞായറാഴ്ചകളിൽ ക്ലാസ് തുടങ്ങി. അന്ന് നിലനിന്നിരുന്ന ഫ്യൂഡൽ സമ്പ്രദായത്തിൽ പഠിക്കാൻ നിവൃത്തിയില്ലായിരുന്ന അനേകം കുട്ടികൾക്ക് ഈ സൺഡേസ്ക്കൂൾ അറിവിന്റെ കളരിയായി മാറി. അന്ന് ആ മനുഷ്യസ്നേഹി നട്ടുവളർത്തിയ ചെടിയാണ് ഇന്ന് ലോകമെമ്പാടും വളർന്ന് പന്തലിച്ചു നിൽക്കുന്ന സൺഡേസ്ക്കൂൾ പ്രസ്ഥാനം. ഒരു കാര്യം ശ്രദ്ധേയമാണ്. സൺഡേസ്ക്കൂളിന്റെ തലതൊട്ടപ്പനായ റോബർട്ട് റെയ്ക്കസു മുതൽ ഇന്നുവരെയുള്ള ഒരു ടീച്ചറും സൺഡേസ്ക്കൂൾ അദ്ധ്യാപനത്തിന് ശമ്പളം പറ്റിയിട്ടില്ല.

എന്റെ ബാല്യകാലത്ത് കല്ലിശ്ശേരിയിൽ നമുക്കൊരു സൺഡേസ്ക്കൂൾ ഇല്ലായിരുന്നു. ബ്രദറൺ സഭ പാറേപള്ളിക്കൂടത്തിൽ നടത്തിയിരുന്ന സൺഡേസ്ക്കൂളിലാണ് അന്നത്തെ നമ്മുടെ കുട്ടികൾ പഠിച്ചത്. ആന്ന് ഞായറാഴ്ചകളിൽ രാവിലെ കടലാസിൽ പൊതിഞ്ഞ ഒരു നുള്ള് അരിയുമായി കുട്ടികളെ സൺഡേസ്ക്കൂളിലയ്ക്കാൻ രക്ഷിതാക്കളും തല്പരരായിരുന്നു.

ഇന്ന് കാലം മാറി. കോടിക്കണക്കിന് രൂപാ കൾ മുടക്കി വലിയ പള്ളിയിൽ നാം പടുത്തുയർത്തി. കുടുംബങ്ങൾ സമ്പന്നതയിലേക്കു വളർന്നു. സൺഡേസ്ക്കൂൾ മാത്രം ശോഷിച്ചു. മിക്ക സൺ ഡേസ്ക്കൂളിലും അദ്ധ്യാപകരാണ് കൂടുതൽ. പഠിക്കാൻ കുട്ടികളില്ല. കുട്ടികളെ സൺഡേസ്ക്കൂളിലയക്കാൻ രക്ഷിതാക്കൾക്ക് താല്പര്യവുമില്ല. കുട്ടികൾക്ക് വായിക്കാനൊരു പുസ്തകം വാങ്ങിക്കൊടുക്കാത്ത രക്ഷിതാക്കൾക്ക് വിലകൂടിയ സ്മാർട്ട്ഫോൺ കൊടുക്കാൻ യാതൊരുമടിയുമില്ല. എന്നിട്ട് കുട്ടികൾ വഴിപിഴച്ചു പോകുന്നു എന്ന് വിലപിക്കുകയും ചെയ്യും. ദൃശ്യമാദ്ധ്യമങ്ങളുടെ സ്വാധീന വലയത്തിൽനിന്നും കുട്ടികളെ രക്ഷിച്ച് നേരെയാക്കേണ്ട ഭാരിച്ച ചുമതലയും ഇന്നത്തെ സൺഡേസ്ക്കൂൾ അദ്ധ്യാപകർക്കുണ്ട്. അതിനുള്ള ഏകമാർഗ്ഗം വായനശീലം വളർത്തുക എന്നതാണ്. ഇന്നത്തെ കുട്ടികൾ ബുദ്ധിയുള്ളവരാണ്. അവരെ ശരിയായ ഉത്തരം പറയാൻ മാത്രമല്ല നല്ല ചോദ്യങ്ങൾ ചോദിക്കാൻകൂടി പ്രാപ്തിയുള്ളവരാക്കി നയിക്കണം. സൺഡേസ്ക്കൂൾ കുട്ടികൾ വേദപുസ്തകം മാത്രം എന്നൊരു ധാരണയുണ്ട്. അതു ശരിയല്ല. സാഹിത്യ കൃതികൾ വായിക്കണം. അത് അവരെ അറിവിന്റെ ലോകത്തേക്ക്



# നോമ്പാചരണവും വ്രതാനുഷ്ഠാനവും

ടോമി, കുറിച്ചി

നോമ്പാചരണവും പ്രതാനുഷ്ഠാനുഭവവുംകൊണ്ട് ഉദ്ദേശിക്കുന്നത് കേവലം അന്നപാനീയങ്ങൾ വെടിയുക എന്നതു മാത്രമല്ല. വ്രതകാലം വ്യക്തിയുടെ ആത്മ വിശുദ്ധിക്കുള്ള അവസരം കൂടിയാണ്.

നോമ്പ് അനുഷ്ഠിക്കുന്നതോടൊപ്പം വ്യക്തിയും വാക്കും ചിന്തയും പ്രവൃത്തിയും നന്നാകണം. പരസ്പരസ്നേഹം, വിശ്വാസം, ദീനാനുകമ്പ എന്നിവ എല്ലാവരുടെയും മനസ്സിൽ നിറയണം.

എല്ലാത്തിനുമുപരി, ആരോഗ്യമുള്ള ശരീരവും മനസ്സും വാർത്തെടുക്കുക എല്ലാ ലക്ഷ്യവും വ്രതവും കൊണ്ടു ലഭിക്കുന്ന ആരോഗ്യപരമായ ഗുണങ്ങളെ നോമ്പു ദിവസത്തിനുശേഷം അമിതാഹാരത്തിലൂടെ നഷ്ടപ്പെടുത്താതിരിക്കാൻ ശ്രമിക്കണം. നോമ്പു കാലയളവിൽ ഉച്ച നമസ്ക്കാരവും ധ്യാനവും കഴിഞ്ഞ് ലഘു ഭക്ഷണമാണ് ഉചിതം.

''അഴിഞ്ഞുപോകുന്ന സകല ദുർമോഹങ്ങളിൽനിന്നും ഒഴിഞ്ഞു പൂർണ്ണതയോടെ നോമ്പു നോൽക്കുന്നവരാണ് ഭാഗ്യവാന്മാർ. വെടിപ്പോടെ നോമ്പു നോൽക്കുന്നവന്റെ തലമുറ മാലാഖമാരോടുകൂടെ കലരപ്പെട്ടിരിക്കുന്നു. നോമ്പു നോൽക്കുന്നവർ സദാനേരവും സ്വർഗ്ഗത്തിലാകുന്നു. നോമ്പു നല്ലതാകുന്നു. സ്നേഹം കൂടാതെ ഒരുത്തൻ നോമ്പു നോൽക്കുന്നു എങ്കിൽ അവന്റെ വ്രതത്തിനു യാതൊരു വിശേഷതയുമില്ല വലിയനോമ്പിൽ നാം പ്രാർത്ഥിക്കുന്നു.

നോമ്പു ദിവസങ്ങളിൽ ദാനധർമ്മത്തിനു വലിയ പ്രാധാന്യമുണ്ട്. വരുമാനത്തിന്റെ ഒരംശം പാവങ്ങൾക്കും അശരണങ്ങൾക്കും ദാനം നൽകുന്നതിലൂടെ സാമൂഹിക സമത്വം എന്ന ഉന്നത ലക്ഷ്യവും, ഉള്ളവൻ ഇല്ലാത്തവന് നൽകുക എന്ന ക്രിസ്തു ദർശനവും സാധ്യമാകുന്നു.

വ്രതാനുഷ്ഠാനംകൊണ്ട് ആർജിക്കുന്ന ആത്മവിശുദ്ധിയും സ്വഭാവ സംസ്ക്കരണവും തുടർന്നു വർഷം മുഴുവനും ജീവിതത്തിലൂടനീളവും നിറഞ്ഞ് നിന്നാൽ മാത്രമേ നോമ്പ് ലക്ഷ്യം നേടി എന്നു പറയാൻ കഴിയുകയുള്ളു.

മറ്റുള്ളവരുടെ ദുഃഖങ്ങളിലും സന്തോഷങ്ങളിലും പങ്കാളികളാവാൻ വളരെ പുണ്യമുള്ള കർമ്മമാണ്. സഹായത്തിലൂടെയും സഹകരണത്തിലൂടെയും ഉള്ള ജീവിതം സ്നേഹം വർദ്ധിക്കാനും പരസ്പരബന്ധം ഊഷ്മളമാകാനും കാരണമാകും. ദുരിതം പേറുന്ന സഹോദരന്റെ പ്രയാസങ്ങളകറ്റാൻ നാം തയ്യാറാവുകയാണെങ്കിൽ അതുവഴി അവർക്കു ലഭിക്കുന്ന സന്തോഷങ്ങളിലും നമുക്കിടമുണ്ടാകും. മറ്റുള്ളവരെ സഹായിക്കുന്നതിലൂടെ ദൈവ സഹായം കൈവരിക്കാനും നമ്മുടെ തന്നെ മനസ്സിനു സന്തോഷം ലഭ്യമാക്കാനും നമുക്ക് സാധിക്കും.

യേശുപറയുന്നു. നിങ്ങൾ പരസ്പരം സ്നേഹിപ്പിൻ. ഉള്ളവൻ ഇല്ലാത്തവന് നൽകുക. നല്ല ശമര്യക്കാരന്റെ ഉപമയിലൂടെ പരസഹായം ചെയ്യേണ്ടതിന്റെ മഹത്വം ചൂണ്ടികാണിക്കുന്നു. യേശു കുരുടനു കാഴ്ച നൽകിയും പക്ഷവാതക്കാരനെ നടത്തിയും കുഷ്ഠരോഗികളെ സൗഖ്യമാക്കിയും വിശന്നു വലഞ്ഞവർക്ക് അപ്പവും മീനും നൽകിയും പരസഹായത്തിന്റെ മാതൃക നമുക്ക് കാട്ടിതന്നു. സുറിയാനി ക്രിസ്ത്യാനികളായ നാം യേശു കാണിച്ചുതന്നത് സ്വയം ഹിതപരിശോധന ചെയ്യുക.

---

കൈപിടിച്ചു നടത്തും. സ്വതന്ത്രമായി ചിന്തിക്കാനും സഹായിക്കും. ധാരാളം കഥകൾ പറഞ്ഞു തന്നിട്ടുള്ള നല്ല ഗുരുവാണ് യേശു. എന്നിട്ടും സാഹിത്യം സൺഡേസ്ക്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടില്ല. എന്നാലും സൺഡേസ്ക്കൂൾ അദ്ധ്യാപകർക്കതു സാധിക്കും. ജീവൻ രക്ഷിക്കാൻ മെഡിക്കൽ ബിരുദം വേണമെന്നൊന്നുമില്ല. ഞാൻ കുട്ടികളോടു പറയാറുണ്ട്. മനോരമ ഞായറാഴ്ച പതിപ്പിലെ "ഇന്നത്തെ ചിന്താവിഷയം" നിശ്ചയമായും വായിക്കണം.

എങ്ങനൊക്കെ പറഞ്ഞാലും പഠിപ്പിച്ചാലും വികലമായി ചിന്തിക്കുന്നവരും ഉണ്ട്. മാതാപിതാക്കളെ ബഹുമാനിക്കണമെന്നും അവരോടെന്നും കൃതജ്ഞതയുള്ളവരായിരിക്കണമെന്നും പറഞ്ഞപ്പോൾ ഒരു കുട്ടിയുടെ പ്രതികരണം ഇങ്ങനെയായിരുന്നു അവരുടെ ആനന്ദത്തിനുവേണ്ടി എന്നെ സൃഷ്ടിച്ചു. അതിന് ഞാനെന്തിന് കൃതജ്ഞതയുള്ളവനാകണം.

ചെറിയൊരു സ്ഫുലിംഗമാണെങ്കിലും സൺ ഡേസ്ക്കൂൾ അദ്ധ്യാപകരും പ്രകാശം പരത്തുന്ന ഗുരുക്കന്മാരാണ്. അവരെ വന്ദിച്ചില്ലെങ്കിലും നിന്ദിക്കരുത്. അല്പമായിട്ടാണെങ്കിലും ഭാവി തലമുറയുടെ ബാല്യ കൗമാരങ്ങൾക്ക് അറിവു പകർന്നു കൊടുക്കുമ്പോൾ കിട്ടുന്ന ആത്മ സംതൃപ്തിയുണ്ടല്ലോ അതാണ് സൺഡേസ്ക്കൂൾ അദ്ധ്യാപകരുടെ പ്രതിഫലം. ഈയൊരു ചെറിയ മെഴുകുതിരിയിൽനിന്നും അനേകായിരം തിരികൾ കൊളുത്താൻ നമുക്ക് കഴിയട്ടെന്ന് പ്രാർത്ഥിക്കാം.

# മരിച്ചവർക്കുവേണ്ടി സ്നാനം

കൊച്ചുമോൻ, പള്ളിക്കപ്പറമ്പിൽ, ചിങ്ങവനം

അല്ല, മരിച്ചവർക്കുവേണ്ടി സ്നാനം ഏൽക്കുന്നവർ എന്തു ചെയ്യും? മരിച്ചവർ കേവലം ഉയിർക്കുന്നില്ലെങ്കിൽ അവർക്കു വേണ്ടി സ്നാനം ഏല്ക്കുന്നത് എന്തിന്. (1.കൊരി 15:29)ൽ പറഞ്ഞിരിക്കുന്ന ഈ വാക്യത്തിന്റെ ശരിയായ മർമ്മം ഗ്രഹിക്കാതെ പലരും അതിനെ തെറ്റായി വ്യാഖ്യാനിക്കുന്നു. ഈ കൂട്ടരുടെ വാദം ഒരുവൻ ക്രിസ്തുവിൽ വിശ്വസിക്കയും, സ്നാനം ഏല്ക്കുകയും ചെയ്യുന്നതിനുമുമ്പ് മരിച്ചുപോയാൽ ജീവിച്ചിരിക്കുന്ന തന്റെ മകൻ മരിച്ചുപോയ തനിക്കായി സ്നാനപ്പെടുന്നു എന്നാണ്. ഈ പഠിപ്പിക്കൽ തെറ്റാണെന്ന് താഴെ വിവരിക്കുന്ന വാക്യങ്ങൾ നമ്മെ പഠിപ്പിക്കുന്നു.

സ്നാനം എന്ന പദത്തിനു ജലത്തിൽ ഉള്ള കഴുകൾ എന്ന അർത്ഥമല്ലാതെ കഷ്ടപ്പാടുകൾ എന്നും അർത്ഥം കാണുന്നു. ഈഭാഗം തെളിയിക്കുന്നത് മർക്കോസ് 10:38ൽ യേശുവിന്റെ മഹത്വനാളിൽ തന്റെ വലത്തും, ഇടത്തും ഇരിപ്പാൻ തങ്ങൾക്ക് ഇടം തരണമെന്നു സെബദി മക്കൾ യേശുവിനോട് യാചിച്ചപ്പോൾ താൻ ഏല്ക്കുന്ന സ്നാനം അവർക്ക് ഏല്പാൻ കഴിയുമോ എന്നു ചോദിക്കുന്നത് ജലസ്നാനത്തെ ഉദ്ദേശിച്ചല്ലായിരുന്നു. കാരണം തന്റെ ജലസ്നാനത്തിനു ശേഷമായിരുന്നു ഇപ്രകാരം പറഞ്ഞത് എങ്കിലും എനിക്ക് ഒരു സ്നാനം ഏല്പ്പാനുണ്ട് അത് കഴിയുവോളം ഞാൻ എത്ര ഞെരുങ്ങുന്നു. (ലൂക്കോ. 12:50) പിതാവ് എനിക്കുതന്ന പാനപാത്രം ഞാൻ കുടിക്കണ്ടയോ? (യോഹ.18:11) ഈ പറയുന്നതെല്ലാം തന്റെ ജലസ്നാനത്തിന് ശേഷമായിരുന്നു. ക്രൂശ്മരണത്തിനുള്ള തന്റെ കഷ്ടപ്പാടിനെ ഓർമ്മപ്പെടുത്തി കഷ്ടപ്പാടിന് സ്നാനമെന്ന അർത്ഥത്തിൽ പറഞ്ഞിരിക്കുകയാണ്.

നമ്മുടെ മരിച്ചവർക്കുവേണ്ടി അവരുടെ ഓർമ്മ ദിവസങ്ങളിൽ നാം പുണ്യ പ്രവർത്തികൾ ചെയ്യുക അതായത് സാധുക്കൾക്ക് ഭക്ഷണം കൊടുക്കുക, വസ്ത്രദാനം ചെയ്യുക, പ്രാർത്ഥിക്കുക, ഉപവസിക്കുക ഇപ്രകാരം നാം നടത്തുന്ന കഷ്ടപ്പാടുകൾ നമ്മുടെ മരിച്ചവർ ഉയിർക്കുവാൻ സഹായിക്കും. ക്രിസ്തു മരിച്ചിട്ട് ഉയിർത്തെഴുന്നേറ്റു എന്നു പ്രസംഗിച്ചുവരുന്ന അവസ്ഥയ്ക്കു മരിച്ചവരുടെ പുനരുത്ഥാനം ഇല്ലെന്ന് നിങ്ങളിൽ ചിലർ പറയുന്നതെങ്ങനെ? മരിച്ചവരുടെ പുനരുത്ഥാനം ഇല്ലെങ്കിൽ ക്രിസ്തു ഉയർത്തെഴുന്നേറ്റിട്ടില്ല. നാം അടിയന്തിരങ്ങൾ നടത്താറുള്ളത് ഈ ഉദ്ദേശത്തിൽ ആകുന്നു നാം നടത്തപ്പെടുന്ന 40-ാം ദിവസം ഉദ്ദേശശുദ്ധി ഇല്ലാത്ത തരത്തിൽ ആയിത്തീർന്നിരിക്കുകയാണ്. നമ്മുടെ പ്രശസ്തിയും പ്രതാപവും ഉയർത്തിക്കാട്ടുന്നതിനുള്ള വ്യഗ്രതയാണ് എവിടെയും കാണിക്കുന്നത്. നമ്മുടെ അടിയന്തിരങ്ങൾ എപ്രകാരം ആയിരിക്കണമെന്ന് യേശു നമ്മെ ലൂക്കോ 14:12ൽ പഠിപ്പിക്കുന്നത് ഇങ്ങനെയാണ്. നിങ്ങൾ ഒരു മുത്താഴമോ അത്താഴമോ കഴിക്കുമ്പോൾ സ്നേഹിന്മാരേയും സമ്പത്തുള്ളവരേയും വിളിക്കരുത് അവർ നിങ്ങളെ അങ്ങോ ട്ടും വിളിച്ചു പ്രത്യുപകാരം ചെയ്യും. നീ വിരുന്നു കഴിക്കുമ്പോൾ ദരിദ്രർ, അംഗഹീനർ, മുടന്തർ, കുരുടന്മാർ, എന്നിവരെ ക്ഷണിക്കുക. എന്നാൽ നീ ഭാഗ്യവാനാകും. ധനവാൻ തന്റെ പിൻതലമുറയോടുള്ള അമിതമായ ലാളനമൂലം സ്വത്തുക്കൾ നിക്ഷേപിച്ചു വയ്ക്കുന്നു. ഈ പ്രവണതയാൽ പുണ്യപ്രവർത്തികൾ ചെയ്യാൻ കഴിയാതെ പിരിഞ്ഞുപോകുന്നു. അതിനാലാണ് ക്രിസ്തു പറഞ്ഞത് സമ്പത്തുള്ളവർ ദൈവരാജ്യത്തിൽ കടക്കുന്നത് പ്രയാസമെന്ന്. പുണ്യ പ്രവർത്തികൾ നമ്മുടെ പൂർവ്വികർക്കുവേണ്ടി നാം ചെയ്യുവാൻ കടപ്പാട് ഉള്ളവരാകുന്നു. ഒരു പിതാവ് ജീവിച്ചിരുന്നപ്പോൾ കടബാധ്യത വരുത്തിയിട്ടുള്ളത് മക്കൾ വീട്ടുവാൻ ഐഹീക ജീവിതത്തിൽ കടപ്പെട്ടിരിക്കുന്ന പ്രകാരം ആത്മീകബാധ്യതകൾ പിൻതലമുറകൾ പുണ്യപ്രവർത്തികളിലൂടെ മരിച്ചവരുടെ നാമത്തിൽ ചെയ്യേണ്ടതാണ്.

മക്കൾക്കായി മാതാപിതാക്കന്മാരാണ് സമ്പാദിച്ചു വയ്ക്കേണ്ടത് (2.കൊരി 12:14) അവർക്കായിട്ടാണ് നാം ജീവിക്കുന്നത്. അവരെ പഠിപ്പിക്കുന്നതും, ആഹാരത്തിനും, വസ്ത്രധാരണത്തിനും, ചികിത്സയ്ക്കും ധാരാളം പണം ആവശ്യമായതിനാൽ നമുക്ക് പലപ്പോഴും പുണ്യപ്രവൃത്തികൾ ചെയ്യാൻ സാധിച്ചെന്നു വരികയില്ല. കാര്യങ്ങൾ ഇത് തെളിയിക്കുന്ന ഭാഗമാണ് (2 തിമൊ 5:4)ൽ ഭർത്താവ് മരിച്ച വിധവയുടെ മക്കൾ അമ്മയപ്പന്മാർക്ക് പ്രത്യുപകാരം ചെയ്യാൻ പറഞ്ഞിരിക്കുന്നത് മരിച്ചുപോയ വിധവയുടെ ഭർത്താവിന് പ്രത്യുപകാരം പ്രാർത്ഥനയും ശ്രാദ്ധകുർബ്ബാനയും ചെയ്യുന്നതാണ് മരിച്ചവർക്കുവേണ്ടിയുള്ള സ്നാനം കൊണ്ടുദ്ദേശിക്കുന്നത്. ഇതിനായിട്ടാണ് സഭയിൽ ശ്രാദ്ധകുർബ്ബാന നടത്തിവരുന്നത്. ഈ സമ്പ്രദായം ഹിന്ദുമതവിശ്വാസികൾപോലും കറുത്തവാവിന് അവരുടെ പൂർവ്വികരോട് നന്ദി കാണിക്കുന്നു. നമ്മുടെ ഈ ആചാരത്തെ പെന്തക്കോസ്തു വിശ്വാസികൾ ആക്ഷേപിക്കുന്നു. (സങ്കീ. 115:17) മരിച്ചവരും, മൗനത്തിൽ ഉറങ്ങുന്ന അവസ്ഥയിൽ ആണെന്നും അതിനാൽ അവർ ഒന്നും അറിയുന്നില്ലെന്നും അതുകൊണ്ട് അവർക്കുവേണ്ടി പ്രാർത്ഥിക്കണ്ടെന്നു പറയുന്നു. എന്നാൽ തുടർന്ന് 18-ാം വാക്യം നാമോ ഇന്നു മുതൽ എന്നും യഹോവയെ വാഴ്ത്തും. ദൈവ കല്പന പാലിച്ച് ജീവിച്ച മക്കളായ നാം മരിച്ചാലും ദൈവത്തെ സ്തുതിക്കും എന്നു കൂടി വായിക്കാം. ദൈവം ഇപ്രകാരം അരുളി ചെയ്തിരിക്കുന്നു ഞാൻ ആബ്രഹാമിന്റെ ദൈവവും, യാക്കോബിന്റെ ദൈവവും യിസഹാക്കിന്റെ ദൈവവും മരിച്ചവരുടെ ദൈവമല്ല ജീവനുള്ളവരുടെ ദൈവമത്രെ എല്ലാവരും അവന് ജീവിച്ചിരിക്കുന്നവരാണ്. നവീന സഭയുടെ വേദപുസ്തകത്തിൽ മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കണമെന്ന മഖബായക്കാരുടെ പുസ്തകമുൾപ്പടെ ഇതര കാനോന്യ പുസ്തകത്തിലെ 11 പുസ്തകങ്ങൾ ഒഴിവാക്കി ഇരിക്കുന്നതിനാൽ ഈ ഭാഗം തെളിയിക്കാൻ മറ്റ് മാർഗ്ഗങ്ങൾ കുറവാകുന്നു.

അതിനാൽ നമ്മുടെ അടിയന്തിരങ്ങൾ ലളിതമായി വീടുകളിൽ നടത്തി (ലൂക്കൊ.14:12) ൽ പറഞ്ഞിരിക്കുന്ന അർഹതപ്പെട്ടവർക്ക് നൽകുകയും ബാക്കിതുക ആതുരാലയങ്ങൾക്കും, അനാഥാലയങ്ങൾക്കും കൊടുക്കുക അപ്പോൾ നമ്മുടെ പുണ്യ പ്രവർത്തി മുഖാന്തിരം നമ്മുടെ മരിച്ചവർ മേലുള്ള ഊർ ശ്ലേമിന്റെ വാതിലുകൾ തുറക്കപ്പെട്ട അവർ അബ്രഹാം, ഇസഹാക്ക് യാക്കോബ് തുടങ്ങിയവരുടെ കൂടെ ഇരിപ്പാൻ സംഗതിയായി ഭവിക്കും.

●

# വിദ്യാധനം സർവ്വധനാൽ പ്രധാനം!

പ്രൊഫ. ടോണി മാത്യു

അറിവാണ് ഈശ്വരൻ (പ്രജ്ഞാനം ബ്രഹ്മ) എന്ന് ഭാരതീയവേദോപനിഷത്തുകൾ നിരീക്ഷിച്ചിട്ട്. വിജ്ഞാനം സ്വർണ്ണത്തെക്കാളും വിവേകം വെള്ളിയെക്കാളും വിലപ്പെട്ടതാണെന്ന് ജ്ഞാനിയായ സോളമൻ ചക്രവർത്തി ബൈബിളിൽ (സദൃശ്യ. 8:10) രേഖപ്പെടുത്തിയിട്ടുണ്ട്.. ദയാനിധിയും പരമകാരുണികനുമായ ദൈവത്തിന്റെ നാമത്തിൽ വായിക്കുക. (ഖുർ ആൻ അദ്ധ്യായം 96) എന്നാണ് ജിബ്രീൽ മലക് (ഗബ്രിയേൽ മാലാഖ) മുഹമ്മദ് നബിയോട് അരുളിചെയ്തത്. ജ്ഞാനാർജനത്തിന്റെ പ്രസക്തിയും പ്രാധാന്യവുമാണ് ഈ മൊഴികളിലെല്ലാമുള്ളത്.

യഹോവഭക്തി ജ്ഞാനത്തിന്റെ ആരംഭമാണെന്ന് ബൈബിളും ജ്ഞാനത്തിനു തുല്യമായി മറ്റൊന്നുമില്ലെന്ന് ഭഗവദ്ഗീതയും അറിവാർജിക്കുന്നവൻ അല്ലാഹുവിലെത്തിച്ചേരുമെന്ന് ഖുർ ആനും അസന്നിഗ്ദമായി പ്രഖ്യാപിച്ചു. പര, അപര എന്നിങ്ങനെ രണ്ടായി തിരിച്ചിട്ടുണ്ട് വിദ്യയെ. ബ്രഹ്മസാക്ഷാത്ക്കാരത്തിനുതകുന്ന ഈശ്വരജ്ഞാനമാണ് പരവിദ്യ;ഭൗതികജ്ഞാനം അവര വിദ്യയും. ഇവ പരസ്പരപൂരങ്ങളും പോഷകങ്ങളും ആവേണ്ടതാണ്. ശ്രീബുദ്ധന്റെ അഷ്ടമാർഗ്ഗങ്ങളിലൊന്ന് സവ്യക്ജ്ഞാനമാണ്.

വെറുതെയിരുന്നാൽ വിജ്ഞാനം ലഭിക്കുകയില്ല, യത്നിക്കണം; നല്ല ഗ്രന്ഥങ്ങൾ വായിക്കണം എന്ന് ശ്രീനാരായണ ഗുരുവും അറിവ് ആഹാരംപോലെയാണ്, എല്ലാവർക്കും അതിനുള്ള അർഹതയും അവകാശവുമുണ്ട് എന്ന് ചട്ടമ്പി സ്വാമിയും വ്യക്തമാക്കി. അറിവ് അഭിസംക്രമിക്കുന്നത് ഗുരു ശിഷ്യ പാരസ്പര്യത്തിലൂടെയാണ്. അനേക തരത്തിലുള്ള അറിവുകൾ പകർന്നുകൊടുത്ത ക്രിസ്തുവിനെ റബ്ബീ (ഗുരോ) എന്നാണ് ശിഷ്യർ അഭിസംബോധന ചെയ്തത്. അങ്ങയുടെ ശിഷ്യനായ എന്നെ അനുശാസിച്ചാലും എന്ന് അർജ്ജുനൻ കൃഷ്ണനോടു ആവശ്യപ്പെട്ടു. ആ ഗുരുശിഷ്യ സംവാദമാണ് ഭഗവദ്ഗീത എന്ന ഗ്രന്ഥം. ഇതി കർത്തവ്യതാമൂഢനായി നിന്ന പാർത്ഥനെ കർമ്മോത്സുകനാക്കാൻ കൃഷ്ണൻ എന്ന ഗുരുവിനു കഴിഞ്ഞു. കള്ളന്മാരിലും ചുങ്കക്കാരിലും പാപികളിലും യേശുക്രിസ്തുവിന്റെ വചാനാമൃതം വരുത്തിയ മാറ്റങ്ങൾ വിസ്മയകരം തന്നെ! അല്ലാഹുവിന്റെ മൊഴികളെ തള്ളിക്കളയണമെന്നാവശ്യപ്പെട്ട അറബികളോട് നബി പറഞ്ഞതിപ്രകാരമാണ് "എന്റെ വലതുകൈയിൽ സൂര്യനെയും ഇടതു കൈയിൽ ചന്ദ്രനെയും തന്നാൽപ്പോലും ഈ മാർഗ്ഗം ഞാൻ വെടിയുകയില്ല".

മഹാത്മാരായ ഗുരുക്കന്മാരെയും ആചാര്യന്മാരെയും എക്കാലത്തും ലോകം അംഗീകരിക്കുകയും ആദരിക്കുകയും ചെയ്യും. 'ഗു' അന്ധകാരത്തെയും 'രു'നിരോധത്തെയും സൂചിപ്പിക്കുന്ന സംസ്കൃതശബ്ദങ്ങളാണ്. അജ്ഞാനാന്ധകാരത്തെ നിരോധിച്ച് വിജ്ഞാന വെളിച്ചം നൽകുന്നു ഗുരു. അറിവാർജ്ജിക്കുകയും ശിഷ്യർക്കു പകർന്നുകൊടുക്കുകയും അതനുസരിച്ച് ജീവിക്കുകയും ചെയ്യുന്നവരാണ് ആചാര്യന്മാർ. സോക്രട്ടീസ്, പ്ലേറ്റോ, അരിസ്റ്റോട്ടിൽ തുടങ്ങിയ ഗുരുശിഷ്യ പരമ്പര ലോകത്തിനു നൽകിയ അറിവുകൾ അത്ഭുതപ്പെടുത്തുന്നവയാണ്.

അഞ്ചുഘട്ടങ്ങളിലൂടെ കടന്നുപോയാലേ വിദ്യാർജനം പൂർത്തിയാവൂ, ശ്രവണം, മനനം, നിദിധ്യാസം, ആചരണം, പ്രചാരണം എന്നിവയാണ് അവ. കേൾക്കുക, ചിന്തിക്കുക, ആചരിക്കുക, പ്രചരിപ്പിക്കുക എന്നതാണ് ക്രമം. തത്വത്തിൽ അധിഷ്ഠിതമായിരിക്കണം പ്രവർത്തനം. പ്രവൃത്തിയിൽ വരാത്ത തത്വം നിഷ്പ്രയോജനമാണ്. അറിവിന്റെ നിറവിലെത്താൻ നാം ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് ജ്ഞാനിയായ ഭർത്തൃഹരി പറയുന്നു:

ആചാര്യാൽ പാദമാദത്തേ
പാദം ശിഷ്യഃ സ്വമേധയാ
പാദം സബ്രഹ്മചാരിഭ്യാം
പാദം കാലക്രമേണ ച.

അറിവിന്റെ കാൽഭാഗമേ ഗുരുവിൽനിന്നു ലഭിക്കൂ. നാലിലൊന്ന് സ്വന്തം ബുദ്ധികൊണ്ട് നേടണം. സതീർത്ഥ്യരിൽ നിന്ന് കാൽഭാഗവും കാലക്രമേണ കാൽഭാഗവും ലഭിക്കും. വിദ്യാഭ്യാസം ഒരാജീവനാന്തപ്രക്രിയയാണ്. യാചിച്ചാൽ ലഭിക്കും, മുട്ടിയാൽ തുറക്കും, അന്വേഷിച്ചാൽ കണ്ടെത്തും എന്ന സന്ദേശമാണ് വേദാന്തത്തിലെ ഭക്തി, കർമ്മ, ജ്ഞാനയോഗത്തിലുമുള്ളത്.

കള്ളന്മാർ അപഹരിക്കാത്തതും രാജാവിന് കരം കൊടുക്കേണ്ടാത്തതും സഹോദരങ്ങൾക്ക് വീതം വെയ്ക്കേണ്ടാത്തതും കൈക്ക് ഭാരം തോന്നാത്തതുമായ ധനമാണ് വിദ്യ. കൊടുക്കുംന്തോറും ഏറുന്നതുമാണ് ആ ധനം.

ന ചോരഹാര്യം ന ച രാജഹാര്യം
ന ഭ്രാതൃഭാജ്യം ന കരോതി ഭാരം
വ്യയേകൃതേ വർദ്ധതയേവ നിത്യം
വിദ്യാധനം സർവ്വധനാൽ പ്രധാനം

ഗുരുവിനെ ശുശ്രൂഷിച്ചോ, ഗുരുദക്ഷിണ നൽകിയോ, മറ്റൊരു വിദ്യ ഗുരുവിനെ അഭ്യസിപ്പിച്ചോ ജ്ഞാനാർജനമാവാമെന്നാണ് യാജ്ഞവൽക്യ മഹർഷി പറയുന്നത്. വിദ്യയുള്ളവർ വിനയമുള്ളവരായിരിക്കും (വിദ്യാദദാതി വിനയം). രാജാവിനെ സ്വരാജ്യത്തുമാത്രം പൂജിക്കുമ്പോൾ ഗുരുവിനെ (പണ്ഡിതനെ) സർവ്വരും പൂജിക്കും. ദേശകാലങ്ങൾക്കതീതമാണ് അവരുടെ മഹത്വം!

വിദ്യയാണ് മനുഷ്യർക്ക് കൂടുതൽ സൗന്ദര്യമുണ്ടാക്കിത്തരുന്നത്. അന്യരുടെ ദൃഷ്ടിക്കു വിഷയമാവാതെ സംരക്ഷിക്കപ്പെട്ടിട്ടുള്ള ധനവും വിദ്യയാണ്. സുഖമനുഭവിപ്പാനും കീർത്തിയുണ്ടാകാനും വിദ്യ കാരണമാകും. ഗുരുക്കന്മാരുടെയും ഗുരുവാണ് വിദ്യ. വിദ്യയില്ലാത്തവൻ മൃഗതുല്യനാണ്. 'നീതിശതക'ത്തിലെ കണ്ടെത്തലാണിതെല്ലാം. ജ്ഞാനംകൊണ്ട് ഹൃദയത്തെ സംസ്ക്കരിച്ചവൻ വിജയിച്ചു. അതിനെ മലിനമാക്കിയവൻ പരാജയപ്പെട്ടു എന്ന് ഖുർ ആൻ വ്യക്തമാക്കിയിട്ടുണ്ട്. അറിവ് വർദ്ധിപ്പിക്കുന്നവൻ ദുഃഖവും വർദ്ധിപ്പിക്കുന്നു എന്ന ബൈബിൾ വാക്യത്തിന്റെ

ആന്തരാർത്ഥം എത്രയോ ഉന്നതമാണ്!

മൂന്നു തരത്തിലുള്ള ഗുരുക്കന്മാരുണ്ട്- ചോദകഗുരു, ബോധകഗുരു, മോക്ഷദഗുരു. ശൈശവ-ബാല്യകാലങ്ങളിൽ എല്ലാ കാര്യത്തിലും ഉത്തേജനം നൽകുന്നവരാണ് ചോദക ഗുരുക്കന്മാരായ മാതാപിതാക്കൾ, Parents are first and best teachers എന്നാണല്ലോ ചൊല്ല്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിപ്പിക്കുന്നവരാണ് ബോധകഗുരുക്കന്മാർ. നാനാവിധത്തിലുള്ള അറിവിനെ അവർ ബോധ്യപ്പെടുത്തും. കുട്ടികളുടെ മനസ്സിനെയും മസ്തിഷ്ക്കത്തെയും ഉത്തേജിപ്പിക്കും. മോക്ഷദഗുരുക്കന്മാർ മോക്ഷത്തിലേക്കുള്ള വഴികാണിക്കാനായി, ആധ്യാത്മികജ്ഞാനം പകർന്നു തരുന്നവരാണ്. "മാതൃമാൻ പിതൃമാൻ ആചാര്യവാൻ വേദം എന്ന സൂക്തത്തിന്റെ അർത്ഥം, മുൻപറഞ്ഞ മൂന്നുകൂട്ടരുടെയും ശിക്ഷണം ലഭിച്ചവർക്കേ ജ്ഞാനസംതൃപ്തി ലഭിക്കുകയുള്ളൂവെന്നാണ്. അറിവ് തോന്നിയാണെങ്കിൽ ഗുരു കടത്തുകാരനാണ്. കാറ്റിലും കോളിലും പെടാതെ ജീവിതത്തെ അക്കരയെത്തിക്കുന്നവൻ. വിദ്യയില്ലാത്തവരെ ശുനപുച്ഛ (പട്ടിയുടെവാൽ) ത്തോട് ഒരു കവി ഉപമിച്ചിട്ടുണ്ട്. ഗുഹ്യഭാഗം മറയ്ക്കാനോ പ്രാണികളെ ആട്ടിയോടിക്കാനോ വാലിനു കഴിയുന്നില്ല. അതുപോലെ നിഷ്പ്രയോജനമാണ് നിരക്ഷരുടെ കാര്യവും.

വിജ്ഞാനം വിരൽത്തുമ്പിലായ (സമൂഹമാധ്യമങ്ങളിലൂടെ ലഭിക്കുമല്ലോ) ഇക്കാലത്ത് ഗുരുശിഷ്യബന്ധത്തിന്റെ പ്രസക്തിയെക്കുറിച്ച് ചിന്തിക്കുന്നവരുണ്ട്. ഗുരുമുഖത്തുനിന്നും ലഭിക്കുന്ന ജ്ഞാനം കേവലം അറിവിന്റേതുമാത്രമല്ല, ധാർമ്മികതയും സംസ്ക്കാരവും കൂടിയുണ്ട്. അറിവിനെ അനുഭവത്തിന്റെ മൂശയിലിട്ടുരുക്കി, കാന്തിയും മൂല്യവും വർദ്ധിപ്പിച്ചാണ് ഗുരു നൽകുന്നത്. ഗ്രന്ഥത്തിൽനിന്നോ മറ്റു മാധ്യമങ്ങളിൽ നിന്നോ ലഭിക്കുന്നവർക്ക് ആ ചൂരും ചൂടും കാണുകയില്ല. ഗഹനമായ ശാസ്ത്രതത്വവും ഭാവോജ്വലമായ കവിതയും, ഗുരുമുഖത്തുനിന്നാവുമ്പോൾ മാറ്റുകൂടും.

Information, Knowledge, Wisdom -വിവരം, വിജ്ഞാനം, ജ്ഞാനം എന്നു പാശ്ചാത്യരും ജ്ഞാനം, വിജ്ഞാനം, സംജ്ഞാനം, പ്രജ്ഞാനം എന്നു ഭാരതീയരും അറിവിന്റെ തരതമഭേദങ്ങളെ തരം തിരിച്ചിട്ടുണ്ട്. അറിവിന്റെ നിറവിലെത്താൻ, ഈ പടവുകളിലൂടെ കടന്നുപോകുന്നവർക്ക് ഒരാചാര്യന്റെ സഹായം അനിവാര്യമാണ്.

അധ്യാപനം ഒരു കലയാണെന്ന് മനസ്സിലാക്കണം. ഫ്രഞ്ച് എഴുത്തുകാരനായ അനത്തോൾ ഫ്രാൻസ് നൽകുന്ന നിർവ്വചനമിതാണ്. "The whole art of teaching is the art of awakening the natural curiosity of youngminds for the purpose of satistying it afterwards" കുട്ടികളിൽ ജന്മനായുള്ള ജിജ്ഞാസയെ ഉണർത്തി, പിൽക്കാലത്ത് അതു സാക്ഷാത്ക്കരിക്കാനുള്ള പ്രേരണ നൽകുന്നവരാകണം അദ്ധ്യാപകർ. ശാരീരികമോ മാനസീകമോ ആയ പീഡനം വിദ്യാർത്ഥികൾക്കു നൽകരുത്. അവരെ സ്നേഹിക്കണം, കരുതലുണ്ടാവണം. കൊച്ചുതുമ്പിയെക്കൊണ്ട് വലിയ കല്ല് എടുപ്പിക്കുന്നതുപോലെ, ഗൃഹപാഠത്തിലും മറ്റും അമിതഭാരം നൽകരുത്.

Teacher എന്ന വാക്കിലെ ഓരോ അക്ഷരത്തിന്റെയും അർത്ഥമറിയുമ്പോഴാണ്, ആ പദവിയുടെ മഹത്വം ഗ്രഹിക്കാനാവുന്നത്. T.Trust worthy (വിശ്വാസയോഗ്യം), E-Earnest (ആത്മാർത്ഥത) A-Active (പ്രവർത്തനക്ഷത) C.Courteous (മാന്യത,വിനയം) H-Honest (സത്യസന്ധത) E-Efficiency (വൈദഗ്ധ്യം), R-Resourceful (പാണ്ഡിത്യം). ഇതെല്ലാം ഫലപ്രദമായി വിനിയോഗിക്കുന്ന ടീച്ചർ വിദ്യാർത്ഥികൾക്ക് ദേവതുല്യരാണ്. വില്യം മൂർതർ വാർഡ് അദ്ധ്യാപകരെക്കുറിച്ചു പറയുന്നതിങ്ങനെ: The mediocre teacher tells, The good teacher explains, The Superior teacher demonstrates, The great teacher inspires.

മഹാദർശനികനായ സോക്രട്ടീസ് പറഞ്ഞു: wisdom is virtue, ignorance is evil- അറിവ് നന്മയാണ് അറിവില്ലായ്മ തിന്മയാണ്. സ്വാമി വിവേകാനന്ദൻ എഴുതി: Knowledge is life, ignorance is death- അറിവ് ജീവിതമാണ്, അറിവില്ലായ്മ മരണമാണ്. മനുഷ്യനിൽ അന്തർലീനമായ ദിവ്യത്വത്തെ പുറത്തുകൊണ്ടുവരുന്നതായിരിക്കണം യഥാർത്ഥ വിദ്യാഭ്യാസം. ഗുരുശിഷ്യപാരസ്പര്യം അതിനു സഹായിക്കും. മഹാത്മ ഗാന്ധി സർവ്വകലാശാലയുടെ പ്രമാണവാക്യം (Motto) 'വിദ്യയാമൃതവശ്നുതേ' അറിവുകൊണ്ട് അമരത്വം പ്രാപിക്കാം! എന്നാണ്. ●

## ക്നാനായ യൂത്ത് അസോസ്സിയേഷൻ



ക്നാനായ യൂത്ത് അസോസ്സിയേഷൻ പുല്ലരിക്കുന്ന് സെന്റ് ജോർജ്ജ് ക്നാനായ കുരിശുപള്ളി യൂണിറ്റിന്റെ ക്രിസ്മസ് ആഘോഷം 23-12-17 ശനിയാഴ്ച നടത്തപ്പെട്ടു. വികാരി ഫാ. തോമസുകുട്ടി മങ്ങാട്ടിന്റെ അദ്ധ്യക്ഷതയിൽ കൂടിയ യോഗം ആർച്ച്ബിഷപ്പ് അഭി. മോർ സേവേറിയോസ് കുറിയാക്കോസ് വലിയമെത്രാപ്പോലീത്താ ഉദ്ഘാടനം ചെയ്തു. കോട്ടയം സെന്റ്മേരീസ് ക്നാനായ വലിയപള്ളി വികാരി. ബഹു. മോനായി കെ.ഫിലിപ്പ് ക്രിസ്തുമസ് ദൂത് നൽകി. റവ.ഫാ. ഏലിയാസ് ഇളവൻകുളം, ട്രസ്റ്റി ഷിനോ ജോസഫ് കല്ലൂർതുണ്ടിയിൽ, സെക്രട്ടറി മനോജ് മാത്യു പെരുമ്പള്ളിപറമ്പിൽ, ജിത്തു ജോസഫ് മണലേൽ ചിറയിൽ എന്നിവർ പ്രസംഗിച്ചു. തുടർന്ന് ഇടവക ഗായകസംഘത്തിന്റെ കരോളും നടത്തപ്പെട്ടു.

# ഇ- ലോകത്ത് മനുഷ്യൻ നേരിടുന്ന വെല്ലുവിളികൾ

**അനൂബ് ജോൺ, ചക്രവേലിൽ,**
**(സാമൂഹ്യശാസ്ത്ര. IT അദ്ധ്യാപകൻ എച്ച്.എസ്, രാമമംഗലം)**

**സൈബർ യുഗത്തിൽ കപ്യൂട്ടറും, മൊബൈൽ ഫോണും സോഷ്യൽ നെറ്റ് വർക്കുകളും മനുഷ്യനെ നശിപ്പിക്കുന്നു.**

വിവര സാങ്കേതിക വിദ്യയുടെ ഉപയോഗം അനുദിനം വികസിച്ചുകൊണ്ടിരിക്കുകയാണ്. മനുഷ്യന്റെ അടിസ്ഥാന ആവശ്യങ്ങൾ എന്ന് കരുതിയിരുന്ന ആഹാരം, വസ്ത്രം, പാർപ്പിടം എന്നിവയിലേക്ക് ഇന്റർനെറ്റും, ഇ മെയിലും ഫെയ്സ്ബുക്കും ഒക്കെ കൂട്ടി ചേർക്കേണ്ടിരിക്കുന്നു. ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഐ.ടിയുടെ സാന്നിദ്ധ്യം അനിവാര്യമാണ്. ഭരണ, സേവന, വിദ്യാഭ്യാസ രംഗങ്ങളിലെല്ലാം ഐ.ടി. സാധ്യത തള്ളികളയാൻ പറ്റുകയില്ല. ഇൻകം ടാക്സ് അടയ്ക്കുന്നതിനു കണക്ക് ബോധിപ്പിക്കുന്നതു മുതൽ (ഇ ഫയൽ) വില്ലേജ് ഓഫീസിൽനിന്ന് വരുമാന സർട്ടിഫിക്കറ്റ് ലഭിക്കുന്നതുവരെ ഓൺലൈൻ വഴി.

വിവരസാങ്കേതിക വിദ്യയുടെ വളർച്ചക്കെതിരെ മുഖം തിരിക്കുന്ന ഒരു ജനതയെ അല്ല നമുക്കാവശ്യം. മറിച്ച് അനന്തമായ സാധ്യതകളെ തിരിച്ചറിഞ്ഞ് ആയതിന്റെ നന്മ മുഴുവൻ ഉൾകൊള്ളുന്ന ഒരു സമൂഹമാണ് നമുക്ക് വേണ്ടത്. എന്നാൽ ദൗർഭാഗ്യവശാൽ ജീവിതത്തിന്റെ ഭൂരിഭാഗം സമയവും കപ്യൂട്ടറിന്റെ മുമ്പിൽ തളച്ച ഒരു തലമുറയായി നാം മാറിയിരിക്കുന്നു. ചില കണക്കുകളുടെയും റിപ്പോർട്ടുകളുടെയും സഹായത്തോടെ ഈ വലയിലെ ചില ചതിക്കുഴികളെ നമുക്ക് പരിശോധിക്കാം.

ഇന്റർനെറ്റ് ഉപയോഗത്തിൽ ഇന്ത്യ ചൈനയ്ക്ക് പിൻപിൽ അമേരിക്കയെ കടത്തിവെട്ടി രണ്ടാംസ്ഥാനം കരസ്ഥമാക്കിയത് 2014 ജൂൺ മാസത്തിലാണ്. 2010–12 കാലയളവിൽ സൈബർ കുറ്റകൃത്യങ്ങളുടെ പേരിൽ രജിസ്റ്റർ ചെയ്ത കേസുകളിൽ കേരളം ഏറ്റവും മുൻപന്തിയിൽ നിൽക്കുന്നു. കേരളത്തിൽ റേഷൻ കാർഡിനേക്കാൾ കൂടുതൽ മൊബൈൽ ഫോൺ ദാതാക്കാളാണുള്ളത്. ഇന്റർ നെറ്റ് ഉപയോഗിക്കുന്ന കുട്ടികളിൽ പത്തിൽ ഏഴുപേരും അശ്ലീല സെറ്റുകളിൽ കയറുന്നവരാണ്. കമ്പ്യൂട്ടർ ഗെയിമുകളും കൊച്ചു ടി.വി., പോഗ്രാം മുതലായ ചാനലുകളുടെ അമിതമായ കാഴ്ചമൂലം കൊച്ചുകുട്ടികൾക്ക് കാഴ്ച വൈകല്യംപോലെ പ്രശ്നങ്ങൾ റിപ്പോർട്ട് ചെയ്യുന്നു. ഈ അടുത്തകാലത്ത് ഉണ്ടായ വിവാഹമോചന കേസുകളിൽ എൺപതു ശതമാനത്തിലധികം മൊബൈൽ ഫോൺ വഴിയോ ഫെയ്സ്ബുക്ക്, വാഴ്സ്പ്പ് വഴിയോ ഉണ്ടായ പുതിയ ബന്ധങ്ങൾവഴിയാണെന്ന് റിപ്പോർട്ട് ചെയ്യുന്നു.

മേൽപ്പറഞ്ഞ കണക്കുകളും റിപ്പോർട്ടുകളും എന്ത് നിഗമനത്തിലേക്കാണ് നമ്മെ നയിക്കുന്നത്. സൈബർ കുറ്റങ്ങളെക്കുറിച്ചും തട്ടിപ്പുകളെക്കുറിച്ചും അറിയില്ലായ്മ ഒരു വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. സൈബർ കുറ്റങ്ങളെക്കുറിച്ചുള്ള ബോധവൽക്കരണം സ്ക്കൂളുകളിൽ പാഠ്യപദ്ധയിയുടെ ഭാഗമാക്കി മാറ്റണം. കത്തുകളിലൂടെ നാം കൈമാറി വന്ന സൗഹൃദവും സ്നേഹവും എല്ലാം എസ്.എം.എസ്, ചാറ്റിങ്ങ് ഈമെയിലിനും വഴിമാറികൊണ്ടിരിക്കുന്നു. മിസ്ഡ് കോളിലൂടെയും ഫെയ്സ്ബുക്കിലൂടെയും പ്രണയിച്ച് അബദ്ധങ്ങൾ സംഭവിച്ച കഥകൾ ഇന്ന് അനവധിയാണ്. ഒരു വീട്ടിൽ രണ്ടു മുറികളിലിരുന്ന് സ്കൈപ്പിലും വാട്ട്സ്പ്പിലൂടെയും വിവരങ്ങൾ കൈമാറുന്ന തലത്തിലേക്ക് സാങ്കേതിക വിദ്യ വളർന്നപ്പോൾ വ്യക്തി ബന്ധങ്ങളിലും കുടുംബ ബന്ധങ്ങളിലും ഉണ്ടാക്കിയ ശിഥിലത വളരെ വലുതാണ്. ഗ്രാമീണ വായനശാലകളിലും നാൽകവലകളിലും കൂട്ടമായി ചെറുപ്പക്കാർ കൂടിയിരുന്ന് വ്യത്യസ്ത ചർച്ചകളിൽ ഏർപ്പെട്ടിരുന്ന കാലമല്ല ഇന്ന്, മുറിയിൽ കുത്തിയിരുന്ന് ഈ ലോകത്തിലൂടെ സഞ്ചരിച്ചിരുന്ന ഒരു യുവതലമുറ പോസ്റ്റ് ഓഫീസ് തുറക്കുന്നതും കാത്ത് കത്തിനായി കാത്തിരുന്നവരും ഒളിഞ്ഞ് ഉച്ചപ്പടങ്ങൾക്കായി പോയിരുന്ന ഒരുതലമുറയല്ല ഇന്നത്തേത്. ഈലോകം സർവ്വ സ്വതന്ത്രമായി എല്ലാം നല്കുന്നു.

ഒരു വ്യക്തിയുടെ അനുമതിയില്ലാതെ അയാളുടെ ഫോട്ടോയെടുക്കുന്നത് സൈബർ കുറ്റകൃത്യമാണ്. എടുക്കുന്ന ഫോട്ടോ ഇന്റർനെറ്റിൽ അപ് ലോഡ് ചെയ്യുന്നതും ദുരുപയോഗം ചെയ്യുന്നതും സോഷ്യൽ നെറ്റ്വർക്കിലൂടെ അസഭ്യം, അശ്ലീല ചിത്രങ്ങൾ പ്രചരിപ്പിക്കുന്നതും IT ആക്ട് 67,67എ, 67 ബി എന്നിവ പ്രകാരം കുറ്റകരമാണ്. ഫെയ്സ്ബുക്കിലും, ടിറ്റർ, ഇ.മെയിൽ ഇവയുടെ വിവരങ്ങൾ ഷെയർ ചെയ്യുന്നതിലൂടെ ആരെയെങ്കിലും വ്യക്തിഹത്യനടത്തുകയോ അശ്ലീലമായവയോ ആണെങ്കിൽ നാം ചെയ്യുന്നത് ഗൗരവതരമായ കുറ്റമാണ്. പുതു പുത്തൻ സിനിമകൾ ഡൗൺലോഡ് ചെയ്യുന്നതോ അപ്ലോഡ് ചെയ്യുന്നതോ പെൻഡ്രൈവ്, സി.ഡി. മുതലായവവഴി കൈമാറുന്നതും സൈബർ കുറ്റമാണ്. മറ്റൊരാളുടെ ഫോണിലേക്ക് അശ്ലീല സന്ദേശങ്ങളും ചിത്രങ്ങളും അയക്കുക, ഫോൺ ചെയ്ത് ശല്യപ്പെടുത്തുക, നമുക്കറിയില്ല ആ വസ്തുതകൾ ഇന്റർനെറ്റിലും സോഷ്യൽ മീഡിയയിലും പ്രചരിപ്പിക്കുന്നതും കുറ്റകരമാണ്. പിണറായി വിജയന്റെ വീടെന്ന പേരിൽ വ്യാജ ചിത്രം പ്രചരിപ്പിച്ച രണ്ട് മലയാളി ചെറുപ്പക്കാരുടെ കഥ നമുക്കറിയാം. 2009 ൽ ഐ.ടി. നിയമം പരിഷ്കരിച്ച ശേഷമുള്ള ആദ്യ അറസ്റ്റ് ആയിരുന്നു ഇത്. നമ്മുടെ രാജ്യത്തെ ഓൺലൈൻ അശ്ലീല കേസുകളിൽ ഒന്നാം സ്ഥാനവും സാക്ഷര കേരളത്തിനാണ്.

ഇന്റർനെറ്റിന്റെ ഗുണമേന്മ തിരിച്ചറിഞ്ഞ് ഉപയോഗപ്പെടുത്തുമ്പോഴും ആയതിന്റെ തിന്മകളെക്കുറിച്ച് നാം ബോധവാനായിരിക്കണം. നമ്മുടെ കുഞ്ഞുങ്ങൾ മുറിയടച്ചിട്ട് കമ്പ്യൂട്ട

റിലും മൊബൈൽ ഫോണിലും അധിക സമയം ചിലവിടുന്നെങ്കിൽ മാതാപിതാക്കൾ ശ്രദ്ധിക്കണം. കപ്യൂട്ടർ തുറക്കുമ്പോൾ പാസ്‌വേർഡ് ചോദിക്കുന്നുവെങ്കിൽ അതിലെന്തോ ഒളിപ്പിച്ചിരിക്കുന്നു എന്നു തിരിച്ചറിയുവാൻ മാതാപിതാക്കൾക്കാവണം. എന്റെ കുട്ടി ഗുഗിളിൽ എന്താണ് തിരയുന്നത് എന്നറിയുവാനുള്ള സ്വാതന്ത്ര്യമെങ്കിലും മാതാപിതാക്കൾക്കുണ്ടാവണം. ആ സമയങ്ങളിൽ മെസേജുകൾ വരുന്നതും കണ്ട് ശ്രദ്ധിച്ച മാതാപിതാക്കളുടെ അനുഭവകഥ ഇങ്ങനെ. ഹൈസ്ക്കൂൾ ക്ലാസ്സിൽ പഠിക്കുന്ന പെൺകുട്ടി യു.പി. ക്ലാസുകളിൽ മികച്ച മാർക്ക് മേടിച്ച കുട്ടി ഹൈസ്ക്കൂൾ ക്ലാസിലെത്തിയപ്പോൾ മാർക്കു കുറഞ്ഞു. ക്ലാസ്സിൽ കുട്ടിയുണ്ട് എന്നാൽ കുട്ടിയുടെ മനസ്സ് മറ്റെവിടെയോ എന്ന് അദ്ധ്യാപകർ. കുട്ടിയെ നിരന്തരമായി ശ്രദ്ധിച്ചപ്പോൾ ആണ് ഞെട്ടിക്കുന്ന ആ വിവരം മാതാപിതാക്കൾ അറിയുന്നത്. മണി 12 മണിക്ക്ശേഷവും കുട്ടിക്ക് മൊബൈൽഫോൺ മെസേജും അതോടൊപ്പം ഫെസ്ബുക്ക്, വാട്ട്സ്പ് ചാറ്റിലും കുട്ടിയുടെ പിതാവ് വിദേശത്താണ്. വിദേശത്തുള്ള പിതാവ് സ്കൈപ്പിൽ കാണുന്നതിന്‌വേണ്ടി ലാപ്ടോപ്പ് വാങ്ങി നൽകി. അമ്മയ്ക്കാകട്ടെ കമ്പ്യൂട്ടർ പരിജ്ഞാനം കുറവും. ഇത് കുട്ടി ഉപയോഗിക്കുവാൻ ആരംഭിച്ചു. പുതിയ ബന്ധങ്ങൾ വളർന്നു. വീട്ടിൽ ആളില്ലാത്ത സമയത്ത് പലരും വീട്ടിൽ വരുവാൻ തുടങ്ങി. അങ്ങനെ കുട്ടി പതിയെ വഴി തെറ്റി പോയി. മാതാപിതാക്കൾ സങ്കടത്തോടെയാണ് ഈ അനുഭവം പങ്കുവെച്ചത്. ഫെയ്സ് ബുക്കിലൂടെ രണ്ട് വർഷത്തെ പ്രണയത്തിനുശേഷം ഉറ്റവരേയും ഉടയവരേയും ഇട്ടെറിഞ്ഞ് കൊല്ലത്ത് നിന്ന് പാലക്കാട് റെയിൽവേസ്റ്റേഷനിൽ എത്തിച്ചേർന്ന് 18 വയസ്സുകാരിയുടെ കഥ പത്രങ്ങളിൽ വാർത്തയായത് ഈ അടുത്ത കാലത്താണ്. റെയിൽവേ സ്റ്റേഷനിൽ കാമുകനെ കണ്ട 18 കാരി ഞെട്ടി 75 വയസ്സുകാരനായിരുന്നു അയാൾ. ചതിയുടെ കഥകൾ അങ്ങനെ നീളുന്നു. ചാറ്റിങ്ങ് ചീറ്റിങ്ങിനു വഴി മാറുമ്പോൾ ഓർമ്മിക്കുക ജീവിതം ഒന്നെയുള്ളു. നന്മതിന്മകളെ തിരിച്ചറിയുവാൻ കുട്ടിയെ പ്രാപ്തരാക്കുക എന്നതാണ് മാതാപിതാക്കളുടെ ധർമ്മം.

ലോകത്തിന്റെ നാനാ ഭാഗത്ത് ചിതറികിടക്കുന്നവർക്ക് ചർച്ചകൾ നടത്തുന്നതിനും തങ്ങളുടെ ആശയങ്ങളും വിവരങ്ങളും കൈമാറുന്നതിനും പുത്തൻ അറിവുകൾ സ്വായത്തമാക്കുന്നതിനും ഒക്കെ ഇ- സാങ്കേതിക വിദ്യയെ നമുക്ക് ഉപയോഗിക്കാം. ഇതിന്റെ പിന്നിലെ ചതിക്കുഴികളിൽ ചെന്നുചാടാതെ ഇന്റർനെറ്റിന്റെ മുമ്പിൽ തളച്ചിടാനുള്ളതല്ല തങ്ങളുടെ യൗവനം എന്നതിരിച്ചറിവും നമുക്കുണ്ടാകണം.

●

# “ആരുടെതെങ്കിലുമാകട്ടെ വാക്കുകൾ”

**റ്റി.കെ. തോമസ്, തൈകുറിഞ്ഞിയിൽ,**
**തിരുവൻവണ്ടൂർ**

വാക്കുകൾ ആരുടെതെങ്കിലുമാകട്ടെ വരികൾക്കിടയിൽ വായിക്കുമ്പോൾ ഓർക്കുക! രോഗം,കടം, ശത്രു, ഇവ മൂന്നിനേയും ഒരിക്കലും വിലകുറച്ചു കാണരുത്. മനസ്സ്, പ്രവർത്തി, അത്യാർത്തി ഇവകൾ നിയന്ത്രിക്കാൻ പഠിക്കുക. അമ്പ് വില്ലിൽനിന്നും, വാക്ക് നാവിൽനിന്നും, ജീവൻ ശരീരത്തിൽനിന്നും പോയിക്കഴിഞ്ഞാൽ തിരിച്ചു ലഭിക്കില്ല. ദുർന്നടപ്പ്, മുൻകോപം, അത്യാഗ്രഹം ഇവ നമ്മെ ദുർബലപ്പെടുത്തുന്നു. കൂടാതെ നമ്മെ യഥാർത്ഥ ലക്ഷ്യത്തിൽനിന്നും അകറ്റി കളയുന്നു. ബുദ്ധി, സ്വഭാവഗുണം, നമ്മുടെ കഴിവ് ഇവ മൂന്നും ആർക്കും മോഷ്ടിക്കാൻ സാധിക്കില്ല. ദൈവം, ഉത്സാഹം, അച്ചടക്കം, ഇവ മൂന്നും മനസ്സിൽ ഉണ്ടാകുക അത് പുരോഗതിയിലേക്ക് നമ്മെ നയിക്കും. സ്ത്രീ, സഹോദരർ, സുഹൃത്ത് ഇവ മൂന്നുപേരും സമയവും, സന്ദർഭവും, നമുക്ക് മനസ്സിലാക്കി തരുന്നു. ഗുരു, മാതാവ്, പിതാവ് ഇവർ മൂന്നുപേരെയും എല്ലാക്കാലത്തും ബഹുമാനിക്കുക. കുട്ടികൾ, ഭ്രാന്തന്മാർ, വിശക്കുന്നവർ, ഇവരോട് സദാ ദയ കാണിക്കുക. ഉപകാരം, ഉപദേശം, ഔദാര്യം, ഇവ ഒരിക്കലും വിസ്മരിച്ചുപോകരുത്. സത്യം, ധർമ്മം, മരണം, ഇവ എപ്പോഴും ഓർക്കുക, മോഷണം, അപവാദം കള്ളം പറച്ചിൽ, ഇവ മൂന്നും കാരണം നമ്മുടെ വില നശിച്ചുപോകുന്നു. സൗമ്യത, ദയ, ക്ഷമ, ഇവ സദാഹൃദയത്തിൽ ഉണ്ടാകണം. നാവ്, ദേഷ്യം, ദുർസ്വഭാവം, ഇവ മൂന്നിനേയും അടക്കി നിർത്തുക. ജനനം മറ്റുള്ളവരാൽ നൽകപ്പെട്ടതാണ്. പേര് ആളും ആരോ നമുക്ക് നൽകിയതാണ്. വിദ്യാഭ്യാസം നമുക്ക് മറ്റുള്ളവരിൽനിന്നും ലഭിക്കേണ്ടതാണ്. ധനം, വരുമാനം, മറ്റാരോ നൽകിയതാണ്. ആദരവ്, മറ്റുള്ളവരിൽനിന്നു ലഭിക്കേണ്ടതാണ്. ആദ്യം നമ്മെ കുളിപ്പിച്ചതും അണിയിച്ചൊരുക്കിയതും മറ്റാരോ ആണ്. അവസാനം കുളിപ്പിക്കേണ്ടതും അണിയിച്ചൊരുക്കേണ്ടതും മറ്റാരോ ആണ്. ഇങ്ങനെ ഒക്കെ ആയിരിക്കേ പിന്നെ എന്തിനു നാം അഹങ്കരിക്കണം. എന്തിനു മറ്റുള്ളവരെ വില കുറച്ചു കാണണം. മറ്റുള്ളവർ നമ്മെക്കുറിച്ച് എന്തു ചിന്തിക്കുന്നു എന്നു നാം എന്തിനു ചിന്തിക്കുന്നു. നമുക്ക് ഇഷ്ടമില്ലാത്ത ആളുകളെ എന്തിനു നമ്മുടെ സ്മരണകളിൽ കൊണ്ടു വരുന്നു. ഈ ലോകം ഞാൻ ഉണ്ടെങ്കിലും, ഇല്ലെങ്കിലും ഇങ്ങനെ തന്നെ മുമ്പോട്ടു പോകും എന്നു തിരിച്ചറിയുക. പ്രിയമുള്ളവരുടെ ഇഷ്ടാനുഭവങ്ങൾ കണ്ടുപിടിക്കുക, കുറ്റങ്ങൾക്കു പിന്നാലെ പോകാതിരിക്കുക. ഒരുനാൾ ഇവിടെവിട്ടു പോകേണ്ടവരാണ് നാമെന്ന് ഓർക്കുക, അപ്പോൾ ചുറ്റുമുള്ളതിനെ സ്നേഹിക്കാൻ തോന്നും. മറ്റുള്ളവരെ കരയിച്ചതോർത്ത് ദൈവസന്നിധിയിൽ കരയുക, ചിരിക്കാൻ ലഭിക്കുന്ന അവസരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തുക. ദൈവമുമ്പാകെ കരയുന്നവന്, മനുഷ്യന്റെ മുമ്പിൽ കരയേണ്ടിവരില്ല എന്ന യാഥാർത്ഥ്യം വിസ്മരിച്ചു കളയരുത്. അപവാദങ്ങളോടു പ്രതികരിക്കാതിരിക്കുക, അവനവൻ കുഴിക്കുന്ന കുഴിയിൽ അവനവൻ തന്നെ വീണു കൊള്ളും.

●



# ശരത് ചന്ദ്ര ചാറ്റർജി

## ദേവദാസിന്റെ രചയിതാവ്

എബി

ബംഗ്ല സാഹിത്യത്തിലെ ശരത്കാല ചന്ദ്രനാണ് ശരത് ചന്ദ്രചാറ്റർജി. ബംഗാളികൾ അദ്ദേഹത്തെ ശരത് ചന്ദ്രചതോപാദ്ധ്യായ എന്നു വിളിക്കുന്നു. ബംഗാളിൽ ഉന്നതകുല ബ്രാഹ്മണരെല്ലാം ഉപാദ്ധ്യായമാരാണ്. (ആചാര്യൻ). ബന്ദോപാദ്ധ്യായ, ചതോപാദ്ധ്യായ, ഗംഗോപാദ്ധ്യായ, മുഖോപാദ്ധ്യായ എന്നിങ്ങനെ. എന്നാൽ ഇൻഡ്യ ഭരിക്കാനെത്തിയ സായിപ്പന്മാർക്ക് ഈ പേരുകൾ ഉച്ചരിക്കാൻ ബുദ്ധിമുട്ടായപ്പോൾ അവർ അവർക്കു വഴങ്ങുന്ന രീതിയിൽ പേരു മാറ്റി. ബന്ദോപാദ്ധ്യായ ബാനർജിയായി. മുഖോപാദ്ധ്യായ മുഖർജിയും ചതോപാദ്ധ്യായ ചാറ്റർജിയുമായി. സായിപ്പ് പോയിക്കഴിഞ്ഞിട്ടും ചിലർ ആ പേരുതന്നെ നിലർത്തി. 'ദേവദാസ്' എന്ന നോവൽ പ്രസിദ്ധീകരിച്ചതോടെ ശരത് ചന്ദ്ര സാഹിത്യലോകത്ത് പ്രശസ്തനായി. ഈ കൃതി ഇൻഡ്യൻ സിനിമയ്ക്ക് 'ദേവദാസ്' എന്ന അനശ്വരനായ ഒരു ദുരന്ത കഥാപാത്രത്തെ സംഭാവന ചെയ്തു. വിവിധ ഇൻഡ്യൻ ഭാഷകളിൽ ദിലീപ്കുമാർ മുതൽ ഷാരുക്ഖാൻവരെ ഈ കഥാപാത്രത്തിന് ജീവൻ നൽകിയെങ്കിലും തമിഴിൽ അഭിനയിച്ച നാഗേശ്വരറാവു ആണ് 'ദേവദാസെന്ന്' ഈ കഥാപാത്രത്തെ ഏറ്റവും മികവുറ്റതാക്കി തീർത്തത്.



ശരത്ചന്ദ്ര 1876 സെപ്റ്റംബർ 15ന് ഹുബ്ലി ജില്ലയിലെ വേദാനന്ദ പൂർഗ്രാമത്തിൽ മോത്തിലാൽ ചതോപാദ്ധ്യായുടെയും ഭുവൻ മോഹിനിയുടെയും അഞ്ചു മക്കളിൽ ഒരാളായി ജനിച്ചു. കുലത്തൊഴിലായ പൂജാദി കർമ്മങ്ങളും ചെറിയ കൃഷിപ്പണികളുമായിരുന്നു കുടുംബത്തിന്റെ ഉപജീവന മാർഗ്ഗം. ദാരിദ്ര്യ പൂർണ്ണമായ ചുറ്റുപാടിലാണ് ഇദ്ദേഹം വളർന്നത്. ബാല്യത്തിൽ കുറെക്കാലം ബീഹാറിലെ ഭാഗൽപൂരിലുള്ള ഒരു ബന്ധുവീട്ടിൽ കഴിച്ചുകൂട്ടി.

ബംഗാളിലും ബീഹാറിലുമായി ലഭിച്ച പ്രാഥമിക വിദ്യാഭ്യാസത്തിനുശേഷം ശരത് ചന്ദ്ര 1903. ഓഗസ്റ്റിൽ ബർമ്മയിലേക്കു പോയി. റംങ്കൂണിൽ ഒരു സർക്കാർ ഓഫീസിൽ ഗുമസ്തപണി കിട്ടി. പിന്നീട് റെയിൽവേയിൽ അക്കൗണ്ട്സ് ഡിപ്പാർട്ടുമെന്റിൽ 13 വർഷം ജോലി ചെയ്തു. ആ കാലത്താണ് സാഹിത്യരംഗത്ത് ശ്രദ്ധേയനായത്. അതോടെ ജോലി രാജിവച്ച് കൽക്കത്തയിൽ വന്നു സാഹിത്യരചനയിൽ മുഴുകി. എഴുത്തിൽനിന്നും മാത്രമുള്ള വരുമാനംകൊണ്ട് മാന്യമായി ജീവിക്കാൻ കഴിയുമെന്ന് തെളിയിച്ച ഇൻഡ്യയിലെ പ്രഥമ സാഹിത്യകാരനാണദ്ദേഹം.

1904 ൽ ഒരു ചെറുകഥാ മത്സരത്തിൽ ഒന്നാം സമ്മാനാർഹനാകുന്നതോടെയാണ് ശരത്ചന്ദ്ര സാഹിത്യ രംഗത്തേക്ക് കാലെടുത്തു വച്ചത്. പിന്നെ തിരിഞ്ഞു നോക്കിയിട്ടില്ല.

'ജനഗണമന' എഴുതിയ ബങ്കിംചന്ദ്ര ചാറ്റർജിയുടെ ചുവടുപിടിച്ചാണ് അദ്ദേഹം എഴുതി തുടങ്ങിയതെങ്കിലും പിന്നീട് തന്റേതായ വഴികൾ വെട്ടിതെളിച്ച് സാഹിത്യ സഞ്ചാരം നടത്തി. അദ്ദേഹത്തിന്റെ തൂലികയിൽ വിരിഞ്ഞ അനശ്വര സൃഷ്ടിയാണ് ദേവദാസ് എന്ന കൃതി. സാഹിത്യ ലോകത്ത് മാത്രമല്ല ഇൻഡ്യൻ സിനിമാ വിഹാസയിലും ആ കഥാപാത്രം ഒരു ഉജ്വല നക്ഷത്രമായി ഇന്നും പ്രശോഭിക്കുന്നു. 109 പുസ്തകങ്ങൾ ആ അതുല്യ പ്രതിഭയുടേതായിട്ടുണ്ട്. അതിൽ മുപ്പതും നോവലുകൾ. 'നിഷ്ക്രിത്' 'ചരിത്രഹീൻ', 'ശ്രീകാന്ത, 'പരിണിത', 'ബഡാ ദീദി' എന്നിങ്ങനെ ആ നിര നീണ്ടുപോകുന്നു. 1926 ൽ ബംഗാളിലെ വിപ്ലവ പ്രസ്ഥാനത്തെക്കുറിച്ച് (പഥേർ ദാബി) ഒരു നോവൽ രചിച്ചെങ്കിലും ബ്രിട്ടീഷ് സർക്കാർ പിന്നീടത് നിരോധിച്ചു.

ശരത്തിന്റെ കൃതികളിൽ പലതും സ്വന്തം ജീവിതാനുഭവങ്ങളിൽ നിന്ന് ഉയിർ കൊണ്ടവയാണ്. ഹിന്ദു സന്യാസിയായും ബുദ്ധഭിക്ഷുവായുമൊക്കെ ശരത്ചന്ദ്ര ബർമ്മയിലും ഇൻഡ്യയിലെമ്പാടും സഞ്ചരിച്ചു. അതുകൊണ്ടായിരിക്കണം ഹിന്ദിയിലെ എഴുത്തുകാർ അദ്ദേഹത്തിന് 'ആവാമാ മസിഹാ' എന്ന വിശേഷണം നൽകിയത്. കുറെയേറെ പുരസ്ക്കാരങ്ങൾ ഈ അതുല്യ പ്രതിഭയെതേടിയെത്തിയിട്ടുണ്ട്. 1904 ൽ ലഭിച്ച 'കുന്ദലിൻ' പുരസ്ക്കാരവും കൽക്കത്ത യൂണിവേഴ്സിറ്റിയുടെ 'ജഗത് തരണി' മെഡലും ധാക്കാ യൂണിവേഴ്സിറ്റി നൽകിയ D ലിറ്റും അതിൽ ചിലതു മാത്രം.

ശരത് ചന്ദ്ര ചാറ്റർജിയുടെ കഥാപാത്രങ്ങളിലധികവും സ്ത്രീകളാണ്. അതുകൊണ്ടാണോ എന്നറിഞ്ഞുകൂടാ അദ്ദേഹത്തിന്റെ ജീവിതത്തിലും ഒന്നിലധികം സ്ത്രീകൾ കടന്നു വന്നു. ആദ്യ ഭാര്യ ശാന്താദേവി ബർമ്മയിൽ വച്ച് മരിച്ചു. അതിലുണ്ടായ മകനും അവിടെ 'പ്ലേഗ്' രോഗം ബാധിച്ച് മരണമടഞ്ഞു. 1910 ൽ 23 വയസുള്ള വിധവയായ 'മോക്ഷിതയെ വിവാഹം ചെയ്തു. അവൾക്ക് 'ഹിരൺമയി' എന്നു പേരിട്ടു.

അക്ഷരങ്ങളുടെ ലോകത്തിലൂടെയുള്ള സംഭവ ബഹുലമായ ആ യാത്ര അദ്ദേഹത്തിന് അധികം തുടരാനായില്ല. 1938 ജനുവരി 16ന് അറുപത്തിരണ്ടാമത്തെ വയസിൽ അദ്ദേഹം അർബുദ ബാധിതനായി അക്ഷരങ്ങളോട് വിട പറഞ്ഞ് ഈ ലോകത്തുനിന്നും യാത്രയായി. എങ്കിലും ആ ശരത്കാലചന്ദ്രൻ ഇൻഡ്യൻ സാഹിത്യ നഭസിൽ ഇന്നും പ്രകാശം ചൊരിഞ്ഞുകൊണ്ട് ജ്വലിച്ചു നിൽക്കുന്നു. ●



# വചനാമൃതം

**ഫാ. റോയി മാത്യു, കോറെപ്പിസ്ക്കോപ്പാ മുളമൂട്ടിൽ**

### കുഷ്ഠരോഗിയുടെ ഞായർ (ഗർബോ.)
### (ഫെബ്രുവരി 18) ലൂക്കോ. 5:12 – 16, 4:40 – 41.

യേശുവിന്റ ശ്രുതി സുറിയയിൽ ഒക്കെയും പരന്നു നാനാവ്യാധികളാലും ബാധകളാലും വലഞ്ഞവർ, ഭൂതഗ്രന്ഥർ ചന്ദ്രരോഗികൾ, പക്ഷവാതക്കാർ ഇങ്ങനെ സകലവിധ ദീനക്കാരേയും അവന്റെ അടുക്കൽ കൊണ്ടുവന്നു. അവൻ അവരെ സൗഖ്യമാക്കുകയും സുവിശേഷം പ്രസംഗിക്കുകയും ചെയ്തു. യേശു മനസ്സലിഞ്ഞു അവരെ തൊട്ടു തിരുവായ് മൊഴിഞ്ഞ് അവരോട് ഉപദേശിച്ചു. പുരുഷാരം വിസ്മയിച്ചു. ശാസ്ത്രിമാരെപ്പോലെ അല്ല. അധികാരമുള്ളവനായിട്ടത്രേ അവൻ അവരോട് ഉപദേശിച്ചത്. അവന്റെ വാക്കുകൾ ഹൃദയങ്ങളെ സ്പർശിക്കുന്നവയും രൂപാന്തരപ്പെടുത്തുന്നവയും അവന്റെ കരസ്പർശനം രോഗികളെ സൗഖ്യപ്പെടുത്തുന്നവയുമായിരുന്നു.

യേശു മലയിൽനിന്ന് ഇറങ്ങി പട്ടണത്തിൽ ഇരിക്കുമ്പോൾ ഒരു കുഷ്ഠരോഗിവന്നു കവിണുവീണു രോഗശമനത്തിനുവേണ്ടി പ്രാർത്ഥിച്ചു. കർത്താവേ നിനക്ക് മനസ്സുണ്ടെങ്കിൽ എന്നെ ശുദ്ധനാക്കുവാൻ കഴിയും എന്നു പറഞ്ഞു.

ശവപെട്ടിയിലിരിക്കുന്ന പിണംപോലെ കുഷ്ഠരോഗി ചലിക്കുന്ന ഒരു ശവം മാത്രം. പാപരോഗത്തിന്റെ പ്രതീകവും ദൈവകോപത്തിന്റെ ലക്ഷണവുമായ ഈ രോഗമുള്ളവനെന്നു തിരിച്ചറിഞ്ഞാലുടനെ ആ മനുഷ്യന്റെ മീതെ ശവസംസ്ക്കാര പ്രാർത്ഥന വായിക്കുകയും അന്ത്യ കർമ്മങ്ങൾ നടത്തുകയും ചെയ്യാറുണ്ടായിരുന്ന പതിവ് യൂദപാരമ്പര്യത്തിന്റെ ചുവടും പിടിച്ചുകൊണ്ടായിരുന്നുവെന്നാണ് ലൈറ്റ് ഫൂട്ടിന്റെ അഭിപ്രായം.

ദൈവത്തിന്റെ കരുണക്കും ശക്തിക്കും മാത്രമേ ജീർണ്ണിച്ചു ജീവച്ഛവമായിരിക്കുന്ന തന്നെ സൗഖ്യമാക്കാൻ കഴിയുമെന്നും ആ ശക്തിയും കരുണയും യേശുവിന് ഉണ്ടെന്നും വിശ്വാസമുണ്ടായിരുന്നതു കൊണ്ടാണവൾ യേശുവിന്റെ അരികിൽ എത്തി കവിണുവീണത്. കർത്താവിന്റെ ഹിതത്തിനു സ്വയം വിധേയമാകുന്ന വിശ്വാസത്തിന്റെ പടിയിലേക്കാണവൻ കവിണു വീണത്.

(കർത്താവേ- മനസ്സുണ്ടെങ്കിൽ എന്നെ)-എന്ന മൂന്നു വാക്കുകൾ ദൈവത്തേയും മനുഷ്യനേയും, സ്വർ ഗ്ഗത്തേ ഭൂമിയേയും, യേശുവിന്റെ, ഇച്ഛയേയും, തന്റെ ദേഹത്തേയും തമ്മിൽ ബന്ധിപ്പിക്കുന്ന പ്രാർത്ഥനാ ശൃംഖലയിലെ മൂന്നു കണ്ണികളായിരുന്നു. ആ പ്രാർത്ഥന യേശുവിന്റെ മനസ്സിനെ ആർദ്രമാക്കി ഇച്ഛയെ കർമ്മോന്മുഖമാക്കി, കരത്തെ ഉപാധിയാക്കി. യേശു മനസ്സലിഞ്ഞു കൈ നീട്ടി അവനെ തൊട്ടു. മനസ്സുണ്ട് ശുദ്ധമാക എന്നു കല്പിച്ച ഉടനെ കുഷ്ടം വിട്ടുമാറി ശുദ്ധി വന്നു. പാപം നിമിത്തം കുഷ്ടരോഗികളായ നമുക്ക് യേശുവിന്റെ സന്നിധിയിൽ കവിണുവീണു പ്രാർത്ഥിക്കാം. കർത്താവ് നമ്മേ ശുദ്ധീകരിക്കും.

### പക്ഷവാതക്കാരനെ സൗഖ്യമാക്കിയ ഞായർ
### (മ്ശറിയോ) (ഫെബ്രുവരി 25) വി.മർക്കോ.2:1 – 12

യേശു അത്ഭുത രോഗശാന്തി നല്കിയെന്നുള്ളത് ശത്രുക്കൾപോലും നിഷേധിക്കാത്ത ഒരു വസ്തുതയാണ്. അതിന്റെ കാരണം തന്റെ ദിവ്യത്വം വെളിപ്പെടുത്തുന്നതിനും, ദൈവത്തിന്റെ അഭിഷിക്തനായ പുത്രനാണെന്നു സ്ഥാപിക്കുന്നതിനും വേണ്ടിയായിരുന്നു എന്നു ചിലർ വ്യാഖ്യാനിക്കുന്നു. യേശുവിന്റെ ഉദ്ദ്യേശത്തെക്കുറിച്ച് സുവിശേഷകന്മാർ എഴുതുന്നത് അങ്ങനെയല്ല. അവൻ രോഗികളുടെ അരിഷ്ടത കണ്ട് മനസ്സലിഞ്ഞും അവരുടെ ആഗ്രഹവും അഭ്യർത്ഥനയുമനുസരിച്ചും അപേക്ഷകരുടേയും കൊണ്ടുവന്നവരുടേയും വിശ്വാസം കണ്ടും, നോക്കിനിന്നവരുടെ വിചാരങ്ങളും മുൻവിധിയും അറിഞ്ഞും രോഗികളെ സൗഖ്യമാക്കി എന്നാണ്.

യേശു കഫർന്നഹൂമിൽ ശീമോന്റെ വീട്ടിൽ അല്പം വിശ്രമിക്കുന്നതിന് ആരും അറിയാതെ കയറി. അവൻ വീട്ടിലുണ്ടെന്നുള്ള ശ്രുതി എല്ലായിടത്തും പരന്നു. അവിടെയുള്ള യേശുവിന്റെ സാന്നിദ്ധ്യത്തെ സൗരഭ്യമുള്ള സാന്നിദ്ധ്യം എന്നാണ് മില്ലർ വിശേഷിപ്പിക്കുന്നത്. ആരുടെയെങ്കിലും വീട്ടിലായാലും ഹൃദയത്തിലായാലും യേശുവിന്റെ സാന്നിദ്ധ്യം ആർക്കും ഒളിച്ചുവെക്കാവുന്നതല്ല. പൂക്കളും കത്തിച്ച വിളക്കും ഒളിച്ചും മറച്ചും വെച്ചാലും, പൂവിന്റെ പരിമളവും വിളക്കിന്റെ വെളിച്ചവും വെളിയിലേക്ക് വ്യാപിക്കും. ശാരോനിലെ പനിനീർപുഷ്പവും, ലോകത്തിന്റെ വെളിച്ചവുമെന്നു വിശേഷിപ്പിക്കപ്പെട്ട നസ്രായനും അപ്രകാരം തന്നെ. രാമച്ചവേരോ, ചന്ദനപ്പൊടിയോ വച്ചിരിക്കുന്ന പെട്ടിയിൽ സൂക്ഷിക്കുന്ന വസ്ത്രങ്ങൾ വാസനയുള്ളതായി തീരുന്നതുപോലെ, ആ ഗുരുവിന്റെ സാന്നിദ്ധ്യവും സമ്പർക്കവും ആശ്വാസവും ധൈര്യവും സന്തോഷവും പകരുന്നതാണ്. അതുകൊണ്ട് വാതിലിൽപോലും ഇടമില്ലാത്തവണ്ണം പലരും വന്നുകൂടി. അപ്പോൾ നാലാൾ ഒരു പക്ഷവാതക്കാരനെ ചുമന്ന് യേശുവിന്റെ അടുക്കൽ കൊണ്ടുവന്നു. പുരുഷാരം നിമിത്തം അവനെ സമീപിച്ചു കൂടായ്കയാൽ, അവൻ ഇരുന്ന സ്ഥലത്തിന്റെ മേൽപ്പുര പൊളിച്ചു തുറന്നു പക്ഷവാതക്കാരനെ കിടക്കയോടെ ഇറക്കി വെച്ചു. യേശു പക്ഷവാതക്കാരന്റെ ബന്ധുക്കളുടെ വിശ്വാസം കണ്ടിട്ടു നിന്റെ പാപങ്ങൾ മോചിച്ചിരിക്കുന്നു, കിടക്ക എടുത്തു നടക്ക എന്നു

പറഞ്ഞു. മനുഷ്യനുണ്ടാകുന്ന രോഗാരിഷ്ടതകൾ അയാളുടെ ദുഷ്ചിന്തയുടെയും ദുഷ്കർമ്മത്തിന്റെയും ഫലമാണ്. ഈ മനുഷ്യനും ചെയ്ത ഏതോ അതിക്രമത്തെക്കുറിച്ചുള്ള ഓർമ്മ അയാളെ അലട്ടികൊണ്ടിരുന്നിരിക്കണം. പക്ഷവാത ക്കാരന് പാപശാന്തിയും രോഗശാന്തിയും വരുത്തുന്നതിൽ പ്രേരകമായിരുന്ന പ്രധാനഘടകം കർത്താവിന്റെ സന്നിധി യിൽ എത്തിച്ചവരുടെ മനസ്സൊരുക്കവും ദൃഢനിശ്ചയവും പ്രതീക്ഷയും, വിശ്വാസവും ആയിരുന്നു. പാപക്ഷമ നൽകുവാൻ യേശുവിന് അധികാരമുണ്ടെന്ന് തെളിയിച്ച ഒരു അത്ഭുതമാണ് ഇത്. പാപക്ഷമ അവന്റെ ആത്മാവിനെ മാത്ര മല്ല സ്പർശിക്കുന്നതെന്നും ആത്മാവിനെയും ശരീരത്തേയും സൗഖ്യമുള്ളതാക്കുമെന്നും യേശു വ്യക്തമാക്കുന്നു. ഇവിടെ നാലുപേരുടെ വിശ്വാസവും ജനത്തിന്റെ നന്മക്കുവേണ്ടി തന്റെ വീട് പൊളിക്കാൻ അനുവദിച്ച വീട്ടുടമസ്ഥന്റെയും ത്യാഗമ നോഭാവവും ശ്ലാഘനീയമാണ്. തന്റെ പ്രസംഗത്തിനുണ്ടായ തടസ്സമോ വീടിനുണ്ടായ നാശമോ ഓർത്തു കോപിക്കുന്ന യേശുവല്ല പിന്നയോ മകനെ എന്നുള്ള യേശുവിന്റെ വാക്ക് ദയയും സൗമ്യതയും സൂചിപ്പിക്കുന്നു. രോഗിയെന്നോ പാപി യെന്നോ വിളിക്കപ്പെടേണ്ടവൻ യേശുവിന്റെ അടുക്കൽ വന്ന പ്പോൾ മകനായി തീർന്നു. യേശുവിന്റെ സ്നേഹം അത്ര ആഴ മായിരുന്നു. യേശുവിന്റെ സൗഖ്യവും ശക്തിയും പ്രാപിച്ച വൻ ആയതിന്റെ സാക്ഷിയാകേണ്ടത് ആവശ്യമാണ്. ഇന്നലെ വരെ പലർക്കും ഭാരമായിരുന്നവൻ എല്ലാവരുടെയും മുൻപിൽ കൂടി പുറത്തേക്കു പോകുന്നു യേശുവിനെ സ്വീകരിച്ചപ്പോൾ അവന് ബഹുമാനം ലഭിച്ചു.

## കനാൻകാരിയുടെ മകളെ സൗഖ്യമാക്കിയ ഞായർ (ക്നാനൈത്തോ)

### (മാർച്ച് 4) മത്താ. 15:21 – 31

യേശുക്രിസ്തു അന്യജാതികളുടെ അടുക്കൽ ഒരു ദിവസം ചെന്നപ്പോൾ ഒരു കനാന്യസ്ത്രീ സഹായത്തിനായി നിലവിളിച്ചു. എന്നാൽ യേശു സ്വന്ത ജനത്തിനുവേണ്ടിയാണ് വന്നത് എന്നും പറഞ്ഞ് അവളുടെ അപേക്ഷ നിരസിച്ചു എന്നു മാത്രമല്ല. മക്കളുടെഅപ്പം എടുത്തു നായക്കുട്ടികൾക്ക് ഇട്ടു കൊടുക്കുന്നതല്ല എന്നു പറഞ്ഞു അവളെ മുഷിപ്പിക്കു കയാണ് ചെയ്തത്. ഈ പരിഹാസ വാക്കുകൾ അവൾ വക വച്ചില്ല എന്നു മാത്രമല്ല അതു തന്നെ എടുത്തു അവളുടെ രക്ഷക്കുവേണ്ടി അവൾ ഉദ്ധരിച്ചു. മേശയുടെ കീഴിൽ വീഴുന്ന അപ്പക്കഷണങ്ങൾപോലെയുള്ള കരുണയുടെ തുള്ളികൾ അത്രേ അവൾ ആഗ്രഹിച്ചത്. പ്രലോഭനങ്ങൾ ഉണ്ടായിട്ടും അവൾ യേശുവിനെ വിശ്വസിച്ചു അത് അവൾക്ക് നീതിയാ യിതീർന്നു.

മനുഷ്യന്റെ സ്വൈര്യജീവിതത്തിന് ഭീഷണിയും ഉത്ക ണ്ഠയും വർദ്ധിപ്പിക്കുന്ന വിധത്തിൽ പിശാചിന്റെ വ്യാപാരം വർദ്ധിച്ചുകൊണ്ടിരിക്കയാണ്. പല വിധത്തിലുള്ള ആക്രമണ ങ്ങൾ, കൊള്ളകൾ, കൊലപാതകങ്ങൾ, രോഗങ്ങൾ, അപക ടങ്ങൾ മറ്റനേകം ദുഷിച്ച ദുഷ്ടപ്രവണതകൾ എന്നിവ എല്ലാ മേഖലകളിലുള്ളവരിലും ശക്തമായികൊണ്ടിരിക്കുന്നു. ദൈവ ത്തിന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട മനുഷ്യനേയും അവന്റെ ജീവിതത്തേയും തകർക്കുകയാണ് പിശാചിന്റെ ലക്ഷ്യം. അത് ഏദൻതോട്ടത്തിൽ ആരംഭിക്കു കയും ഇരുപത്തി ഒന്നാം നൂറ്റാണ്ടിൽ കൂടുതൽ വാശിയോടെ ദേശത്തിന്മേൽ ആഞ്ഞടിക്കുകയാണ്. ഓരോരുത്തരെ ഓരോ രീതിയിലാണ് തകർക്കാൻ ദുഷ്ടനായ പിശാച് ശ്രമിച്ചുകൊ ണ്ടിരിക്കുന്നത്. ഒരുവന് താല്പര്യം തോന്നുന്ന ജഡീകമോ, ഭൗതികമോ ആയ സംഗതികൾ ഒരു നൂലുപോലെ മനസ്സിൽ കോർത്തുവിടുന്ന പിശാച് അതിൽ ആസക്തി വർദ്ധിപ്പിച്ച് അവസാനം അതിന്റെ അടിമയാക്കി നശിപ്പിക്കുന്നു. അതു പോലെ പൂജാ ശക്തികൾ മന്ത്രവാദശക്തികൾ എല്ലാം മനുഷ്യജീവിതത്തിന് നേരെ പോരാട്ടങ്ങൾ അഴിച്ചുവിടുന്നു. പിശാചിന്റെ തന്ത്രങ്ങൾ തിരിച്ചറികയും അതിനോടെതിർത്തു നിൽക്കുകയും ചെയ്താൽ അത് നമ്മേ വിട്ട് പോകും. ആഭി ചാരം യാക്കോബിന് ഫലിക്കയില്ലെന്ന് വി. വേദപുസ്തകം പഠിപ്പിക്കുന്നു. ദൈവിക ബന്ധവും, ആരാധനയും ആത്മ ശക്തിയും ഉണ്ടെങ്കിൽ മാത്രമേ പിശാചിന്റെ തന്ത്രങ്ങൾ ഫലി ക്കാതിരിക്കുക ഉള്ളു.

ദുരാത്മാക്കൾ ബാധിച്ച ലെഗ്യോന്റെ ജീവിതവും വ്യക്തി ത്വവും തകർന്നതായിരുന്നു. കല്ലറയിലെ വാസവും സ്വന്തം ശരീരത്തെ ഇടിച്ചു ചതക്കലും അലറി വിളിച്ച് ദേശത്തെ നടു ക്കിയും കഴിഞ്ഞിരുന്നവനിൽനിന്ന് ഭൂതങ്ങളെ പുറത്താക്കി യപ്പോൾ അവൻ നല്ല വസ്ത്രം ധരിച്ച് മാന്യനായ ഒരു വ്യക്തി യായി മാറി. കനാൻകാരിയുടെ മകളിൽനിന്ന് ദുരാത്മാവിനെ മാറ്റിയപ്പോൾ അവൾ സുഖമായി കട്ടിലിൽ കിടന്ന് ഉറങ്ങി. ദുരാത്മാവിനെ ഒരു സ്ത്രീയിൽനിന്ന് പൗലോസ് മാറ്റിയ പ്പോൾ അവൾ മാന്യതയുള്ള ഒരു യുവതിയായി. അന്ധകാര ശക്തിയെ അകറ്റികളഞ്ഞപ്പോൾ നല്ല സ്വഭാവം ഉണ്ടായി. ആത്മാർത്ഥമായി അനുതപിക്കുകയും പാപങ്ങളേറ്റു പറഞ്ഞ് സത്യകുമ്പസാരം നടത്തി യേശുക്രിസ്തുവിലൂടെ ആത്മ രക്ഷ പ്രാപിക്കുകയും ചെയ്താൽ പിശാചിന്റെ ദുരിതങ്ങ ളിൽനിന്ന് മോചനം നേടി സൽസ്വഭാവികളായി ജീവിക്കാൻ സാധിക്കും.

## കൂനിയായ സ്ത്രീയേ സൗഖ്യമാക്കിയ ഞായർ (ക്പിപ്തോ)

### (മാർച്ച് 11) വി. ലൂക്കോസ് 13:10 – 17

അവൾ പതിനെട്ട് സംവത്സരത്തോളം ഒട്ടും നിവരുവാൻ കഴിയാതെ കൂനിയായി സ്ഥിതി ചെയ്തിരുന്നു. നമ്മുടെ കർത്താവ് ഒരു പള്ളിയിൽ പ്രസംഗിച്ചുകൊണ്ടിരുന്നപ്പോൾ അവളെ കണ്ടിട്ട് ആർദ്രത തോന്നി അടുക്കൽ വിളിച്ച് കൂനു നിവർത്തു അവളെ സൗഖ്യമാക്കി. അവൾ ഈ കാര്യം തന്നോട് ആവശ്യപ്പെടുന്നതായോ അപേക്ഷിക്കുന്നതായോ കാണുന്നില്ല. എങ്കിലും പുരോഹിതനെപോലെയും ലേവ്യ നെപോലെയും അലക്ഷ്യമായി കടന്നു പോകാതെ അവളെ സഹായിക്കുകയത്രെ ചെയ്തത്. ക്രിസ്ത്യാനികളായ നാം ക്രിസ്തുവിനെപോലെ ദീനാനുകമ്പയുള്ളവരും കാരുണ്യ പ്രവൃത്തികളിൽ തല്പരരും ആയിരിക്കേണ്ടതാണ്.

ലോകത്തെ സൂക്ഷ്മമായി വീക്ഷിച്ചാൽ സർവ്വ ലോകവും ക്ഷണഭംഗുരം എന്ന യാഥാർത്ഥ്യം വ്യക്തമായി മനസ്സിലാ ക്കാൻ സാധിക്കും. മനുഷ്യൻ തന്റെ ശക്തിയേയും പ്രഭാവ ത്തേയും പറ്റി അതിയായി പ്രശംസിക്കുന്നു. എങ്കിലും നമ്മുടെ ജീവൻ എങ്ങനെയുള്ളത് അത് ഒരു ശ്വാസം മാത്രം. അത് ഇന്നുള്ളതും നാളെ തീയിൽ ഇടപ്പെടുന്നതുമായ വയ ലിലെ പുല്ലിനോടുതുല്യം. പുതിയ കണ്ടുപിടിത്തങ്ങൾ നട ത്തി പ്രകൃതിയെ സ്വാധീനിക്കുകയും ചെയ്ത മനുഷ്യൻ മണ്ണിലേക്കു തന്നെ തിരിച്ചുപോകുന്നു. അനിത്യവും അസ്ഥി രവുമായ ഇവയുടെ മദ്ധ്യേ നിത്യനും സുസ്ഥിരനുമായ

ഒന്നുണ്ട്. അത് ക്രിസ്തുനാഥൻ മാത്രമാണ്. അവിടുന്നു മനുഷ്യജാതിയുടെ സ്ഥിരനായ മാർഗ്ഗദർശിയും മാറ്റമില്ലാത്ത ഗുരുനാഥനും നിത്യനായ രക്ഷകനും അത്രേ. നിത്യനായ ദൈവപുത്രൻ മനുഷ്യ വേഷം ധരിച്ച് ലോകത്തിൽ സഞ്ചരിച്ച കാലം അവിടുന്നു മനുഷ്യവർഗ്ഗത്തിന് ദത്തം ചെയ്ത അത്യുത്തമമായ മാതൃകാജീവിതം നോക്കുക.

ലോകത്തുള്ള പുണ്യ പുരുഷന്മാരുടെ ഏവരുടേയും സ്വഭാവത്തെ അതിശയിക്കുന്ന അതിശ്രേഷ്ടവും അതിമനോഹരവുമായ ഒരു സ്വഭാവമായിരുന്നു തനിക്ക് ഉണ്ടായിരുന്നത്. സാധാരണക്കാരും സാധുക്കളുമായ ആളുകളെ കാണുമ്പോൾ അവന് മനസ്സലിവുണ്ടായിരുന്നു. മനസ്സലിവ് എന്നതിന് ഉപയോഗിച്ചിരിക്കുന്നത്. Splagchnistheis സഹതാപത്തിലെ ഏറ്റവും വലിയ പദമാണ് ഗ്രീക്കിൽ ഇത്. രോഗികളെ കണ്ടപ്പോൾ മനസ്സലിഞ്ഞു. കുരുടനോട് മനസ്സലിവുണ്ടായി. പിശാച് ബാധിച്ചവരോട്, മറ്റുള്ളവരുടെ വേദനയിൽ മനസ്സലിഞ്ഞു. ദുഃഖിക്കുന്നവരോട് അവൻ മനസ്സലിഞ്ഞു. സ്വപുത്രന്റെ മരണത്തിൽ ദുഃഖിക്കുന്ന നയിനിലെ വിധവയെ കണ്ടപ്പോൾ അവന് മനസ്സലിഞ്ഞു. പള്ളിയിൽ കൂനിയായിരുന്ന സ്ത്രീയോട് മനസ്സലിഞ്ഞു. ഇവളുടെ രോഗത്തെക്കുറിച്ച് പറഞ്ഞപ്പോൾ രോഗം പൈശാചികമാണെന്നും കർത്താവു പറഞ്ഞു. രോഗസൗഖ്യം ദൈവദത്തമാണ്. ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ടവനായ മനുഷ്യൻ ഉയരത്തിലേക്കുനോക്കി പ്രാർത്ഥിക്കണമെന്ന് ദൈവം ആഗ്രഹിക്കുന്നു. അതിനു സമയം ലഭിക്കാതെ ഈ ലോകമാകുന്ന മണ്ണിനുവേണ്ടി കഠിനാദ്ധ്വാനം ചെയ്യുന്ന മനുഷ്യൻ കൂനിയായ സ്ത്രീയെപോലെ ആകുന്നു.

## പിറവി കുരുടനെ സൗഖ്യമാക്കിയ ഞായർ

### (സമിയോ) (മാർച്ച് 18) വി.യോഹന്നാൻ 9:1 – 41

യേശുവിന്റെ ഐഹീക ജീവിത കാലത്തു അസാധാരണമായ വിശ്വാസം പ്രകടമാക്കി യേശുവിന്റെ ശ്രദ്ധ പിടിച്ചു നിറുത്തിയ നിരവധി ആളുകളുടെ ചരിത്രം സുവിശേഷങ്ങളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. അങ്ങനെയുള്ളവരിൽ വളരെ ശ്രദ്ധേയനായ ഒരുവനാണ് ബർത്തിമായി എന്ന കുരുടൻ. യരിഹോയാണ് അവന്റെ സ്വദേശം. ജന്മനാൽ അന്ധൻ, നിർഭാഗ്യകരമായ ജീവിതം നയിച്ചുപോന്ന ഒരു യാചകൻ. എന്നാൽ തനിക്ക് അന്ധത നീങ്ങി കാഴ്ച പ്രാപിക്കാൻ ഒരു അവസരമുണ്ടായപ്പോൾ തന്റെ ഉറച്ച വിശ്വാസം പ്രായോഗികമാക്കുകയും വിടുതൽ പ്രാപിക്കുകയും ചെയ്തു എന്നതാണ് ബർത്തിമായിയുടെ സവിശേഷത. ബർത്തിമായി യേശുവിനെ കുറിച്ചു കേട്ടിരുന്നു. യേശു ആ വഴി വരുന്നു എന്ന വാർത്ത അവന്റെ ചെവിയിൽ എത്തി. യേശുവിന്റെ കാൽ പെരുമാറ്റം കേൾക്കുവാൻ അവൻ ആർത്തിയോടെ കാത്തിരുന്നു. ബർത്തിമായി പ്രതീക്ഷിച്ചിരുന്ന സുദിനം വന്നു. യേശുവിനോടുകൂടി ഒരു വലിയ പുരുഷാരം ഉണ്ടായിരുന്നു. ആരവാരം അവന്റെ ചെവിയിൽ കേൾക്കും. യേശുവിൽനിന്നും കാഴ്ചപ്രാപിക്കുന്നതിനുള്ള സന്ദർഭമാണ്. അവൻ നിലവിളിക്കുവാൻ തുടങ്ങി. യേശുവേ, ദാവീദ് പുത്രാ എന്നോടു കരുണയുണ്ടാകണമേ. യേശുവിന്റെ കുരിശുമരണത്തിനു മുമ്പുള്ള അവസാനത്തെ യാത്രയാണ്. പിന്നീട് ആ വഴി വന്നിട്ടില്ല. "യഹോവയെ കണ്ടെത്താവുന്ന നാളിൽ അവനെ അന്വേഷിക്കുക. അവൻ അടുത്തിരിക്കുമ്പോൾ അവനെ വിളിച്ചപേക്ഷിക്ക." നാം സുവിശേഷം കേൾ ക്കുന്ന ഓരോ സന്ദർഭവും രക്ഷയും വിടുതലും പ്രശ്നങ്ങൾക്കു പരിഹാരവും പ്രാപിക്കുവാൻ കഴിയുന്ന അവസരമാണ്. യേശുവിനു മാത്രമെ അവനെ സഹായിക്കുവാൻ കഴിയുകയുള്ളു എന്നു അവനെ മനസ്സിലാക്കി. അവൻ നിലവിളി തുടർന്നു. അവർ അവനെ വിലക്കി. എങ്കിലും അവൻ ലജ്ജ കൂടാതെ അധികം ഉച്ചത്തിൽ വിളിച്ചു. യേശുവിൽ വിശ്വസിക്കുന്നതിനെയും തടസ്സപ്പെടുത്തുവാൻ നിരവധി ആളുകൾ ശ്രമിച്ചേക്കാം. നമുക്ക് കർത്താവിന്റെ കരുണ പ്രാപിപ്പാനുള്ള ഒരേയൊരു മാർഗ്ഗം വിശ്വാസമാണ്. വിശ്വാസത്താൽ അത്ഭുതങ്ങൾ സംഭവിക്കും.

ദൈവജനത്തിനുവേണ്ടി ചെങ്കടൽ വിഭജിച്ചതും യോർദ്ദാൻ നദി വറ്റിച്ചതും, സൂര്യചന്ദ്രന്മാരേ നിശ്ചലമാക്കിയതും. അവരുടെ വിശ്വാസം നിമിത്തമത്രേ.

അഖിലാണ്ഡത്തിന്റെ സ്രഷ്ടവായ കർത്താവത്രേ സാധു കുരുടന്റെ നിലവിളി കേട്ടു നിൽക്കുകയും അവനെ വിളിക്കുകയും ചെയ്യുന്നത്. ആവശ്യക്കാരനെ യേശു വിളിക്കുന്നു. അദ്ധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരും ആയുള്ളോരെ എല്ലാവരും എന്റെ അടുക്കൽ വരുവീൻ ഞാൻ നിങ്ങളെ ആശ്വസിപ്പിക്കാം. യേശുവിന്റെ വിളികേട്ട നിമിഷത്തിൽ ബർത്തിമായി ചാടി എഴുന്നേറ്റു. അതുവരെ പുതച്ചിരുന്ന പുതപ്പ് അവൻ എറിഞ്ഞു കളഞ്ഞു. സകല ഭാരവും മുറുകെപ്പറ്റുന്ന പാപവും വിട്ടു നമുക്ക് മുമ്പിൽ വച്ചിരിക്കുന്ന ഓട്ടം സ്ഥിരതയോടെ ഓടുക എന്നു നാം വായിക്കുന്നുവല്ലോ. കർത്താവിന്റെ അടുക്കൽ ചെല്ലുവാൻ നമ്മേ തടസ്സപ്പെടുത്തുന്ന സകലത്തേയും ഉപേക്ഷിക്കുക. യേശു അവനോട് ഞാൻ നിനക്ക് എന്തു ചെയ്തു തരേണം എന്നു ചോദിച്ചു. എനിക്ക് കാഴ്ച പ്രാപിക്കണം എന്ന് അവനോടു പറഞ്ഞു. മറ്റെന്തല്ലാം ആവശ്യങ്ങൾ അവനുണ്ടെങ്കിലും അന്ധനു കാഴ്ചയേക്കാൾ വലിയ മറ്റൊരു ആവശ്യവുമില്ല. യേശു ഉടനെ മറുപടി നല്കി നിന്റെ വിശ്വാസം നിന്നെ രക്ഷിച്ചിരിക്കുന്നു. ബർത്തിമായുടെ വിശ്വാസം യേശുവിന്റെ മനസ്സലിവിനേയും വാഗ്ദാനങ്ങളേയും മുറുകെ പിടിച്ചപ്പോൾ അവനു കാഴ്ച ലഭിച്ചു. യേശുവിനെ ആദ്യം ദർശിച്ചു. ●

## സംയുക്ത പ്രാർത്ഥനായോഗം

**ക്നായിത്തോമാ പ്രയർ ഫെലോഷിപ്പിന്റെ ഫെബ്രുവരി മാസം പ്രാർത്ഥനാ യോഗവും കോട്ടയം സെന്റ് മേരീസ് ക്നാനായ വലിയ പള്ളിയുടെ നോമ്പുകാല പ്രാർത്ഥനായോഗവും സംയുക്തമായി 25-02-2018 ഞായർ വൈകുന്നേരം 5.45-ന് കോട്ടയം വലിയ പള്ളി ഇടവകയിൽ കൊക്കരവാലയിൽ ശ്രീ. ഷിബു തോമസിന്റെ പൂവൻതുരുത്ത് ഗവ. എൽ.പി. സ്കൂളിനു സമീപമുള്ള ഭവനത്തിൽ നടത്തപ്പെടുന്നു. റവ. ഫാ. രാജൻ ഏബ്രഹാം കുളമട മുഖ്യ സന്ദേശം നൽകുന്നതാണ്.**



# കർത്താവിന്റെ മലർവാടി

***പിയപ്പെട്ട കുഞ്ഞനുജന്മാരെ, കുഞ്ഞനുജത്തിമാരെ,***

സുഖങ്ങളും സൗകര്യങ്ങളും വർദ്ധിക്കുമ്പോൾ പഴയ കാലത്തെ ദാരിദ്ര്യവും അവസ്ഥയും മറന്നു പോകുന്നവരാണ് ഏറെയും. അത് ഒരളവുവരെ നല്ലതുമാണ് എന്നാൽ തങ്ങൾ എന്തായിരുന്നുവെന്നും എങ്ങനെയാണ് ഇവിടെവരെ എത്തിയെന്നുപോലും മറന്ന് അഹങ്കാരം കാണിക്കുന്നവരെ ധാരാളം കണ്ടിട്ടുണ്ട്.

ഒരിക്കൽ ഒരു രാജാവ് തന്റെ കുതിരപ്പുറത്ത് ഗ്രാമത്തിലുള്ള ഒരു വഴിയിലൂടെ സഞ്ചരിക്കുകയായിരുന്നു. കുറെ ദൂരം ചെന്നപ്പോൾ ഒരു സ്ത്രീ കീറിപറിഞ്ഞ വസ്ത്രങ്ങളുമായി കൈയ്യിൽ ഒരു ഭാണ്ഡവും പേറിക്കൊണ്ട് കൃഷിയിടത്തിലൂടെ എന്തൊ ചികഞ്ഞുകൊണ്ട് നടക്കുന്നതു കണ്ടു. ആ സാധു സ്ത്രീയോട് രാജാവിന് സഹതാപം തോന്നി രാജാവ് അവളുടെ അടുക്കൽ എത്തി അവളുടെ ദാരിദ്ര്യവും ദീനതയുംകണ്ട് അവളെ സഹായിക്കണമെന്നു തീരുമാനിച്ചു. "നീ എന്താണ് ചെയ്യുന്നത്" എന്ന് രാജാവ് ചോദിച്ചു. അവൾ രാജാവിനോട് പറഞ്ഞു ഞാൻ ഉരുളക്കിഴങ്ങ് കൃഷി ചെയ്ത ഈ തോട്ടത്തിൽ കർഷകർ മാന്തിയെടുത്ത ശേഷം അവശേഷിക്കുന്ന ചെറിയ ഉരുളക്കിഴങ്ങുകൾ എന്റെ കൈവശം ഉള്ള ഈ പാരക്കോൽ ഉപയോഗിച്ച് തോണ്ടിയെടുത്ത് ഈ ചെറിയ സഞ്ചിയിൽ ശേഖരിക്കുകയാണ്. രാജാവിന് അവളോട് ദൈന്യത തോന്നി. അവളോട് നാളെ കൊട്ടാരത്തിലേക്ക് വരുവാൻ കല്പിച്ചു.

രാജകല്പനയനുസരിച്ച് അവൾ പിറ്റേന്ന് കൊട്ടാരത്തിലെത്തി. രാജാവ് സേവകരോട് അവളുടെ ഭാണ്ഡവും പാരക്കോലും വാങ്ങി സൂക്ഷിച്ചു വയ്ക്കുവാൻ കല്പിച്ചിട്ട് അവൾക്ക് രാജകൊട്ടാരത്തിലെ അടുക്കളയുടെ ചുമതല നൽകി.

വർഷങ്ങൾ ചിലത് കഴിഞ്ഞ് ആ സ്ത്രീ പഴയ തന്റെ ജീവിതവും അവസ്ഥയുമൊക്കെ മറന്നുപോയി. ഒരിക്കൽ രാജകൊട്ടാരത്തിൽ ഒരു കർഷകൻ അയാളുടെ കൃഷിയിടത്തിൽനിന്നും മേൽത്തരമായ കുറെ ഉരുളകിഴങ്ങുകൾ രാജസന്നിധിയിൽ സമർപ്പിച്ചു. രാജാവ് അവളെ വിളിച്ച് ഈ ഉരുളക്കിഴങ്ങുകൾ അടുക്കളയിൽ കൊണ്ടുപോയി ഉച്ചയ്ക്ക് തനിക്ക് ഭക്ഷണത്തിന് വിളമ്പുവാൻ കൽപിച്ചു.

ഉരുളക്കിഴങ്ങുകൾ കൈയ്യിലെടുത്തുകൊണ്ട് അഹങ്കാരം മുഴുത്ത ആ സ്ത്രീ രാജാവിനോട് ഇങ്ങനെ ചോദിച്ചു. "പ്രഭോ, ഈ കിഴങ്ങുകൾ ചെടിയുടെ തണ്ടിന്മേലാണോ, ഇലയിന്മേലാണോ ഉണ്ടാകുന്നത്?'' രാജാവിന് കോപമടയ്ക്കാൻ കഴിഞ്ഞില്ല ഒരിക്കൽ ഉരുളക്കിഴങ്ങ് മാന്തി പെറുക്കി ജീവിച്ച അവളുടെ അഹങ്കാരം കണ്ടില്ലേ? എത്ര പെട്ടെന്നാ ണ് അവൾ തന്റെ അവസ്ഥയെല്ലാം മറന്ന് അഹങ്കരിച്ചത്. രാജാവ് സേവകരോട് പറഞ്ഞ് "കുറച്ചുനാൾ മുമ്പ് ഇവളിൽനിന്നും വാങ്ങി സൂക്ഷിച്ച അവളുടെ പാരക്കോലും ഭാണ്ഡവും എടുത്തുകൊണ്ടുവരിക' അത് അവളുടെ കൈയ്യിൽ കൊടുത്തിട്ട് പറഞ്ഞു നീ കൊട്ടാരത്തിൽനിന്ന് പുറത്ത് പോകുക. എന്നിട്ട് ഉരുളക്കിഴങ്ങുകൾ തണ്ടിന്മേലാണോ ഇലയിന്മേലാണോ ഉണ്ടാകുന്നത് എന്ന് കണ്ടുപിടിക്കുക."

പ്രിയപ്പെട്ട കൂട്ടുകാരെ ചില ആളുകൾ ആ സ്ത്രീയെപ്പോലെയാണ് അല്പം സൗകര്യങ്ങളും സമ്പത്തും സുഖവും സ്ഥാനമാനങ്ങളും ഒക്കെ ലഭിച്ചു കഴിഞ്ഞാൽ തങ്ങൾ മുമ്പ് ആരായിരുന്നുവെന്നും എപ്രകാരമാണ് ഈ സ്ഥിതിയിൽ എത്തിച്ചേർന്നത് എന്നും പെട്ടെന്ന് മറന്നു പോകും. അഹന്തയും ആഡംബരവും കാണിച്ച് മറ്റുള്ളവരെ നിന്ദിക്കുകയും പൊങ്ങച്ചം കാണിച്ച് മറ്റുള്ളവരുടെ മുമ്പിൽ ആളാകാൻ നോക്കുകയും ചെയ്യും. പക്ഷെ ഇതെല്ലാം നൽകയും കണ്ടുകൊണ്ടിരിക്കുകയും ചെയ്യുന്ന ദൈവം അധികം താമസിയാതെ അവരെ മറിച്ചിടുകയും ചെയ്യും. "Pride comes before falls" എന്നു കേട്ടിട്ടില്ലേ. അതുകൊണ്ട് നമ്മുടെ പൂർവ്വസ്ഥിതിയെ മറക്കാതെ നാം എത്ര ഉയർന്നാലും വിനയാന്വിതരായിരിക്കുക.

ഒത്തിരി സ്നേഹത്തോടെ

നിങ്ങളുടെ കൊച്ചിച്ചാച്ചൻ


## ബാംഗ്ലൂരിൽ താമസ സൗകര്യം

**Bangalore, Hennur St. Mary's Knanaya Syrian** പള്ളിയോട് ചേർന്ന് ആധുനിക സൗകര്യങ്ങളോടുകൂടിയ **Guest Room** മിതമായ നിരക്കിൽ ആവശ്യക്കാർക്ക് നൽകുന്നതാണ്. **Bangalore** ൽ വിവിധ ആവശ്യങ്ങൾക്കായി വരുന്നവർക്ക് ഇത് ഏറെ പ്രയോജനം ചെയ്യുന്നതാണ്. കൂടുതൽ വിവരങ്ങൾക്ക് ബന്ധപ്പെടുക.

**Vicar: + 918762592382**
**Trustee: +919538577355**
**Secretary: +919844082280**
**Vicar Fr. Jinu Mathew**

## കാവാലം സെന്റ് ജോർജ്ജ് ക്നാനായ പള്ളിയുടെ മൂറോൻ കൂദാശ ഡിസംബർ 10, 11 തീയതികളിൽ നടന്നു













## വിവാഹിതരായി

കോട്ടയം സെന്റ് മേരീസ് ക്നാനായ വലിയപള്ളി ഇടവകയിൽ കോതമംഗലത്ത് താമസിക്കുന്ന ഡോ. ബാബു കുര്യന്റെയും ആൻസം ബാബുവിന്റെയും മകൻ **ബൺന്റി ബാബുവും** ചെങ്ങളം സെന്റ് മേരീസ് സെഹിയോൻ പള്ളി ഇടവകയിൽ കുന്നത്തിൽ ഷാജി ഏബ്രഹാമിന്റെയും മിനി ഏബ്രഹാമിന്റെയും മകൾ **സോനു ഷാജിയും** തമ്മിലുള്ള വിവാഹം 2017 നവംബർ 18–ാം തീയതി അഭിവന്ദ്യ കുര്യാക്കോസ് മാർ സേവേറിയോസ് വലിയ മെത്രാപ്പോലീത്തായുടെ മുഖ്യ കാർമ്മികത്വത്തിൽ കോട്ടയം സെന്റ് മേരീസ് ക്നാനായ വലിയ പള്ളിയിൽ നടത്തപ്പെട്ടു.

Advt - O

# ST. MARY'S KNANAYA PRAYER GROUP, RIYADH, K.S.A

## MANAGING COMMITTEE - 2018

**PRAYER GROUP LEADER**



**BENNY UTHUPPAN**
Edasseriath, Kuttoor
Contact No: 00966 502908024

**PRESIDENT**



**ABRAHAM KURIAKOSE**
Pattambalathu, Thuruthicadu
Contact No: 00966 501087883

**SECRETARY**



**SUNIL IDICULA**
Kottamkuzhiyil, Mannar

**TRUSTEE**



**BAIJU CHACKO**
Valayanattu, Mannamaruthi

**SUNDAYSCHOOL HEADMASTER**



**JOSE KURIAN**
Thyparambil, Venpala

## COMMITTEE MEMBERS

**AUDITOR**



**SAJO MATHEW**
Alappattu, Ranny



**MANU MATHEW**
Pazhayapeedikayil karakkattu, Kallissery



**SIBU KURIAN**
Panickasseriyil, Chingavanam



**ANIL JACOB**
Vazhackal, Ranny



**JOMON K. SCARIA**
Kattadiyil, Neelamperoor



**MANOJ M KURIAKOSE**
Vaniyapurackal, Eara



ക്നാനായ സമുദായത്തിന് വേണ്ടി കൊടുങ്ങല്ലൂരിൽ സ്ഥലം മേടിക്കാനുള്ള അഡ്വാൻസ് **Sobit** എന്ന ഉടമയ്ക്ക് ട്രസ്റ്റി സ്കറിയ തോമസ് **Ex. MP** കൊടുക്കുന്നു. സെക്രട്ടറി ടി. ഒ. ഏബ്രഹാം തോട്ടത്തിൽ, ബിനു കുരുവിള കല്ലേമണ്ണിൽ, പ്രിൻസ് ഏബ്രഹാം തേക്കുംമൂട്ടിൽ, പുന്നൂസ്കുട്ടി നന്ത്യാട്ട് എന്നിവർ സമീപം.

Advt - O

# വിവാഹിതരായി



ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളി ഇടവകയിൽ വാലയിൽ കുഞ്ഞുമോൻ ഏബ്രഹാമിന്റെയും ഏലിയാമ്മയുടെയും മകൻ **Aju** വും ഇരവിപേരൂർ സെന്റ് മേരീസ് പള്ളി ഇടവകയിൽ മണ്ണാട്ട് ബാബു ജോസഫിന്റെയും കുഞ്ഞുഞ്ഞമ്മയുടെയും മകൾ **Tissa** യും തമ്മിലുള്ള വിവാഹം 2018 ജനുവരി 8 –ാം തീയതി അഭിവന്ദ്യ മാത്യൂസ് മോർ അപ്രേം മെത്രാപ്പോലീത്താ യുടെ കാർമ്മികത്വത്തിൽ ചിങ്ങവനം സെന്റ് മേരീസ് ശാലേം പള്ളിയിൽ നടത്തപ്പെട്ടു.

Advt - O

## 50 – ാം വിവാഹവാർഷികം
04 – 02 – 2018



**എം. സി. ഏബ്രഹാം (അവറാച്ചൻ) & അമ്മിണി ഏബ്രഹാം**

മാവുങ്കൽ, പുല്ലൂപ്രം, റാന്നി

"ഇത്രത്തോളം യഹോവ സഹായിച്ചു.
ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി ദൈവത്തിനു സ്തോത്രം"

ആശംസകളോടെ
*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*

Advt - O



## 2-ാം ചരമവാർഷികം



**കെ. പി. തോമസ് (തോമാച്ചൻ)**

കൊണ്ടൂർ

മാതാ എഞ്ചിനീയറിംഗ് വർക്സ് , ചിങ്ങവനം

Advt - O



KNANAYA WEDDINGS.COM

# ക്നാനായ വെഡ്ഡിംഗ്സ്

**ക്നാനായ കല്യാണങ്ങൾ നിങ്ങളുടെ വിരൽത്തുമ്പിൽ**

info@knanayaweddings.com | knanayaweddings@gmail.com
www.knanayaweddings.com

എറണാകുളം
+91 7025422 022 / 70254 22011
ചിങ്ങവനം +91 94461 46000

Advt - O



## 15th Death Anniversary

19th March 2018



Chaluvelil P. Mathew

## 1st Death Anniversary

13th February 2018



Mariamma Mathew

പ്രാർത്ഥനയിൽ മേന്മേൽ എന്നെ ഓർപ്പീൻ
എന്നെ മറന്നീടാൻ ഇടയാകരുതെ

Sorrowing Family

Advt - O

## 1 – ാം ചരമവാർഷികം

10 – 02 – 2018



## എം. എസ്. ജോസഫ്

തറയിൽ മുളയ്ക്കാംചിറ, ചിങ്ങവനം

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - O

## 3 – ാം ചരമ വാർഷികം

19 – 03 – 2018

## 10 – ാം ചരമ വാർഷികം

26 – 02 – 2018



ചിന്നമ്മ ജോർജ്ജ്    ചാക്കോളതുപ്പാൻ

നെടുവേലിൽ, മടന്തമൺ, റാന്നി

"നിന്റെ മഹത്വമുദിക്കും നാൾ
നിൽക്കണമിവർ വലഭാഗത്തിൽ"

സന്തപ്ത കുടുംബാംഗങ്ങൾ

Advt - S

## 25 – ാം ചരമവാർഷികം

23 – 02 – 2018

## 41 – ാം ചരമവാർഷികം

09 – 12 – 2017



വി. സി. കുറിയാക്കോസ്   ശോശാമ്മ കുറിയാക്കോസ്

വടാമറ്റം, ഇറഞ്ഞാൽ

*സന്തപ്ത മക്കൾ*

Advt - O

## 2nd Death Anniversary

12-02-2018



## Achukutty Kurian (Mol)

## Mattapallil, Ranni

By Sorrowing Family

Advt - O

---

